ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജനുവരി 2003

ചരകത്തിലൂടെ

രാത്രിയിൽ തിലം

നിംബനിലവാകാദി കഷായം

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സുഖസൗധാകം

വിമർശനം

ഭാരതീയ വൈദ്യസംവാദം

**ജനുവരി 2003**

**പ്രസാധനം**

▼

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി
തൃശൂർ - 680 307

**പത്രാധിപസമിതി**

▼

ഡോ. കെ. മുരളി
ഡോ. കെ. മഹേഷ്മേനോൻ
ഡോ. കെ. മുത്തുലക്ഷ്മി
ഡോ. ശശി കൈമൾ
ഡോ. മനോജ് ശർമ്മ

**എഡിറ്റർ**

▼

ഡോ. എം. പ്രസാദ്

**ഡി.ടി.പി. & പ്രിന്റിംഗ്**

▼

ഐമാക്ക് ക്രിയേഷൻസ്,
തൃശൂർ-1

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്
ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്

---

**ചരകത്തിലൂടെ** 6
വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപാട്

**രാത്രിയിൽ തിലം** 79
ഡോ. ജെറോം വി. കുര്യൻ

**നിംബനിലവാകാദി കഷായം** 84
ഡോ. സി.കെ. കൃഷ്ണൻനായർ

**പഠനക്കുറിപ്പുകൾ** 87
ഡോ. കെ. മുരളി

**സംഭാഷണങ്ങൾ** 87

**സുഖസൗധകം** 117
ഡോ. പ്രസാദ് എം.

**വിമർശനം** 121

# മുഖക്കുറിപ്പ്

## ആപ്തത്വം ആർജ്ജിക്കുവാൻ

*ആപ്തൻ എന്ന പദം പലപ്പോഴും വേണ്ടത്ര വ്യക്തതയോടെ മനസ്സിലാക്കപ്പെടാറില്ല. രജസ്തമസ്സുകൾ സത്വത്തിന്നധീനങ്ങളായിരിക്കുകയും തന്നിമിത്തമായി നിരുപാധികമായ സത്യാന്വേഷണം സാധ്യമാകുകയും കൊണ്ട് യഥാർത്ഥ വേത്താക്കളും യഥാർത്ഥ വക്താക്കളും ആയവരാണ് ആപ്തന്മാർ. മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും തെളിമ അവരെ കൂടുതൽ സംവേദനക്ഷമരാക്കുകയും അങ്ങനെ സൂക്ഷ്മതരങ്ങളായ നിരീക്ഷണങ്ങൾക്കും തിരിച്ചറിവുകൾക്കും അവർക്ക് പ്രാപ്തി കൈവരിക്കുകയും ചെയ്യുന്നു. ആ സംവേദനതലങ്ങൾ സാധാരണന്മാർക്ക് പ്രാപ്യങ്ങളല്ല. ആ ഉള്ളവറിവുകൾ ദിക്കാലദേശങ്ങളാൽ ബാധിക്കപ്പെടുന്നവയുമല്ല. എന്നാൽ ആപ്തൻ എന്നതിന് പുരാതനനെന്നോ ഋഷിയെന്നോ ആപ്തവാക്യമെന്നതിന് ഋഷിപ്രോക്തമെന്നോ അർത്ഥകൽപനകളില്ല. ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേകവിഷയത്തെക്കുറിച്ച് അതുവരേയ്ക്കും നേടിയെടുത്ത മുഴുവൻ അറിവുകളുടേയും യഥാർത്ഥമായ രേഖപ്പെടുത്തലാണ് ആപ്തവാക്യം. ലൗകികരെ സംബന്ധിച്ച് ഏതു വിഷയത്തിലായാലും സമ്യഗ്ജ്ഞാനമുണ്ടായിരിക്കുകയും ആ വിഷയത്തിൽ രാഗദ്വേഷങ്ങളില്ലാതിരിക്കുകയും ചെയ്യുന്നത് ആപ്തത്വമാണ് എന്ന് ചക്രപാണി വ്യാഖ്യാനിക്കുന്നു.*

*ആയുർവേദം അംഗീകരിക്കുന്ന നാലു പ്രമാണങ്ങളിൽ ആദ്യത്തേത് ആപ്തോപദേശം ആണ്. ഇതിന് ശാബ്ദം, ആഗമം എന്നും പേരുക*

ളുണ്ട്. ഈ പശ്ചാത്തലത്തിലാണ് ആപ്തനാര് എന്നത് പ്രസക്തിയുള്ള അന്വേഷണമാകുന്നത്. ആപ്തോപദേശമെന്നത് ഗ്രന്ഥോക്തികളാണെന്നും ഇവ അവസാനവാക്കുകളാകയാൽ ഇവയിൽ നിന്നും മാറിനിന്നുകൊണ്ടുള്ള അന്വേഷണങ്ങൾ ആയുർവേദത്തിൽ അനുവദനീയങ്ങളല്ലെന്നും തോന്നിപ്പിക്കും വിധത്തിൽ പ്രചാരണങ്ങളുണ്ടാകാറുണ്ട്. എന്നാൽ ആപ്തന്മാരെക്കുറിച്ച് ചരകാചാര്യൻ നൽകുന്ന വിശദീകരണം ഇത്തരമൊരു സംശയത്തിന്റെ സാധ്യതപോലും ഇല്ലാതാക്കുന്നതാണ്. ഗ്രന്ഥങ്ങളെ ആപ്താഗമങ്ങളായി അംഗീകരിക്കുമ്പോൾ തന്നെ വേദാർത്ഥങ്ങൾക്ക് (വേദത്തിനല്ല എന്നത് പ്രത്യേകം ശ്രദ്ധേയം) വിപരീതമല്ലാത്തവിധം പരീക്ഷകന്മാരാൽ പരീക്ഷിക്കപ്പെട്ട്, അഭിജ്ഞന്മാരാൽ അംഗീകരിക്കപ്പെട്ട, ലോകോപകാരത്തിനുതകുന്ന മറ്റുവചനങ്ങളും പ്രമാണങ്ങൾ തന്നെ എന്നു പറയുമ്പോൾ സ്വച്ഛവും സ്വതന്ത്രവുമായ ശാസ്ത്രാന്വേഷണങ്ങൾക്ക്, അവയിലൂടെ എത്തിപ്പെടുന്ന അറിവുകൾക്ക് എല്ലാ വഴികളും തുറന്നിടുകയാണ് ആചാര്യൻ. ശാസ്ത്രം ശബ്ദരൂപമല്ല അർത്ഥരൂപമാണ് എന്നതും ഇവിടെ അടിവരയിടപ്പെടുന്നു. ആപ്തോപദേശത്തെ പ്രഥമ പ്രമാണമായി അംഗീകരിക്കുമ്പോൾ ശാസ്ത്രാർത്ഥങ്ങളിലൂടെ പുത്തൻ യാത്രകൾ നടത്തുവാനും അന്വേഷണങ്ങളുടെ പരിധികളെ മറികടക്കുവാനും ആഹ്വാനം നൽകുകയാണ് ചെയ്യുന്നത്. ഈ ലക്കത്തിലെ "ചരകത്തിലൂടെ" എന്ന ചരകപര്യടനത്തിൽ, പതിനൊന്നാം അധ്യായത്തിൽ ഈ വക വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു. പഠിതാക്കളുടെ ശ്രദ്ധ ഇതിൽ പതിയുമെന്നും ഇതവരെ കൂടുതൽ ആഴത്തിലുള്ള മനനങ്ങൾക്കായി പ്രചോദിതരാക്കുമെന്നും പ്രതീക്ഷിക്കുന്നു.

എഡിറ്റർ

# മഹാചതുഷ്പാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപാട് *

ചതുഷ്പാദം ഷോഡശകലമിതി ഭിഷജോ ഭാഷന്തേ യദുക്തം പൂർവ്വാധ്യായേ ഷോഡശഗുണമിതി തദ്ഭേഷജം യുക്തിയുക്തമലമാരോഗ്യായേതി ഭഗവാൻ പുനർവസുരാത്രേയ :

പൂർവ്വാധ്യായേ (ഖുഡ്ഡാകചതുഷ്പാദമെന്ന മുൻപിലത്തെ അധ്യായത്തിൽ) ഷോഡശഗുണം ഇതി യദ് ഭേഷജം ഉക്തം (പതിനാറു ഗുണങ്ങളോടുകൂടിയത് എന്നു പറയപ്പെട്ടുവോ) ചതുഷ്പാദം ഷോഡശകലം ഭേഷജം ഇതി ഭിഷജഃ ഭാഷന്തേ (നാലുപാദങ്ങളോടും പതിനാറുകലകളോടും കൂടിയത് എന്നു ഭിഷക്കുകൾ പറയുന്നുവോ) തദ്ഭേഷജം യുക്തിയുക്തം ആരോഗ്യായ അലം ഇതി (ആ ഭേഷജം യുക്തിയ്ക്കുതക്കവണ്ണം യുക്തമായാൽ ആരോഗ്യത്തിനുമതിയാകുന്നുവെന്നു) ഭഗവാൻ ആത്രേയ: ബ്രൂതേ (ഭഗവാനായ ആത്രേയൻ പറയുന്നു).

ഒരു ചർച്ചയുടെ ശൈലിയിലാണു ഇവിടെ വിഷയത്തെ വിശദീകരിയ്ക്കുന്നത്. ആചാര്യൻ ഒരു വിഷയത്തെ അവതരിപ്പിക്കുന്നു. ശിഷ്യൻ, ആ വിഷയത്തിലുള്ള സംശയത്തെ പൂർവ്വപക്ഷമായി, പക്ഷഭേദമായി ഉന്നയിക്കുന്നു. അതിനു സമാധാനമായി ആശയത്തെ വിശദീകരിച്ചുകൊണ്ടു നിഗമനത്തെ ആവിഷ്ക്കരി

ക്കുന്നു. എങ്ങനെ ചർച്ച നടത്തണമെന്ന് ചരകം വിമാനസ്ഥാനം 8-ാം അധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ഭേഷജം ഭിഷക്കിന്റെ കർമ്മം, ചികിത്സിതം. അതിന് വൈദ്യൻ, പരിചാരകൻ, ഔഷധം, രോഗി എന്നു നാലു പാദങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ഓരോ പാദത്തിനും പൂർണതയ്ക്ക് നാലുഗുണങ്ങളും പറയപ്പെട്ടു. എങ്ങനെ ചികിത്സിതത്തിന്റെ പൂർണതയ്ക്കു പതിനാറു ഗുണങ്ങളും പറയപ്പെട്ടിരിക്കുന്നു. പതിനാറിലൊരു ഭാഗത്തെ കലയെന്നും പറയും. ചന്ദ്രന്നു പതിനാറു കലകളാണല്ലോ. യുക്തിയോടു യുക്തമാകണം ചികിത്സിതം. ചികിത്സ സഫലമാകണമെങ്കിൽ യുക്തിയുക്തമാകണം. അറിവിനെ സന്ദർഭത്തിൽ യോജിപ്പിക്കുന്നതിനെയാണു യുക്തിയെന്നു പറയുന്നത്. യുക്തി എന്നതിനു പ്രവൃത്തിയെന്നു അർത്ഥം പറഞ്ഞിരിക്കുന്നു. ഏതു അറിവും പ്രയോഗിക്കപ്പെടുമ്പോഴേ പ്രയോജനമുണ്ടാവുകയുള്ളൂ. യുക്തിക്കു ഔചിത്യമെന്നും താൽപര്യമുണ്ട്. പ്രയോഗം ഔചിത്യത്തോടുകൂടിയിരിക്കുകയും വേണം. അതു പൂർവ്വാധ്യായത്തിൽ പറയപ്പെട്ടിട്ടുണ്ട്. വന്ന രോഗത്തെ ശമിപ്പിച്ചുകൊണ്ടും രോഗം വരാതെ ശ്രദ്ധിച്ചുകൊണ്ടുമാണ് ആരോഗ്യത്തെ സാധിയ്ക്കേണ്ടത്. രോഗത്തെ ശമിപ്പിയ്ക്കുന്ന വിഷയം ആതുരവൃത്തവും രോഗം വരാതെ ശ്രദ്ധിയ്ക്കുന്ന വിഷയം സ്വസ്ഥവൃത്തവുമാകുന്നു. ആതുരവൃത്തത്തിൽ എന്ന പോലെ സ്വസ്ഥവൃത്തത്തിലും ഔഷധത്തിനും, പരിചാരകനും, രോഗിയ്ക്കും പ്രസക്തി ഉണ്ട്. ആർക്കുരോഗം വരാതെ ശ്രദ്ധിയ്ക്കേണമോ, അയാളാണു സ്വസ്ഥവൃത്തത്തിൽ രോഗി. എന്തു ഹിതം എന്തു അഹിതം എന്നുപദേശിയ്ക്കുന്നതിനു, സംശയം തീർക്കുന്നതിനു ഭിഷക് ഒഴിച്ചുകൂടാത്തതാണ്. സ്വസ്ഥനെ ഭിഷക്പരിപാലിതനെന്നും യാദൃച്ഛികനെന്നും വിശേഷിപ്പിക്കാറുണ്ട്. ഭിഷക്കിന്റെ ഉപദേശമനുസരിച്ചു കാര്യാകാര്യങ്ങളെ മനസ്സിലാക്കി, ജീവിതത്തെ ചിട്ടപ്പെടുത്തി ആരോഗ്യത്തെ അനുഭവിക്കുന്നവനാണ് ഭിഷ്ക്പരിപാലിതൻ. യാദൃച്ഛികന്, വ്യക്തിപരമായി ഉപദേശിയ്ക്കപ്പെടുന്നില്ലെങ്കിലും ആചാരസമ്പന്നമായ കുടുംബത്തിൽ യോഗ്യരായ മാതാപിതാക്കളുടെ സന്താനമായി ജനിയ്ക്കുന്നവന്ന്, സഹജമായിത്തന്നെ ഹിതചര്യ സിദ്ധമാകുന്നു. ആരോഗ്യവും സിദ്ധമാകുന്നു. എങ്കിലും സംശയനിവാരണത്തിനും മറ്റും ഭിഷക്കിന്റെ ഉപദേശം ആവശ്യമാകുന്നു. സ്വസ്ഥനെ സംബന്ധിച്ച് ഔഷധം ആഹാരമാകുന്നു. മഹാഭൈഷജ്യമെന്ന്, ഔഷധങ്ങളിൽ വെച്ചു ഔഷധമെന്നു ആഹാരം പ്രകീർത്തിയ്ക്കപ്പെട്ടിട്ടുണ്ട്. ആഹാരപാകാദികളെ സംബന്ധിച്ച് പരിചാരകനും പ്രസക്തനാണല്ലോ. അങ്ങനെ ആരോഗ്യത്തെ സംബന്ധിച്ചും രോഗത്തെ സംബന്ധിച്ചും, ഒന്നുണ്ടാകാനും, ഒന്നുണ്ടാകാതിരിക്കാനും

ഉണ്ടായാൽ ശമിക്കുന്നതിന്നും ചതുഷ്പാദസമ്പന്നമായ ചികിത്സിതത്തിന്റെ ജ്ഞാനവും പ്രവൃത്തിയും ഒഴിച്ചുകൂടാത്തതാകുന്നു. ആയുർവേദം ഏതുതരത്തിലുള്ള ആളേ സംബന്ധിച്ചും ഒഴിച്ചുകൂടാത്തതാകുന്നു. പൂർവ്വാധ്യായം ഖുഡ്ഡാകചതുഷ്പാദമാകുന്നു. ഖുഡ്ഡാകം ചെറുത്. ഈ അധ്യായം മഹാചതുഷ്പാദമാകുന്നു, മഹത്ത്വലുത്. പൂർവ്വാധ്യായത്തെ സംബന്ധിച്ചു അധികം വിഷയങ്ങളെ ചർച്ചചെയ്തിരിക്കുകകൊണ്ട് മഹത്വം ഉപപന്നമാകുന്നു.

നേതി മൈത്രേയഃ / കിം കാരണം ? / ദൃശ്യന്തേ ഹ്യാതുരാഃ കേചിദുപകരണവന്തഃ പരിചാരകസമ്പന്നാശ്ചാത്മവന്തശ്ച കുശലൈശ്ച ഭിഷഗ്ഭിര നുഷ്ഠിതാ : സമുത്തിഷ്ഠമാനാ : / തഥായുക്താശ്ചാപരേ മ്രിയമാണാ : / തസ്മാദ്ഭേഷജമകിഞ്ചിൽക്കരം ഭവതി / തദ്യഥാ - ശ്വഭ്രേസരസി ച പ്രസിക്തമല്പമുദകം നദ്യാം വാ സ്യന്ദമാനായാം പാംസുധാനേ വാ പാംസുമുഷ്ടി : പ്രകീർണ ഇതി / തഥാപരേ ദൃശ്യന്തേനുപകരണാശ്ചാപരിചാരകാശ്ചാനാത്മവന്തശ്ചാ കുശലൈശ്ച ഭിഷഗ്ഭിരനുഷ്ഠിതാഃ സമുത്തിഷ്ഠമാനാഃ / തഥായുക്താ മ്രിയമാണാശ്ചാപരേ / യതശ്ച പ്രതികുർവ്വൻ സിധ്യതി / അപ്രതികുർവൻ മ്രിയതേ / തതശ്ചിന്ത്യതേ ഭേഷജമഭേഷജേനാവിശിഷ്ടം //

മൈത്രേയ : ന ഇതി (മൈത്രേയൻ അങ്ങനെയല്ല എന്നു പറഞ്ഞു. ആ അഭിപ്രായം അനുഭവത്തിന്നു യോജിയ്ക്കുന്നില്ല എന്നു താൽപര്യം) കിം കാരണം (അങ്ങനെ പറയുന്നതിനു എന്താണു കാരണം എന്നാണെങ്കിൽ) കേചിത് ആതുരാഃ (ചില രോഗികൾ) ഉപകരണവന്തഃ (ഉപകരണങ്ങൾ എല്ലാം, സാധനസാമഗ്രികൾ എല്ലാം, ഉള്ളവരായിട്ടു) പരിചാരകവന്തഃ (പരിചയശാലികളായ പരിചാരകന്മാർ ഉള്ളവരായിട്ട്) അത്മവന്തഃ ച (സത്വം, മനസ്സുറപ്പു ഉള്ളവരായിട്ട്) കുശലൈ: ഭിഷഗ്ഭി: അനുഷ്ഠിതാ: അപി (സമർത്ഥരായ ചികിത്സകരാൽ ചികിത്സിയ്ക്കപ്പെട്ടവരായിട്ട്) സമുത്തിഷ്ഠമാനാ: (രോഗം മാറി എഴുന്നേൽക്കുന്നവരായി കാണപ്പെടുന്നു. തഥായുക്താ: അപരേ ച മ്രിയമാണാ: (അപ്രകാരം തന്നെ ഉള്ളവരായിട്ടു മറ്റു ചില രോഗികൾ മരിയ്ക്കുന്നവരായി കാണപ്പെടുന്നു) തസ്മാത് ഭേഷജം അകിഞ്ചിൽക്കരം ഭവതി (അതുകൊണ്ടു ചികിത്സ അത്രയൊന്നും കഴിവുള്ളതാകുന്നില്ല) തദ്യഥാ (അതെപ്രകാരമെന്നാൽ) ശ്വഭ്രേ പ്രസിക്തം അൽപം ഉദകം (കുഴിയിൽ ഊറ്റപ്പെട്ട കുറച്ചു വെള്ളം) അകിഞ്ചിത്ക്കരം (പ്രയോജനമില്ലാത്തതാകുന്നു, കുഴി നിറയുവാൻ മതിയാവുകയില്ല). സരസി വാ പ്രസിക്തം അൽപം ഉദകം അകിഞ്ചിൽക്കരം (സ്വതേ നിറഞ്ഞിരിയ്ക്കുന്ന സരസ്സിൽ ഊറ്റപ്പെട്ട

അൽപമായ ജലവും പ്രയോജനമില്ലാത്തതാകുന്നു) സ്യന്ദമാനായാം നദ്യാം പ്രകീർണം പാംസുമുഷ്ടി : അകിഞ്ചിൽകരഃ (ഒഴുകുന്ന നദിയിൽ ഇടപ്പെട്ട ഒരു പിടി മണ്ണു പ്രയോജനമില്ലാത്തതാകുന്നു.) പാംസുധാനേ പ്രകീർണ : പാംസു മുഷ്ടി: വാ അകിഞ്ചിൽക്കരഃ (മൺകൂനയിൽ വിതറിയ ഒരു പിടി മണ്ണും പ്രയോജനമില്ലാത്തതാകുന്നു) പടുകുഴിയിൽ അൽപം ജലമൊഴിച്ചാൽ കുഴി നിറയുവാൻ മതിയാവുന്നില്ല. വെള്ളം വലിഞ്ഞുപോവുകയേ ഉള്ളൂ. അവിടെ കുഴി നിറയുവാൻ മറ്റു ചിലതുകൂടി ഇടണം. അൽപമായ ജലം ഇവിടെ ശമനമായ ചികിത്സയെ ഉദ്ദേശിയ്ക്കുന്നു. പൂർണ്ണമായ പ്രയോജനത്തിന്നു യുക്തിവ്യപാശ്രയമായ ചികിത്സയോടൊപ്പം, പാപത്തെ ശമിപ്പിക്കുന്നതിനു ദൈവവ്യപാശ്രയമായ ചികിത്സകൂടി വേണ്ടിവരുന്നു. നിറഞ്ഞൊഴുകുന്ന നദിയിലെ വെള്ളം തോടുവഴിയോ മറ്റോ ഇരുഭാഗങ്ങളിലേയ്ക്കും കുറെ നല്ലവണ്ണം ഒഴുക്കിക്കളഞ്ഞാൽ ചിറ കെട്ടുന്നതിനും മറ്റുംവേണ്ട സ്ഥലം മണ്ണിട്ടു നികത്തി എടുക്കാവുന്നതാണ്. ഇവിടെ ശോധന ചികിത്സ ഉദ്ദേശിയ്ക്കപ്പെടുന്നതായി കരുതാവുന്നതാണ്.

തഥാപരേ (അപ്രകാരം തന്നെ മറ്റു ചിലർ) അനുപകരണാ: ച (സാധന സാമഗ്രികൾ ഇല്ലാത്തവരായിട്ടും) അപരിചാരകാ: ച (പരിചാരകന്മാരില്ലാത്തവരായിട്ടും) അനാത്മവന്തഃ ച (ആത്മനിയന്ത്രണമില്ലാത്തവരായിട്ടും) അകുശലൈ: ഭിഷഗ്ഭിഃ അനുഷ്ഠിതാ: (അസമർത്ഥരായ വൈദ്യന്മാരാൽ ചികിത്സിയ്ക്കപ്പെട്ടവരായിട്ടും) സമുത്തിഷ്ഠമാനാ: ദൃശ്യന്തേ (രോഗം ശമിച്ചു എഴുന്നേൽക്കുന്നവരായിക്കാണപ്പെടുന്നു) തഥായുക്താ : അപരേ മ്രിയമാണാ: ദൃശ്യന്തേ (അങ്ങനെയുള്ള മറ്റുചിലർ മരിയ്ക്കുന്നതായും കാണപ്പെടുന്നു) പ്രതികുർവ്വൻ സിധ്യതി (വഴി പോലെ ചികിത്സിച്ചിട്ടു രോഗം മാറുന്നു) പ്രതികുർവ്വൻ മ്രിയതെ (വഴിപോലെ ചികിത്സിച്ചിട്ടു മരിയ്ക്കുന്നു) അപ്രതികുർവ്വൻ സിധ്യതി (ചികിത്സിയ്ക്കാതെ തന്നെ ആശ്വസിയ്ക്കുന്നു) അപ്രതികുർവ്വൻ മ്രിയതേ ച (ചികിത്സിയ്ക്കാതെ മരിയ്ക്കുന്നു) യതഃ ച തതഃ ( എന്നു കാണുന്നതുകൊണ്ട്) ഭേഷജം അഭേഷജേന അവിശിഷ്ടം (ചികിത്സിയ്ക്കുകയെന്നത് ചികിത്സിയ്ക്കാതിരിക്കുക എന്നതിൽ നിന്നു വ്യത്യസ്തമല്ല) ഇതി ചിന്ത്യതേ (എന്നു ചിന്തിയ്ക്കപ്പെടുന്നു.)

മൈത്രേയ മിഥ്യാ ചിന്ത്യത ഇതി ആത്രേയഃ/ കിം കാരണം?/യേ ഹ്യാതുരാഃ ഷോഡശഗുണസമുദിതേനാനേന ഭേഷജേ നോപപദ്യമാനാ മ്രിയന്ത ഇത്യുക്തം തദനുപപന്നം / നഹി ഭേഷജസാധ്യാനാം വ്യാധീനാം ഭേഷജമകാരണം ഭവതി / യേ പുനരാതുരാഃ കേവലാദ് ഭേഷജാദൃതേ സമുത്തിഷ്ഠന്തേ /ന തേഷാം

സമ്പൂർണ്ണഭേഷജോപപാദനായ സമുത്ഥാനവിശേഷോ നാസ്തി /യഥാ ഹി പ തിതം പുരുഷം സമർത്ഥമുത്ഥാനായോത്ഥാപയൻ പുരുഷോ ബലമസ്യോപാദ ധ്യാൽ /സ ക്ഷിപ്രതരമപരിക്ലിഷ്ട ഏവോത്തിഷ്ഠേൽ / തദ്വൽ സമ്പൂർണഭേഷ ജോപലംഭാദാതുരാഃ /യേ ചാതുരാഃ കേവലാദ് ഭേഷജാദപി മ്രിയന്തേ /ന ച സർവ്വ ഏവ തേ ഭേഷജോപപന്നാഃ സമുത്തിഷ്ഠേരൻ / നഹി സർവ്വേ വ്യാധയോ ഭവ ന്ത്യുപായസാധ്യാഃ / ന ചോപായസാധ്യാനാം വ്യാധീനാമനുപായേന സിദ്ധിരസ്തി / ന ചാസാധ്യാനാം വ്യാധീനാം ഭേഷജസമുദായോയമസ്തി / ന ഹ്യലം ജ്ഞാന വാൻ ഭിഷങ് മുമൂർഷുമാതുരമുത്ഥാപയിതും / പരീക്ഷ്യകാരിണോ ഹി കുശലാ ഭവന്തി / യഥാ ഹി യോഗജ്ഞോ ƒ ഭ്യാസനിത്യ ഇഷ്വാസോ ധനുരാദായേഷുമസ്യ ന്നാതിവിപ്രകൃഷ്ടേ മഹതി കായേ നാപരാധവാൻ ഭവതി / സമ്പാദയതീഷ്ട കാര്യം / തഥാ ഭിഷക് സ്വഗുണസമ്പന്ന ഉപകരണവാൻ വീക്ഷ്യ കർമ്മാരഭമാണഃ സാധ്യ രോഗമനപരാധഃ സമ്പാദയത്യേവാതുരമാരോഗ്യേണ / തസ്മാന്ന ഭേഷജമഭേഷ ജേനാവിശിഷ്ടം ഭവതി /.

മൈത്രേയ (അല്ലയോ മൈത്രേയ) മിഥ്യാ ചിന്ത്യതേ ഇതി ആത്രേയഃ (നിന്നാൽ വഴിപോലെ അല്ലാതെ ചിന്തിയ്ക്കപ്പെടുന്നു, നിന്റെ ആലോചന തെറ്റാകുന്നു എന്നു ആത്രേയൻ പറഞ്ഞു) കിം കാരണം (അങ്ങനെ പറയുവാൻ എന്തുകാരണമെ ന്നാണെങ്കിൽ) യേ ആതുരാഃ (യാതൊരു രോഗികൾ) ഷോഡശഗുണസമുദിതേന അനേന ഭേഷജേന (പതിനാറു ഗുണങ്ങളും തികഞ്ഞ ഈ ചികിത്സകൊണ്ട്) ഉപ പദ്യമാനാഃ മ്രിയന്തേ ഇതി ഉക്തം തദ് (ഉപചരിയ്ക്കപ്പെടുന്നവരായിട്ടും മരി യ്ക്കുന്നു എന്നുപറയപ്പെട്ടത്) അനുപപന്നം (അനുചിതമാകുന്നു) ഭേഷജസാ ധ്യാനാം വ്യാധീനാം ഭേഷജം അകാരണം ന ഭവതി (ചികിത്സകൊണ്ട് ശമിപ്പി യ്ക്കാവുന്ന രോഗങ്ങൾക്ക്, ചികിത്സ സഫലമാകാതിരിക്കുന്നില്ല) യേ പുനരാ തുരാഃ കേവലാത് ഭേഷജാത് ഋതേ സമുത്തിഷ്ഠന്തേ (യാതൊരു രോഗികളാകട്ടെ വെറും മരുന്നു കൂടാതെത്തന്നെ രോഗം ശമിച്ചു എഴുന്നേല്ക്കുന്നുവോ) തേഷാം സമ്പൂർണഭേഷജോ പപാദനായ (അവർക്കു പരിപൂർണമായ ചികിത്സയുടെ ഉപ യോഗത്തിന്നു) സമുത്ഥാനവിശേഷഃ ന അസ്തി ന (തക്കകാരണം ഇല്ല എന്നില്ല - ചികിത്സകൂടാതെ തന്നെ രോഗം ശമിയ്ക്കുന്നവർക്കും ചികിത്സ പ്രയോജന പ്പെടാതിരിയ്ക്കുന്നില്ല) യഥാ ഹി (എപ്രകാരമെന്നാൽ) ഉത്ഥാനായ സമർത്ഥം പതിതം പുരുഷം (തന്നെത്താൻ എഴുന്നേല്ക്കുന്നതിന്നു കഴിവുള്ളവനെങ്കിലും വീണുകിടക്കുന്ന ഒരുവനെ) ഉത്ഥാപയൻ പുരുഷഃ (എഴുന്നേല്പിയ്ക്കുന്ന ഒരു

വൻ) അസ്യ ബലം ഉപാദധ്യാൽ ( അവന്നു കരുത്തേകും.) തന്നെത്താൻ തന്നെ എഴുന്നേറ്റേക്കാമെങ്കിലും ഒന്നുതാങ്ങിക്കൊടുത്താൽ കൂടുതൽ വേഗത്തിൽ എഴുന്നേല്ക്കും, ക്ഷീണവും കുറയും) സ ക്ഷിപ്രതരം അപരിക്ലിഷ്ടഃ ഏവ ഉത്തിഷ്ഠേൽ (അവൻ അധികം വേഗത്തിൽ, തളർച്ചകൂടാതെ തന്നെ ഏഴുന്നേറ്റെന്നു വരും)തദ്വൽ സമ്പൂർണദേഷജോപലംഭാൽ ആതുരാഃ (അപ്രകാരമാണ് സമഗ്രമായ ചികിത്സയുടെ സഹായം കൊണ്ടു രോഗികളും) യേ ആതുരാഃ ച കേവലാൽ ഭേഷജാത് അപിമ്രിയന്തേ (യാതൊരുരോഗികളാകട്ടെ ഉചിതമായ ചികിത്സകൊണ്ടുപോലും മരിയ്ക്കുന്നുവോ) തേ സർവ്വേ ഏവ ഭേഷജോപപന്നാഃ ന സമുത്തിഷ്ഠേരൻ (അവരെല്ലാവരും വഴിപോലെ ചികിത്സിയ്ക്കപ്പെട്ടാലും രോഗം ശമിയ്ക്കുന്നവരല്ല). സർവ്വേ വ്യാധയഃ ഉപായസാധ്യാഃ ന ഭവന്തി ഹി (എല്ലാ രോഗങ്ങളും ഉപായങ്ങൾകൊണ്ട് പരിഹാരങ്ങൾകൊണ്ട് ശമിയ്ക്കുന്നവയല്ലല്ലോ) ഉപായസാധ്യാനാം വ്യാധീനാം അനുപായേന സിദ്ധിഃ ന അസ്തി ച ( പരിഹാരം കൊണ്ടുശമിയ്ക്കുന്ന രോഗങ്ങൾക്ക്, പരിഹാരം കൂടാതെ ശാന്തി ഉണ്ടാകുന്നുമില്ല). അസാധ്യാനാം വ്യാധീനാം അയം ഭേഷജസമുദായഃ ന അസ്തി ച (ചികിത്സിച്ചാലും ശമിയ്ക്കുകയില്ല എന്നുള്ള രോഗങ്ങൾക്ക് വിധിയ്ക്കപ്പെട്ടിട്ടുള്ളതല്ല ഈ ചികിത്സകളെല്ലാം തന്നെ. രോഗങ്ങളെ സാധ്യം, അസാധ്യം എന്നിങ്ങനെ രണ്ടു തരത്തിൽ വിഭജിച്ചിട്ടുണ്ടല്ലോ. ഭേഷജൈർ വിനിവർത്തന്തേ വികാരാഃ സാധ്യസമ്മതാഃ - മാറുമെന്നുറപ്പുള്ള രോഗങ്ങളേ ചികിത്സകൊണ്ടു ശമിയ്ക്കുന്നുള്ളു. സാധനം ന ത്വസാധ്യാനാം വ്യാധീനാമുപദിശ്യതേ, അസാധ്യങ്ങളായ രോഗങ്ങൾക്കു ചികിത്സ പറയപ്പെട്ടിട്ടില്ല എന്ന്, ഒന്നാമധ്യായത്തിൽ കാണുക ) ജ്ഞാനവാൻ ഭിഷക് മുമൂർഷും ആതുരം ഉത്ഥാപയിതും ന അലം ഹി ( എത്ര അറിവും കഴിവും ഉള്ളവൈദ്യനായാലും, മരിയ്ക്കാറായിരിക്കുന്ന രോഗിയെ എഴുന്നേൽപ്പിക്കുവാൻ സമർത്ഥനാകുന്നില്ല. ചികിത്സകൊണ്ടു നിവാരണം ചെയ്യാൻ കഴിയുന്നതല്ല മരണമെന്നുതാല്പര്യം) പരീക്ഷ്യകാരിണഃ ഹി കുശലാഃ ഭവന്തി (എല്ലാം ആലോചിച്ചു പരീക്ഷിച്ച്, സാധ്യാസാധ്യതകളെ പരിഗണിച്ചു ചികിത്സിയ്ക്കുന്ന ചികിത്സകരാണ് സമർത്ഥരാകുന്നത്) യഥാ ഹി ( എപ്രകാരമെന്നാൽ) യോഗജ്ഞഃ അഭ്യാസനിത്യഃ ഇഷ്വാസഃ (പ്രയോഗത്തേയും ഔചിത്യത്തേയും അറിയുന്നവനും, നിത്യം പരിശീലിച്ചുകൊണ്ടിരിക്കുന്നവനുമായ വില്ലാളി) ധനുഃ ആദായ ഇഷും അസ്യൻ (വില്ലെടുത്ത് അമ്പുപ്രയോഗിക്കുന്നവനായി) നാതിവിപ്രകൃഷ്ടേ മഹതി കായേ അപരാധവാൻ ന ഭവതി (അധികം അകലെയല്ലാത്തതും, വലുപ്പമുള്ളതുമായ ശരീരത്തിൽ - ലക്ഷ്യത്തിൽ എന്നു

താൽപര്യം - പിഴപറ്റാത്തവനായിത്തീരുന്നു) ഇഷ്ടകാര്യം സമ്പാദയതി ച (ഉദ്ദേശിച്ച കാര്യത്തെ സാധിയ്ക്കുകയും ചെയ്യുന്നു) തഥാ (അപ്രകാരം) സ്വഗുണസമ്പന്നഃ (വൈദ്യനുണ്ടാവേണ്ട ഗുണങ്ങളെല്ലാം തികഞ്ഞവനും) ഉപകരണവാൻ (സാധനസാമഗ്രികൾ എല്ലാം ഉള്ളവനും) വീക്ഷ്യ കർമ്മ ആരഭമാണഃ ഭിഷക് (ആലോചിച്ചുകർമ്മത്തെ ചെയ്യുന്നവനുമായ വൈദ്യൻ) അനപരാധഃ (തെറ്റുപറ്റാത്തവനായി) സാധ്യരോഗം ആതുരം ആരോഗ്യേണ സമ്പാദയതി ഏവ (ശമിയ്ക്കാവുന്ന രോഗത്തോടുകൂടിയ രോഗിയെ, ആരോഗ്യത്തോടുകൂടിയവനാക്കിത്തീർക്കുകതന്നെ ചെയ്യുന്നു) തസ്മാത് ഭേഷജം അഭേഷജേന അവിശിഷ്ടം ന ഭവതി (അതു കൊണ്ട്, ചികിത്സിയ്ക്കലും ചികിത്സിയ്ക്കാതിരിക്കലും ഒരുപോലെയല്ല) വില്ലാളിയ്ക്കു സാമർത്ഥ്യമുണ്ടായാൽ മാത്രം പോര, ലാക്കു അമ്പെത്തുന്ന പരിധിയ്ക്കുള്ളിലായിരിയ്ക്കണം, ദൃഷ്ടിയിൽപ്പെടത്തക്കവണ്ണം വലുപ്പമുള്ളതുമാകണം, എന്നാലെ ലക്ഷ്യത്തെ വേധിയ്ക്കുവാൻ കഴിയുകയുള്ളൂ. അതുപോലെ വൈദ്യനും, ശാസ്ത്രാർത്ഥജ്ഞാനമുള്ളവനും, നിത്യം സ്വാധ്യായം കൊണ്ടും കർമ്മപരിശീലനം കൊണ്ടും അറിവിനേയും കഴിവിനേയും നിത്യനൂതനമാക്കിവെച്ചുകൊണ്ടിരിക്കണം, രോഗം സാധ്യവുമായിരിയ്ക്കണം, എന്നാൽ നിശ്ചയമായും ചികിത്സ ഫലിയ്ക്കാതിരിക്കുകയില്ല. ചികിത്സിക്കാതിരുന്നാലാകട്ടെ, സാധ്യമായ രോഗവും അസാധ്യവും മാരകവുമായിത്തീർന്നേക്കാമെന്നു താൽപര്യം.

ഇദം ച നഃ പ്രത്യക്ഷം / യദനാതുരേണ ഭേഷജേനാതുരം ചികിത്സാമഃ / ക്ഷാമമക്ഷാമേണ / കൃശം ച ദുർബലമാപ്യായയാമഃ / സ്ഥൂലം മേദസ്വിനമപതർപ്പയാമഃ / ശീതേനോഷ്ണാഭിഭൂതമുപചരാമഃ / ശീതാഭിഭൂതമുഷ്ണേന /ന്യൂനാൻ ധാതൂൻ പൂരയാമഃ / വ്യതിരിക്താൻ ഹ്രാസയാമ : / വ്യാധീൻ മൂലവിപര്യയേണോപചരന്തഃ സമ്യക്പ്രകൃതൌ സ്ഥാപയാമഃ / തേഷാം നസ്തഥാകുർവ്വതാമയം ഭേഷജസമുദായഃ കാന്തതമോ ഭവതി /

ഔഷധം രോഗത്തെ ശമിപ്പിയ്ക്കുന്ന കാര്യത്തിലെ മറ്റൊരുയുക്തിയെ പറയുന്നു. ഇദം ച നഃ പ്രത്യക്ഷം (ഇതും നമുക്കു അനുഭവമാണല്ലോ)യത് അനാതുരേണ ഭേഷജേന ആതുരം ഉപചരാമഃ (രോഗിയ്ക്കു വിപരീതമായ ഗുണത്തോടുകൂടിയ ഔഷധംകൊണ്ടു രോഗിയെ ചികിത്സിയ്ക്കുന്നു എന്നുള്ളത്) അതിനെത്തന്നെ വിവരിയ്ക്കുന്നു. ക്ഷാമം ആതുരം അക്ഷാമേണ ഭേഷജേന (ഏതെങ്കിലും അംശം കുറവുള്ള രോഗിയെ അധികമുള്ള ഔഷധം കൊണ്ട്) ഏതെങ്കിലും

ഭൂതത്തിന്റെ അംശം കുറവുള്ള രോഗിയെ ആ അംശം കൂടുതലുള്ള ഔഷധം കൊണ്ട് - രസവും ഗുണവും മറ്റും കൊണ്ടു ദ്രവ്യത്തിലെ ഭൂതാംശത്തെ ഊഹിക്കാം. കൃശം ദുർബലം ച ആപ്യായയാമഃ (ചടച്ചവനും ബലം കുറഞ്ഞവനുമായ രോഗിയെ നമ്മൾ പുഷ്ടിപ്പെടുത്തുന്നു) സ്ഥൂലം മേദസ്വിനം അപതർപ്പയാമഃ (തടിച്ചു മേദസ്സേറിയവനെ ചടപ്പിയ്ക്കുന്നു) ഉഷ്ണാഭിഭൂതം ശീതേന ഉപചരാമഃ (ചൂടു കൊണ്ടു ബാധിയ്ക്കപ്പെട്ടവനെ തണുപ്പേറിയ ഔഷധം കൊണ്ടു ഉപചരിയ്ക്കുന്നു) ശീതാഭിഭൂതം ഉഷ്ണേന ഉപചരാമഃ ( തണുപ്പുകൊണ്ടു ബാധിക്കപ്പെട്ടവനെ ഉഷ്ണമായ ഔഷധം കൊണ്ടു ഉപചരിയ്ക്കുന്നു) ഇവിടെ ചൂടും തണുപ്പും നിദാനത്തെക്കുറിയ്ക്കുന്നതായും അനുഭവത്തെക്കുറിയ്ക്കുന്നതായും കരുതാം) ന്യൂനാൻ ധാതൂൻ പൂരയാമഃ (കുറഞ്ഞുപോയ ധാതുക്കളെ കൂട്ടുന്നു) വ്യതിരിക്താൻ ധാതൂൻ ഹ്രാസയാമഃ (കൂടിപ്പോയ ധാതുക്കളെ കുറയ്ക്കുന്നു) വ്യാധീൻ മൂലവിപര്യയേണ ഭേഷജേന ഉപചരന്തഃ (രോഗങ്ങളെ കാരണത്തിനു വിപരീതമായ ഔഷധം കൊണ്ടു ഉപചരിയ്ക്കുന്നവരായി) സമ്യക് പ്രകൃതൗ സ്ഥാപയാമഃ (വഴിപോലെ, സ്വാഭാവികമായ അവസ്ഥയിൽ ആക്കിതീർക്കുന്നു, നിലനിൽക്കുന്നു) വിഷത്തിന്നു വിഷത്തെ ഔഷധമായി നല്കി ആശ്വസിപ്പിക്കുമ്പോൾ എങ്ങനെ കാരണത്തിന്നു വിപരീതമാകും എന്ന സംശയത്തിന്ന്, പ്രഭാവം കൊണ്ടു എന്നു സമാധാനം പറയാം. വിഷം ശരീരത്തിൽ ആന്തരമായുണ്ടാക്കുന്ന വികാരം ഗുണംകൊണ്ടു വിഷത്തിനു വിപരീതമാകും. അവിടെ വിഷത്തിന്റെ ഉപയോഗം വിപരീതത്തിനു വിപരീതമായി രോഗശമനത്തിനു അനുകൂലമായിത്തീരാം. മദ്യം കൊണ്ടുള്ള മദാത്യയത്തിൽ മദ്യത്തിന്റെ ഉപയോഗം പോലെ എന്നുപറയാം. മദാത്യയത്തിൽ വാതപിത്തങ്ങളുടെ കോപമാണുണ്ടാകുന്നത്. അമ്ലമായ മദ്യം, ക്ഷാരമായ അന്നരസത്തോടുകൂടുമ്പോൾ മധുരമായിത്തീരുന്നു. അങ്ങനെ ആന്തരമായുണ്ടാവുന്ന മധുരരസം, വാതപിത്തങ്ങളെ ശമിപ്പിക്കുന്നതാണല്ലോ. അങ്ങനെ പ്രത്യക്ഷത്തിൽ തോന്നുന്ന വൈരുദ്ധ്യം, ആന്തരമായ പ്രക്രിയയിൽ പരിഹരിയ്ക്കപ്പെടുന്നു. അങ്ങനെയതു ഹേതുവിപരീതമായി പ്രയോജനപ്പെടുന്നു എന്നുപറയാം. ദ്രവ്യത്തിലെ രസം മുതലായതുകൊണ്ടു ഊഹിയ്ക്കാൻ കഴിയാത്ത കർമ്മം അനുഭവപ്പെടുന്നിടത്താണല്ലോ പ്രഭാവം പറയപ്പെടുന്നത്. അവിടേയും ആന്തരമായ പ്രക്രിയ ബാധിയ്ക്കപ്പെട്ടാണു അങ്ങനെ ഉണ്ടാവുന്നതെന്ന് ഊഹിയ്ക്കാവുന്നതാണ്. അങ്ങനെ അനുമിയ്ക്കേണ്ടിയിരിയ്ക്കുന്നു എന്നേ പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ടു സൗകര്യത്തിനു പ്രഭാവമെന്ന് പറയുന്നതായി കരുതാം. സ്വഭാവത്തിൽ നിന്നു വ്യത്യസ്തമായിക്കാണപ്പെടുന്ന

ിടത്തു പ്രഭാവം സങ്കൽപ്പിക്കപ്പെടുന്നു എന്നുപറയാം. തേഷാം (രോഗങ്ങൾക്ക്) തഥാകുർവ്വതാം നഃ (അപ്രകാരം പ്രവർത്തിക്കുന്ന നമുക്ക് ) അയം ഭേഷജസമുദായഃ (പലേ യുക്തികളോടുകൂടി ഉപയോഗിയ്ക്കപ്പെടുന്ന പലേ തരത്തിലുള്ള ഔഷധങ്ങളെല്ലാം ) കാന്തതമഃ ഭവതി (ഏറ്റവും ആഗ്രഹിക്കപ്പെടുന്നതായി തീരുന്നു). കാമിയ്ക്കപ്പെടുന്നത് കാന്തം, ഏറ്റവും കാന്തം കാന്തതമം. അർത്ഥത്തേയും ധർമ്മത്തേയും സാധിക്കുന്നതിനുള്ള മറ്റുപായങ്ങൾ കാന്തങ്ങൾ, ആഗ്രഹിയ്ക്കപ്പെടുന്നവതന്നെയാകുന്നു. രോഗത്തെ ശമിപ്പിയ്ക്കുന്ന ചികിത്സകൊണ്ട് സിദ്ധിയ്ക്കുന്ന അർത്ഥവും ധർമ്മവുമാണ് ഏറ്റവും ആഗ്രഹിക്കപ്പെടേണ്ടത്. എന്തുകൊണ്ടെന്നാൽ, അതു അന്യന്നു സങ്കടം തീർത്തു സന്തോഷമുണ്ടാക്കിക്കൊണ്ടു സാധിയ്ക്കുന്നതാണല്ലോ. അതു അർത്ഥത്തേയും ധർമ്മത്തെയും ഒന്നിച്ചുതന്നെ സാധിയ്ക്കുന്നു. ദാനങ്ങളിൽവെച്ചു ഏറ്റവും വലിയദാനം ആരോഗ്യദാനമാണെന്നു ശാസ്ത്രങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. ന ഹി ജീവിതദാനാദ്ധി ശ്രേഷ്ഠമന്യദ്വിശിഷ്യതേ- അതു ഉപജീവനത്തോടൊപ്പം, പുണ്യത്തേയും നൽകുന്നു. ധനം തൽക്കാലത്തേയ്ക്കും പുണ്യം എന്നത്തേയ്ക്കുമുള്ള സമ്പത്താകുന്നു. ഈ ബോധത്തോടുകൂടിയാണ് വൈദ്യൻ ചികിത്സാവൃത്തിയിൽ ഏർപ്പെടേണ്ടത്.

ഭവന്തി ചാത്ര

സാധ്യാസാധ്യവിഭാഗജ്ഞോ
ജ്ഞാനപൂർവ്വം ചികിത്സകഃ
കാലേ ചാരഭതേ കർമ്മ
യത്തൽ സാധയതി ധ്രുവം
അർത്ഥവിദ്യായശോഹാനി
മുപക്രോശമസംഗ്രഹം
പ്രാപ്നുയാന്നിയതം വൈദ്യോ
യോ ƒ സാധ്യം സമുപാചരേൽ

ചികിത്സകഃ (ചികിത്സിക്കുവാൻ ഒരുങ്ങുന്നവൻ) സാധ്യാസാധ്യവിഭാഗജ്ഞഃ (സാധ്യമോ അസാധ്യമോ എന്നു രോഗത്തെ തിരിച്ചറിയുന്നവനായി) ജ്ഞാനപൂർവ്വം (അറിയേണ്ടതെല്ലാം അറിഞ്ഞുകൊണ്ട്) കാലേ (അവസ്ഥയ്ക്കനുസരിച്ച്) കർമ്മ ആരഭതേ ( ചികിത്സയെ ആരംഭിയ്ക്കുന്നു) യൽ തത് (എന്നുള്ളതുകൊണ്ട്) സാധ്യം സാധയതി ഇതിധ്രുവം (സാധ്യമായ രോഗത്തെ ശമിപ്പിക്കുന്നു എന്നു

ള്ളത് ഉറപ്പാകുന്നു) യ: വൈദ്യോ: (യാതൊരു വൈദ്യൻ) അസാധ്യം സമുപാചരേൽ (അസാധ്യമായ രോഗത്തെ ചികിത്സിക്കുമോ) സ: (ആ വൈദ്യൻ, രോഗശമനത്തിൽ പരാജയപ്പെട്ട് ) അർത്ഥവിദ്യായശോഹാനിം (ധനത്തിനും വിദ്യയ്ക്കും കീർത്തിയ്ക്കും ഹാനിയേയും) ഉപക്രോശം (ചികിത്സിയ്ക്കുവാൻ അറിയാത്തവൻ എന്ന നിന്ദയേയും) അസംഗ്രഹം പ്രാപ്നുയാൽ (ചികിത്സിയ്ക്കുന്നതിനു വേണ്ടി കൈകൊള്ളപ്പെടായ്കയും, ചികിത്സിയ്ക്കുന്നതിനുവേണ്ടി പിന്നെ ആരും വിളിയ്ക്കാതാവുക എന്നതിനേയും പ്രാപിയ്ക്കുന്നു.) വിദ്യയുടെ ഹാനി, വേണ്ടവിധം പഠിച്ചിട്ടില്ല എന്ന ആക്ഷേപം.

ഇന്നത്തെ നിലയിൽ, പലപ്പോഴും മറ്റു ചികിത്സകർ അസാധ്യമെന്നു കൈയ്യൊഴിഞ്ഞിട്ടുള്ള രോഗികൾ ആയുർവേദ വൈദ്യനെ ആശ്രയിക്കുന്നു. രോഗത്തിന്റെ ഗൗരവം ഒന്നുകൂടി രോഗിയുടെ ആളുകളെ ഓർമ്മിപ്പിച്ചുകൊണ്ട് കഴിയും വിധം ആയുർവേദശാസ്ത്രദൃഷ്ടിവെച്ചു ചികിത്സിയ്ക്കുക കൊണ്ടു കുറേപ്പേർക്കെല്ലാം ആശ്വാസം ലഭിച്ചുകാണാറുണ്ട്. പലപ്പോഴും വേദനയ്ക്കും മറ്റും കുറെ ഒക്കെ കുറവും കാണാറുണ്ട്. ആരുടെ ദൈവാധീനം എത്രയെന്ന്, എപ്പോഴാണു ഫലിയ്ക്കുകയെന്നു തീരുമാനിയ്ക്കാൻ കഴിയായ്കകൊണ്ട്, പ്രത്യാഖ്യായ പ്രസാധയേൽ - മാറ്റാം എന്നുറപ്പുകൊടുക്കാതെ ചികിത്സിയ്ക്കേണ്ടതാണ്. അതുകൊണ്ട്, ഇന്നത്തെ അവസ്ഥയിൽ അർത്ഥവിദ്യായശസ്സുകൾക്കു ഹാനിയുണ്ടാവുകയില്ല, അഭിവൃദ്ധിയുണ്ടാകുന്നു. യാവൽ കണ്ഠഗത:പ്രാണ: താവൽ കുര്യാദ്ഭിഷഗ്ജിതം-മരണം ആസന്നമായിരിക്കുന്നതുവരെ ചികിത്സിയ്ക്കേണ്ടതാണ്. മരണം അനായാസമാക്കുന്നതിനെങ്കിലും, അതു സഹായിച്ചു എന്നുംവരും. ചിലപ്പോൾ വിഷമം കൂടാതെ കുറേക്കാലം ജീവിച്ചു എന്നുവരാം.

സുഖസാധ്യം മതം സാധ്യം
കൃച്ഛ്രസാധ്യമഥാപി ച
ദ്വിവിധം ചാപ്യസാധ്യം സ്യാ-
ദ്യാപ്യം യച്ചാനുപക്രമം
സാധ്യാനാം ത്രിവിധശ്ചാല്പ
മധ്യമോൽകൃഷ്ടതാം പ്രതി
വികല്പോ, ന ത്വസാധ്യാനാം
നിയതാനാം വികൽപനാ-

സാധ്യം രോഗം (വഴി പോലെ ചികിത്സിച്ചാൽ മാറുന്ന രോഗം) സുഖസാധ്യം

അഥാപി ച കൃച്ഛ്രസാധ്യം മതം (സുഖസാധ്യമെന്നും പിന്നെ കൃച്ഛ്രസാധ്യമെന്നും രണ്ടുതരത്തിൽ കരുതപ്പെടുന്നു) അസാധ്യം രോഗം ച അപി (അസാധ്യമായ രോഗവും) യാപ്യം യദ് അനുപക്രമം ച ദ്വിവിധം (യാപ്യമെന്നും അനുപക്രമ മെന്നും രണ്ടുതരത്തിലാകുന്നു) അല്പമധ്യമോൽകൃഷ്ടതാം പ്രതി സാധ്യാനാം ത്രിവിധ: വികൽപ: ച (അല്പസാധ്യം, മധ്യമസാധ്യം, ഉൽകൃഷ്ടസാധ്യം എന്നി ങ്ങനെ സാധ്യതയെ ആശ്രയിച്ച് സാധ്യങ്ങൾക്കു മൂന്നു ഭേദങ്ങളുണ്ട്). അല്പ മായ ഉപക്രമം കൊണ്ടു ശമിയ്ക്കുന്നത്, മധ്യമമായ ഉപക്രമംകൊണ്ടു ശമിയ്ക്കു ന്നത്, ഉൽകൃഷ്ടമായ ഉപക്രമംകൊണ്ടു ശമിയ്ക്കുന്നത് എന്നാണു ത്രിവിധം. അല്പം ചെറിയത്, മധ്യമം ഇടത്തരം, ഉൽകൃഷ്ടം മികച്ചത്. അസാധ്യാനാം നിയ താനാം വ്യാധീനാം വികല്പഃ ന ഭവതി (അസാധ്യവും മരണം നിശ്ചിതവുമായ രോഗങ്ങൾക്കു ഭേദം ഇല്ല) ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും, പെട്ടെന്നുതന്നെ മര ണമുണ്ടാക്കുന്നത് സദ്യ:പ്രാണഹരം, കുറെക്കാലം കഴിഞ്ഞു മരണത്തെ ഉണ്ടാ ക്കുന്നത് കാലാന്തര പ്രാണഹരം, പഥ്യവും ഔഷധവും ശീലിയ്ക്കുകകൊണ്ട് വളരെ കാലത്തിനുശേഷം മരണമുണ്ടാക്കുന്നത് യാപ്യം എന്നും മറ്റും അസാ ധ്യമായ രോഗത്തിനു വിശേഷം പറയപ്പെട്ടിട്ടുണ്ട്.

ഹേതവ: പൂർവ്വരൂപാണി
രൂപാണ്യല്പാനി യസ്യ ച
ന ച തുല്യഗുണോ ദൂഷ്യോ
ന ദോഷ: പ്രകൃതിർഭവേത്
ന ച കാലഗുണസ്തുല്യോ
ന ദേശോ ദുരുപക്രമ:
ഗതിരേകാ നവത്വം ച
രോഗസ്യോപദ്രവോ ന ച
ദോഷശ്ചൈക: സമുൽപ്പത്തൗ
ദേഹ: സർവ്വൗഷധക്ഷമ:
ചതുഷ്പാദോപപത്തിശ്ച
സുഖസാധ്യസ്യ ലക്ഷണം

യസ്യ (യാതൊരു രോഗത്തിന്റെ) ഹേതവഃ പൂർവ്വരൂപാണി രൂപാണി ച അല്പാ നി ഭവന്തി (ഹേതുക്കളും, പൂർവ്വരൂപങ്ങളും, രൂപങ്ങളും, അല്പങ്ങൾ ആകുന്നു, പറയപ്പെട്ടവ എല്ലാംതന്നെ തികഞ്ഞിട്ടില്ലെങ്കിൽ എന്നു താൽപര്യം). ദോഷം

കോപിക്കുന്നതിന്നു പറയപ്പെട്ടിട്ടുള്ള കാരണങ്ങൾ, നിദാനം എന്നും പറയപ്പെടുന്നു. പൂർവ്വരൂപങ്ങൾ, ഉണ്ടാകാൻ പോകുന്ന രോഗത്തെ സൂചിപ്പിക്കുന്ന ലക്ഷണങ്ങൾ ആണ് പൂർവ്വരൂപങ്ങൾ. രോഗത്തിൽ ബാധിയ്ക്കപ്പെട്ടിരിക്കുന്ന ദോഷങ്ങളേയും ദൂഷ്യങ്ങളേയും കുറിയ്ക്കുന്നവയാണു രൂപങ്ങൾ, ലക്ഷണങ്ങൾ. ശാസ്ത്രത്തിൽ സാമാന്യമായും വിശേഷമായും ഇവയെല്ലാം പറയപ്പെട്ടിട്ടുണ്ട്. അവയുടെ തികവും രോഗത്തിന്റെ ശക്തിയെ കുറിയ്ക്കുന്നു. ദൂഷ്യ: തുല്യ ഗുണ: ന ഭവേൽ (ദൂഷ്യം ധാതുവും മലവും. ദോഷങ്ങളും ദൂഷ്യങ്ങളും തമ്മിൽ ആശ്രയാശ്രയിഭാവം പറഞ്ഞിട്ടുണ്ട്. തത്രാസ്ഥിനി സ്ഥിതോ വായു: പിത്തം തു സ്വേദരക്തയോ: ശ്ലേഷ്മാ ശേഷേഷു - അവയിൽ അസ്ഥിയിൽ വായുവും, സ്വേദത്തിലും രക്തത്തിലും പിത്തവും മറ്റു ദൂഷ്യങ്ങളിൽ കഫവും ആശ്രയിച്ചിരിക്കുന്നു. ദൂഷ്യ: ദോഷേണ തുല്യഗുണ: ന ഭവതി (ദൂഷ്യം ആശ്രയിച്ചിരിക്കുന്ന ദോഷത്തോടുതുല്യമായ ഗുണമുള്ളതാകുന്നില്ല. ആശ്രയാശ്രയിഭാവം കൊണ്ടാണു തുല്യഗുണത്വത്തെ അറിയുന്നത്. ദോഷം കോപിച്ചു ആശ്രയിച്ചിരിയ്ക്കുന്ന ദൂഷ്യം ആശ്രയാശ്രയിഭാവമുള്ളതാകരുത് എന്നു താൽപര്യം. ദോഷ: പ്രകൃതി: ന ഭവേൽ (രോഗത്തിൽ കോപിച്ചിരിയ്ക്കുന്ന ദോഷം, രോഗിയുടെ പ്രകൃതിയ്ക്കു ഒത്തതാകരുത്. വാതപ്രകൃതി, പിത്തപ്രകൃതി, കഫപ്രകൃതി എന്നു പ്രകൃതികൾ പ്രധാനമായി മൂന്നാകുന്നു) കാലഗുണ: തുല്യ: ന ഭവേത് (മഴ, മഞ്ഞ്,വെയിൽ എന്നിവയാണു കാലഗുണങ്ങൾ. ഗുണം കൊണ്ട് മഴ വാതത്തേയും മഞ്ഞു കഫത്തേയും വെയിൽ പിത്തത്തേയും വർധിപ്പിക്കുന്നു. കാലഗുണം തുല്യമാകരുത് എന്നതിന്, വാതരോഗം വർഷകാലത്തും, കഫരോഗം ഹിമകാലത്തും, പിത്തരോഗം ഗ്രീഷ്മ കാലത്തും അല്ലാതെ ഉണ്ടാകുന്നതു സുഖസാധ്യമാകുന്നു എന്നു താൽപര്യം). ദേശഃ ദുരുപക്രമഃ ന ഭവേൽ (ദേശം ഭൂഭാഗമെന്നും ദേഹഭാഗമെന്നും രണ്ടുതരത്തിലാകുന്നു. അതാത് ദോഷത്തിന്റേതായി പറയപ്പെട്ട ഭൂദേശത്തായാലും ദേഹദേശത്തായാലും ഉണ്ടാകുന്ന രോഗം എളുപ്പത്തിൽ ചികിത്സിച്ചുമാറ്റാൻ കഴിയുന്നതല്ല - ദുരുപക്രമം. ജംഗലദേശം വാതത്തിനും ആനൂപദേശം കഫത്തിനും സദൃശമാകുന്നു. ദേഹത്തിൽ പക്വാശയം വാതത്തിന്നും നാഭി പിത്തത്തിനും ഉരസ്സു കഫത്തിനും ദേശം സ്ഥാനമാകുന്നു. പിത്തസ്ഥാനമായി ഭൂദേശം പറയപ്പെട്ടിട്ടില്ല. അങ്ങനെയൊന്നു അനുഭവപ്പെടുന്നില്ല എന്നു കരുതണം. അവിടെ എന്തുകൊണ്ടു എന്ന ചോദ്യമില്ല. അങ്ങനെയാണു അനുഭവവും സ്വഭാവവുമെന്നുപറയണം) രോഗസ്യ ഏകാഗതിഃ (മൂന്നു രോഗമാർഗങ്ങൾ പറയപ്പെട്ടിട്ടുണ്ട്. കോഷ്ഠം, അസ്ഥിസന്ധി, ശാഖ എന്നിങ്ങനെ. ഇവ

യിൽ ഏതെങ്കിലും ഒന്നിനേയും രണ്ടിനേയും മൂന്നെണ്ണത്തേയും ആശ്രയിച്ചു ദോഷം രോഗമുണ്ടാക്കാം. ഒരു രോഗമാർഗത്തെ മാത്രം ആശ്രയിച്ചാണു ദോഷം രോഗത്തെ ഉണ്ടാക്കിയിട്ടുള്ളതെങ്കിൽ സുഖസാധ്യമാകുന്നു) രോഗസ്യ നവത്വം ച (രോഗത്തിന്റെ പഴക്കമില്ലായ്മയും സുഖസാധ്യതയെക്കുറിയ്ക്കുന്നു.) ഉപദ്രവഃ ന ച (ഉപദ്രവമില്ല എന്നതും സുഖസാധ്യതയെക്കുറിയ്ക്കുന്നു) വ്യാധേരുപരി യോ വ്യാധിഃ ഭവത്യുത്തരകാലജഃ / സ്വോപക്രമ വിരോധീ ച സ ഉപദ്രവസംജ്ഞിതഃ ഒരുരോഗമുണ്ടായതിന്നുശേഷം, വിശിഷ്ടമായ നിദാനംകൊണ്ടു മറ്റൊരു വിധത്തിലും ദോഷത്തിനു വൈഷമ്യമുണ്ടായി പ്രത്യക്ഷപ്പെടുന്ന മറ്റൊരു രോഗത്തെ സാമാന്യമായി ഉപദ്രവമെന്നു പറയുന്നു. അതു പ്രധാന രോഗത്തിന്റെ ചികിത്സയ്ക്കു വിരോധമുണ്ടാക്കുന്നതുമാകുന്നു. ചികിത്സയുടെ വൈരുധ്യം നിമിത്തം രണ്ടു രോഗങ്ങളേയും ഒന്നിച്ചു ചികിത്സിയ്ക്കുക എന്നതു പ്രായോഗികവും ആകുന്നില്ല.) സമുല്പത്തൗ ഏകഃ ദോഷശ്ച (രോഗത്തിന്റെ ഉൽപത്തിയിൽ ഒരു ദോഷമേ ഉള്ളു എന്നതും രോഗത്തെ സുഖസാധ്യമാക്കുന്നു) ദേഹം സർവ്വൌഷധക്ഷമഃ ച (ശരീരം ഏതു തരത്തിലുള്ള ചികിത്സയേയും സഹിയ്ക്കാൻ കഴിവുള്ളതായിരിയ്ക്കുന്നതും രോഗത്തെ സുഖസാധ്യമാക്കുന്നു.) ചതുഷ്പാദോപപത്തിഃ ച(ചികിത്സിതത്തിന്റെ നാലുപാദങ്ങളും വൈദ്യൻ, ഔഷധം, പിരിചാരകൻ, രോഗി എന്നിവ ഓരോന്നും, അതാതിന്നു പറയപ്പെട്ട ഗുണങ്ങൾ ഉള്ളതായിരിക്കുക എന്നതും സുഖസാധ്യമായ രോഗത്തിന്റെ ലക്ഷണമാകുന്നു). ഇതു സാമാന്യ വിധിയാകുന്നു. ശാസ്ത്രത്തിൽ ഇവയ്ക്കു അപവാദങ്ങളും പറയപ്പെട്ടിട്ടുണ്ട്.

നിമിത്തപൂർവ്വരൂപാണാം
രൂപാണാം മധ്യമേ ബലേ
കാലപ്രകൃതിദൂഷ്യാണാം
സാമാന്യേ / ന്യതമസ്യ ച
ഗർഭിണീവൃദ്ധബാലാനാം
നാത്യുപദ്രവപീഡിതം
ശസ്ത്രക്ഷാരാഗ്നികൃത്യാനാ-
മനവം കൃച്ഛ്രദേശജം
വിദ്യാദേകപഥം രോഗം
നാതിപൂർണചതുഷ്പദം

ദ്വിപഥം ഗതകാലം വാ

കൃച്ഛ്രസാധ്യം ദ്വിദോഷജം

നിമിത്തപൂർവ്വരൂപാണാം മധ്യമേ ബലേ (നിദാനം, പൂർവ്വരൂപം, രൂപം എന്നിവയുടെ ബലം മധ്യമമായിരിയ്ക്കുമ്പോൾ) കാലപ്രകൃതിദൂഷ്യാണാം അന്യതമസ്യ സാമാന്യേ (കാലം, പ്രകൃതി ദൂഷ്യം എന്നിവയിൽ ഒന്നു ദോഷത്തോടു സാമാന്യമായിരിയ്ക്കുമ്പോൾ) ഗർഭിണീവൃദ്ധബാലനാം (ഗർഭിണിയ്ക്കും വൃദ്ധന്നും ബാലന്നും ഉണ്ടാകുന്നതും) നാത്യുപദ്രവപീഡിതം (അധികം ഉപദ്രവങ്ങളാൽ പീഡിയ്ക്കപ്പെടാത്തതും) ശസ്ത്രക്ഷാരാഗ്നികൃത്യാനാം (ശസ്ത്രക്രിയയും ക്ഷാരപ്രയോഗവും അഗ്നിപ്രയോഗവും ആവശ്യമുള്ളവർക്കുള്ളതും) അനവം (പഴക്കമുള്ളതും) കൃച്ഛ്രദേശജം (മർമ്മത്തിലും സന്ധിയിലും മറ്റുമുണ്ടായിട്ടുള്ളതും) ഏകപഥഗം (ഒരു രോഗമാർഗത്തിൽമാത്രം വ്യാപിച്ചിട്ടുള്ളതും) നാതിപൂർണചതുഷ്പദം (ചികിത്സിതത്തിന്റെ നാലുപാദങ്ങൾക്കും ഗുണങ്ങളുടെ മികവില്ലാത്തതും) അല്ലെങ്കിൽ, ദ്വിപഥം നാതികാലംവാ (രണ്ടു രോഗമാർഗങ്ങളിൽ വ്യാപിച്ചിട്ടുള്ളതും സാധ്യതയെ അതിക്രമിച്ചിട്ടില്ലാത്തതും) ദ്വിദോഷവത് (രണ്ടു ദോഷങ്ങളോടുകൂടിയതുമായ) രോഗം കൃച്ഛ്രസാധ്യം വിദ്യാൽ ( രോഗത്തെ കൃച്ഛ്രസാധ്യമായി അറിയണം) കൃച്ഛ്രസാധ്യം പണിപ്പെട്ടുശമിപ്പിക്കുവാൻ കഴിയുന്നത്. ലക്ഷണങ്ങൾ കൊണ്ട് തികച്ചും സാധ്യമോ തികച്ചും അസാധ്യമോ അല്ലാത്ത രോഗം കൃച്ഛ്രസാധ്യമാകുന്നു.

ശേഷത്വാദായുഷോ യാപ്യ

മസാധ്യം പഥ്യസേവയാ

ലബ്ധാല്പസുഖമല്പേന

ഹേതുനാശുപ്രവർത്തകം

ഗംഭീരം ബഹുധാതുസ്ഥം

മർമ്മസന്ധിസമാശ്രിതം

നിത്യാനുശായിനം രോഗം

ദീർഘകാലമവസ്ഥിതം

വിദ്യാദ്ദ്വിദോഷജം, തദ്വത്

പ്രത്യാഖ്യേയം ത്രിദോഷജം

ക്രിയാപഥമതിക്രാന്തം

സർവ്വമാർഗാനുസാരിണം
ഔത്സുക്യാരതി സമ്മോഹ
കരമിന്ദ്രിയനാശനം
ദുർബലസ്യ സുസംവൃദ്ധം
വ്യാധിം സാരിഷ്ടമേവ ച

അസാധ്യം രോഗം (അസാധ്യമായ രോഗത്തെ) ആയുഷഃ ശേഷത്വാത് (ആയുസ്സ് അവശേഷിയ്ക്കുന്നതുകൊണ്ട്) പഥ്യസേവയാ യാപ്യം വിദ്യാത് (ഉചിതമായ ചികിത്സകൊണ്ട് യാപ്യമെന്നറിയണം - പഥ്യമെന്നതു ചികിത്സയുടെ പര്യായമാകുന്നു. യാപ്യം മരിയ്ക്കാതെ കഴിച്ചുകൂട്ടി ക്കൊണ്ടിരിക്കാവുന്നത്) മരണം പ്രാണിനാം ദൃഷ്ടം ആയുഃ പുണ്യോഭയക്ഷയാത് / തയോരപ്യക്ഷയാദ് ദൃഷ്ടം വിഷമാപരിഹാരിണാം എന്നുണ്ട്. ആയുസ്സും പുണ്യവും ക്ഷയിക്കുമ്പോഴാണ് പ്രാണികൾക്കു മരണം കാണപ്പെടുന്നത്. വിഷമത്തെ പരിഹരിയ്ക്കാത്തവർക്ക് ആയുസ്സും പുണ്യവും ക്ഷയിച്ചില്ലെങ്കിലും മരണം കാണപ്പെടുന്നു. പ്രകൃതി കൊണ്ടും മറ്റു പറയപ്പെട്ടിട്ടുള്ള ലക്ഷണങ്ങൾകൊണ്ടും ഊഹിയ്ക്കാവുന്നതാണ് ആയുസ്സ്. അങ്ങനെയുള്ള ആയുസ്സിനെത്തന്നെ പുണ്യം കൊണ്ടു കുറച്ചൊക്കെ നീട്ടിക്കൊണ്ടുപോകാവുന്നതാണ്. ഹിംസാദികളായ ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും ചെയ്യപ്പെടാവുന്ന പത്തു കാര്യങ്ങളെ പാപമെന്നും, അഹിംസാദികളായ പത്തു കാര്യങ്ങളെ പുണ്യമെന്നും പറയുന്നു. നിജവും ആഗന്തുവുമായി രോഗങ്ങളേയും അപകടങ്ങളേയും ആണ് വിഷമങ്ങൾ എന്നു പറയുന്നത്. യുക്തിവ്യപാശ്രയങ്ങളും ദൈവവ്യപാശ്രയങ്ങളുമായ ഔഷധങ്ങൾ (ചികിത്സ) രോഗത്തിനുപരിഹാരമായി വിധിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അങ്ങനെയുള്ള ചികിത്സകൊണ്ട് തികച്ചും സാധ്യമാക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിതത്തെ കഴിച്ചുകൂട്ടുവാനായി മരണത്തെ നീട്ടിക്കൊണ്ടുപോകാൻ കഴിയുമെന്നു ശാസ്ത്രം പറയുന്നു. അങ്ങനെയുള്ള രോഗമാണ് യാപ്യം. പഥ്യസേവയാ ലബ്ധാല്പസുഖം (പഥ്യത്തെ സേവിയ്ക്കുകകൊണ്ട് ലബ്ധമായ അല്പമായ ആശ്വാസത്തോടുകൂടിയതും) അല്പേന ഹേതുനാ ആശു പ്രവർത്തകം (ചെറുതായ കാരണം, അപഥ്യം കൊണ്ട്, വേഗത്തിൽത്തന്നെ മരണകരമായ പ്രക്രിയയെ പ്രവർത്തിപ്പിക്കുന്നതും) ഗംഭീരം (മേദസ്സു മുതലായ ധാതുക്കളെ ദുഷിപ്പിച്ചിട്ടുള്ളതും - രോഗത്തിനു ഉത്താനം ഗംഭീരം എന്നു രണ്ടവസ്ഥകളുണ്ട്. ഉത്താനമെന്നത് രസം, രക്തം, മാംസം എന്നിവയെ ആശ്രയിച്ചിരിയ്ക്കുന്നതും, അതി

ന്നപ്പുറം മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളെ ആശ്രയിച്ചിരിയ്ക്കുന്നതു ഗംഭീരവുമാകുന്നു. ദുഷ്ടങ്ങളായ ദോഷങ്ങൾ ധാതുക്കളെ ദുഷിപ്പിച്ചാണു രോഗത്തെ ഉണ്ടാകുന്നത്) ബഹുധാതുസ്ഥം (ഒന്നിലധികം ധാതുക്കളെ ആശ്രയിച്ചിരിക്കുന്നതും) മർമ്മസന്ധിസമാശ്രിതം ( മർമ്മങ്ങളേയും അസ്ഥിസന്ധികളേയും ആശ്രയിച്ചിരിയ്ക്കുന്നതും - മർമ്മാണ്യസ്ഥ്നാം ച സന്ധയഃ എന്ന മധ്യമരോഗമാർഗം പറയപ്പെട്ടിട്ടുണ്ട് - അതിനെ ആശ്രയിച്ചുണ്ടാവുന്ന രോഗത്തിനു ഗൗരവം കൂടും) നിത്യാനുശായിനം ( തീരെ വിട്ടുമാറാതെ എന്നും തുടർന്നുകൊണ്ടിരിയ്ക്കുന്നതും) ദ്വിദോഷജം (രണ്ടുദോഷങ്ങൾ കോപിച്ചിരിയ്ക്കുന്നതും) യാപ്യം വിദ്യാൽ (ആയ രോഗത്തെ യാപ്യമെന്നറിയണം) തദ്വൽ (യാപ്യലക്ഷണങ്ങൾ എല്ലാമുള്ളതും) ത്രിദോഷജം (മൂന്നുദോഷങ്ങളും കോപിച്ചിട്ടുള്ളതും) ക്രിയാപഥം അതിക്രാന്തം (ചികിത്സിച്ചിട്ടും ഒട്ടും തന്നെ കാര്യമില്ലാത്തത്, വൈരുധ്യവും മറ്റും കൊണ്ട് ചികിത്സിക്കുന്നതിന്നു യുക്തിയില്ലാത്തതും) സർവ്വമാർഗാനുസാരിണം (മൂന്നുരോഗമാർഗങ്ങളിലും വ്യാപിച്ചിരിയ്ക്കുന്നതും) ഔത്സുക്യാരതിസമ്മോഹകരം (ഔത്സുക്യത്തേയും അരതിയേയും സമ്മോഹത്തേയും ഉണ്ടാക്കുന്നതും - ഔത്സുക്യം ഉൽക്കണ്ഠ, അരതി കിടക്കുമരുങ്ങില്ലായ്ക, എന്തായാലും സുഖം തോന്നായ്ക, സമ്മോഹം മനസ്സിന്റെ ഭ്രമം) ഇന്ദ്രിയനാശനം (ഇന്ദ്രിയങ്ങളുടെ കഴിവുകളെ നശിപ്പിയ്ക്കുന്നതും) ദുർബലസ്യ (ബലം, ഓജസ്സു ക്ഷയിച്ചിരിയ്ക്കുന്നവന്നുണ്ടായിരിക്കുന്നതും) സുസംവൃദ്ധം (എല്ലാവിധത്തിലും തികച്ചും പൂർണതയിൽ എത്തിയിരിക്കുന്നതും) സാരിഷ്ടം ഏവ ച (അരിഷ്ടം, മരണലക്ഷണം, വ്യക്തമായിട്ടുള്ളതുമായ രോഗത്തെ) പ്രത്യാഖ്യേയം (ചികിത്സിച്ചിട്ടു പ്രയോജനമില്ലെന്നു) വിദ്യാൽ (അറിയേണ്ടതാകുന്നു)

ഭിഷജാ പ്രാക് പരീക്ഷ്യൈവം
വികാരാണാം സ്വലക്ഷണം
പശ്ചാൽ കർമ്മ സമാരംഭഃ
കാര്യഃ സാധ്യേഷു ധീമതാ /
സാധ്യാസാധ്യവിഭാഗജ്ഞോ
യഃ സമ്യക് പ്രതിപത്തിമാൻ
ന സ മൈത്രേയതുല്യാനാം
മിഥ്യാബുദ്ധിം പ്രകല്പയേൽ /

ഏവം വികാരാണാം സ്വലക്ഷണം പ്രാക്പരീക്ഷ്യ (ഇപ്രകാരം രോഗങ്ങളുടെ

അതാതവസ്ഥയിലുള്ള ലക്ഷണത്തെ, തുടക്കത്തിൽത്തന്നെ നിരീക്ഷിച്ചു പരീക്ഷിച്ചു മനസ്സിലാക്കി) പശ്ചാത്, സാധ്യേഷു രോഗേഷു (പിന്നീടു സാധ്യങ്ങളായ രോഗങ്ങളിൽ) ധീമതാ വൈദ്യേന (ബുദ്ധിമാനായ വൈദ്യനാൽ) കർമ്മസമാരംഭഃ കാര്യഃ (ചികിത്സയ്ക്കുള്ള ഉദ്യമം ചെയ്യപ്പെടേണ്ടതാകുന്നു) അറിവും പരിചയവും വെച്ച്, വഴിപോലെ ആലോചിച്ച്, സാധ്യമോ യാപ്യമോ പരിത്യാജ്യമോ എന്നു നിശ്ചയിച്ച് വേണം വൈദ്യൻ ഏറ്റു ചികിത്സിക്കുവാൻ ഒരുങ്ങുന്നതിന്ന്.) യഃ (യാതൊരുവൻ) സാധ്യാസാധ്യവിഭാഗജ്ഞഃ (സാധ്യം അസാധ്യം എന്നുള്ള രോഗങ്ങളുടെ വിഭാഗങ്ങളെക്കുറിച്ച് തികച്ചും അറിവുള്ളവനായി) സമ്യക് പ്രതിപത്തിമാൻ (വഴിപോലെ പ്രവർത്തിയ്ക്കുന്നവനായിരിയ്ക്കുന്നുവോ) സഃ (അങ്ങനെയുള്ള വൈദ്യൻ) മൈത്രേയതുല്യാനാം മിഥ്യാബുദ്ധിം ന പ്രകല്പയേൽ (മൈത്രേയനെപ്പോലെയുള്ളവർ പ്രകടിപ്പിച്ചതുപോലെ തെറ്റായ ധാരണയെ പ്രകടിപ്പിയ്ക്കുകയില്ല) വേണ്ടവിധം ചികിത്സിച്ചിട്ടുതന്നെ, ചിലരുടെ രോഗം മാറുന്നു, ചിലരുടെ രോഗം മാറുന്നില്ല, അത്രയൊന്നും ശ്രദ്ധിച്ചു ചികിത്സിക്കാതെതന്നെ ചിലരുടെ രോഗം മാറുന്നു. അതുകൊണ്ടു ചികിത്സിക്കുന്നതും ചികിത്സിക്കാതിരിക്കുന്നതും തമ്മിൽ എന്താണു വ്യത്യാസം, വ്യത്യാസം ഒന്നുമില്ല എന്നാണു മൈത്രേയൻ അഭിപ്രായപ്പെട്ടത്. ചികിത്സയുടെ ഫലം ചികിത്സ വേണ്ടപോലെ ആകുന്നതിനെ മാത്രമല്ലാശ്രയിച്ചിരിക്കുന്നത്, രോഗിയുടെ അവസ്ഥാവിശേഷങ്ങളെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്. അതെല്ലാം വഴിപ്പോലെ ആലോചിച്ചു ചെയ്യപ്പെടുന്ന ഉചിതമായ ചികിത്സ രോഗശമനത്തേയും ആരോഗ്യസിദ്ധിയേയും ഉണ്ടാക്കിക്കൊണ്ട് തികച്ചും ഫലിക്കുകതന്നെ ചെയ്യുന്നു. സദസ്സിൽ ഉന്നയിക്കപ്പെടുന്ന പൂർവ്വപക്ഷങ്ങൾക്കു എങ്ങിനെ യോഗ്യനായ ആചാര്യൻ, സംശയത്തിന്റെ അടിസ്ഥാനത്തെത്തന്നെ പരിഹരിച്ചുകൊണ്ട് ഉചിതമായ സമാധാനം നല്കണമെന്നതിന്നു ഈ സന്ദർഭം ഉദാഹരണമാകുന്നു, ഖുഡ്ഡാകചതുഷ്പാദത്തിൽ ചികിത്സയുടെ സാഫല്യത്തിനു ഒഴിച്ചുകൂടാത്ത പാദസമ്പത്തിനെ വിശദീകരിച്ചു. ആ പാദസമ്പത്തുതന്നെ പ്രയോജനപ്പെടുന്ന സാഹചര്യത്തെ മഹാചതുഷ്പാദമെന്ന പത്താമധ്യായത്തിൽ പറഞ്ഞു.

# തിസ്രൈഷണീയം

ഇഷ്യതേ അന്വിഷ്യതേ ഇതി ഏഷണാ. ഇച്ഛിയ്ക്കപ്പെടുന്നത്, അന്വേഷിയ്ക്കപ്പെടുന്നത് ഏഷണ. ജീവിതത്തിന്റെ സാഫല്യത്തിനു വേണ്ടി അന്വേഷിക്കപ്പെടുകയും സാധിക്കപ്പെടുകയും ചെയ്യേണ്ടവയാണ് ഏഷണകൾ. പ്രധാനമായി ഏഷണകൾ മൂന്നാണ്. മറ്റു ഏഷണകൾ എല്ലാംതന്നെ ഇവയിൽ ഉൾപ്പെടുന്നു. തിസ്രഃ ഏഷണാഃ എന്ന പദങ്ങൾ (വിഷയങ്ങൾ) ഉള്ളതായ അധ്യായത്തിനു തിസ്രൈഷണീയമെന്നു പറയുന്നു. മൂന്നു ഏഷണകളെ പ്രതിപാദിയ്ക്കുന്നത് എന്നാണർത്ഥമെങ്കിൽ, ത്രിലോകം എന്നും മറ്റും പോലെ ത്രൈ്യഷണമെന്നേവരു. പാദചതുഷ്ടയ സമ്പത്തിയുടെ പ്രയോജനമായ ആരോഗ്യം സിദ്ധമായാൽ, അരോഗമായ ശരീരം കൊണ്ടുസാധിക്കേണ്ടതെന്തെന്ന ജിജ്ഞാസയ്ക്കു സമാധാനമാണു ഈ അധ്യായത്തിൽ പറഞ്ഞിരിക്കുന്നത്.

പുരുഷേണാനുപഹതസത്വബുദ്ധിപൗരുഷപരാക്രമേണ ഹിതമിഹ ചാമുഷ്മിംശ്ച ലോകേ സമനുപശ്യതാ തിസ്രഃ ഏഷണാഃ പര്യേഷ്ടവ്യാ ഭവന്തി / തദ്യഥാ - പ്രാണൈഷണാധനൈഷണാ പരലോകൈഷണേതി /

ഇഹ ഖലു (ഈ ജീവിതത്തിലാകട്ടെ) അനുപ - ഹതസത്വബുദ്ധിപൗരുഷപരാക്രമേണ (രോഗം കൊണ്ട് ബാധിയ്ക്കപ്പെടാത്ത, ആരോഗ്യം കൊണ്ടു സമ്പന്നമായ സത്വം ബുദ്ധി, പൗരുഷം, പരാക്രമം എന്നിവയോടുകൂടിയവനും - സത്വം മനസ്സ് സഹിഷ്ണുതയേയും കുറിയ്ക്കുന്നു , ബുദ്ധി ചിന്തിയ്ക്കുന്നതിനുള്ള കഴിവിനെക്കുറിക്കുന്നു , പൗരുഷം ശാരീരികമായ സാമർത്ഥ്യം പരാക്രമം, വീര്യം) ഇഹ ലോകേ ച അമുഷ്മിൻ ലോകേ ച ഹിതം സമനുപശ്യതാ പുരുഷേണ (ഈ ജന്മത്തിലും ഇനിയൊരു ലോകത്തിലും ഹിതമായിട്ടുള്ളതിനെ വഴിപോലെ തിരിച്ചറിയുന്നവനുമായ മനുഷ്യനാൽ) തിസ്രഃഏഷണാഃ പര്യേഷ്ടവ്യാഃ ഭവന്തി (മൂന്നു ഏഷണകൾ അന്വേഷിക്കപ്പെടേണ്ടവയായിട്ടുണ്ട്) തദ്യഥാ (അതു എപ്രകാരമെന്നാൽ) പ്രാണൈഷണാ, ധനൈഷണാ, പരലോകൈഷണാ ഇതി (പ്രണൈഷണ ധനൈഷണ, പരലോകൈഷണ എന്നിങ്ങനെ) - പ്രാണനെ നിലനിർത്തുന്നതിനുള്ള താൽപര്യം പ്രാണൈഷണ, ധനത്തെ നേടാനും നിലനിർത്താനുമുള്ള താൽപര്യം ധനൈഷണ, പരലോകത്തിൽ, ഈ ജന്മം കഴിഞ്ഞാൽ മരണശേഷം ചെന്നെത്താനുള്ള ലോകത്തെക്കുറിച്ച് അതു സുഖസമ്പന്നമായിരിക്കണമെ

ന്ന താൽപര്യം പരലോകൈഷണ. മറ്റു താൽപര്യങ്ങളെല്ലാം മൗലികങ്ങളായ ഈ മൂന്നു താല്പര്യങ്ങളിൽപ്പെടുന്നു.

ആസാം തു ഖലു ഏഷണാനാം പ്രാണൈഷണാം താവൽ പൂർവ്വതരമാപദ്യേത / കസ്മാത് / പ്രാണപരിത്യാഗേ ഹി സർവ്വപരിത്യാഗഃ / തസ്യാനുപാലനം - സ്വസ്ഥ വൃത്താനുവൃത്തിഃ / ആതുരസ്യ വികാരപ്രശമനേ *f* പ്രമാദഃ / തദുഭയമേതദുക്തം വക്ഷ്യതേ ച / തദ്യഥോക്തമനുവർത്തമാനഃ പ്രാണാനുപാലനാദ്ദീർഘമായു രവാപ്നോതീതി പ്രഥമൈഷണാ വ്യാഖ്യാതാ ഭവതി /

ആസാം ഏഷണാനാം തു ഖലു (ഈ മൂന്നു ഏഷണകളിൽ വെച്ചാകട്ടെ) പ്രാണൈഷണാം താവൽ പൂർവ്വതരമാപദ്യേത (പ്രാണൈഷണയെ ആകട്ടെ മറ്റു ള്ളവയിൽ വെച്ചു ഏറ്റവും ഒന്നാമത്തേതായി അറിയണം) പ്രണൈഷണ ജീവ നിൽക്കൊതി ഏറ്റവും ഒന്നാമത്തേതാകുന്നു. അതു ജന്തുസഹജം തന്നെയാ ണല്ലോ. പരലോകൈഷണ മരണത്തെക്കുറിച്ചു ചിന്തിക്കുന്നവർക്കേയുള്ളു. മറ്റു രണ്ടു ഏഷണകളിൽ വെച്ചു എന്നു പൂർവ്വതരം എന്നു തരവ് പ്രത്യേയം ചേർത്തു പറഞ്ഞിരിയ്ക്കകൊണ്ടൂഹിയ്ക്കാം. (ജീവിച്ചിരിയ്ക്കണമെന്നതും ജീവിതത്തിൽ സാധനം വേണം എന്നതും എല്ലാവർക്കും ഒരു പോലെയുള്ളതാണല്ലോ. കസ്മാത് (എന്തുകൊണ്ട്) പ്രാണപരിത്യാഗേ സർവ്വത്യാഗഃ (പ്രാണനെവെടിഞ്ഞാൽ, അതോ ടുകൂടി എല്ലാം തന്നെ വെടിയപ്പെടുന്നു.) തസ്യ അനുപാലനം (പ്രാണന്റെ പരി പാലനമാകട്ടെ) സ്വസ്ഥസ്യ (സ്വസ്ഥന്നു, ആരോഗ്യമുള്ളവന്നു) സ്വസ്ഥവൃത്താ നുവൃത്തിഃ (സ്വസ്ഥവൃത്തത്തിന്റെ, സ്വസ്ഥന്നു ആരോഗ്യരക്ഷണത്തിനു വിധി ച്ചിട്ടുള്ള ഹിതചര്യയുടെ - അനുസരണവും) ആതുരസ്യ (രോഗിയ്ക്കു) വികാര പ്രശമനെ അപ്രമാദഃ (രോഗത്തെ ശമിപ്പിക്കുന്ന വിഷയത്തിൽ തെറ്റുപറ്റായ്കയും ആകുന്നു) തദ് ഏതത് ഉഭയം ഉക്തം (അതു രണ്ടുമാകുന്ന ഇത് ഇതുവരെ പല വിധത്തിൽ പറയപ്പെട്ടിട്ടുണ്ട്) വക്ഷ്യതേ ച (ഇനി പറയപ്പെടുന്നുമുണ്ട്) അതു ര ണ്ടുമാണ് ഒരു ശാസ്ത്രമെന്ന നിലയിൽ ആയുർവേദത്തിന്റെ പ്രതിപാദ്യം. മറ്റു പറയപ്പെടുന്നതെല്ലാം പ്രാസംഗികമായി വന്നുചേരുന്നതാകുന്നു. തദ് യഥോക്തം അനുവർത്തമാന ഃ (അതെല്ലാം വഴിപോലെ അനുസരിച്ചു ജീവിയ്ക്കുന്നവൻ) ദീർഘം ആയുഃ അവാപ്നോതി (ദീർഘമായ ആയുസ്സിനെ ലഭിക്കുന്നു) ഇതി പ്രഥമാ ഏഷണ വ്യാഖ്യാതാ ഭവതി (എന്നിങ്ങനെ ഒന്നാമത്തെ ഏഷണയായ പ്രാണൈഷണ വ്യാഖ്യാനിയ്ക്കപ്പെട്ടു) ഒന്നാമതായി പറയപ്പെട്ടതുകൊണ്ട് മാത്ര മല്ല പ്രാധാന്യം കൊണ്ടും പ്രാണൈഷണ ഒന്നാമത്തേതാകുന്നു. ജീവിച്ചിരിക്കുന്ന

മനുഷ്യനെ സംബന്ധിച്ചുമാത്രമാണല്ലോ എല്ലാം പ്രസക്തമാകുന്നത്.

അഥ ദ്വിതീയാം ധനൈഷണാമാപദ്യേത / പ്രാണേഭ്യോ ഹ്യനന്തരം ധനമേവ പര്യേഷ്ടവ്യം ഭവതി / ന ഹ്യതഃ പാപാൽ പാപീയോ $f$ സ്തി യദനുപകരണസ്യ ദീർഘമായുഃ / തസ്മാദുപകരണാനി പര്യേഷ്ടും യതേത / തത്രോപകരണോപായാനനു വ്യാഖ്യാസ്യാമഃ / തദ്യഥാ / കൃഷിപാശുപാല്യ വാണിജ്യരാജോപസേവാദീനി / യാനി ചാന്യാന്യപി സതാമവിഗർഹിതാനി കർമ്മാണി വൃത്തിപുഷ്ടികരാണി വിദ്യാത്താന്യാരഭേത കർത്തും / തഥാ കുർവൻ ദീർഘജീവിതം ജീവന്നനവമത: പുരുഷോ ഭവതി / ഇതി ധനൈഷണാ വ്യാഖ്യാതാ ഭവതി /

അഥ ദ്വിതീയാം ധനൈഷണാം ആപദ്യേത (അനന്തരം രണ്ടാമത്തേതായ ധനൈഷണയെക്കുറിച്ചു അറിയണം) പ്രാണേഭ്യ: അനന്തരം ധനം ഏവ പര്യേഷ്ടവ്യം ഭവതി (പ്രാണന്നു ശേഷം ധനം തന്നെയാണ് അന്വേഷിയ്ക്കപ്പെടേണ്ടതായിരിക്കുന്നത്) അത: പാപാത് പാപീയോ ന അസ്തി ഹി യദ് അനുപകരണസ്യ ദീർഘം ആയു : (ജീവിതത്തിനുവേണ്ട ഉപകരണങ്ങൾ ഇല്ലാത്തവന്റെ ദീർഘമായ ആയുസ്സ് എന്നപോലെ പാപങ്ങളിൽ വെച്ചു ഏറ്റവും പാപമായി മറ്റൊന്നില്ല). പാപത്തിനു ഇവിടെ പാപത്തിന്റെ ഫലമായ ദു:ഖമെന്നു അർത്ഥമാകുന്നു. തസ്മാത് ഉപകരണാനി പര്യേഷ്ടും യതേത (അതുകൊണ്ട് ഉപകരണങ്ങളെ അന്വേഷിയ്ക്കുന്നതിന്, സമ്പാദിയ്ക്കുന്നതിന് യത്നിക്കണം. ഇവിടെ ഉപകരണങ്ങൾ എന്നതുകൊണ്ട് അവശ്യവസ്തുക്കളെ സമ്പാദിയ്ക്കുന്നതിനുള്ള ഉപായങ്ങൾ എന്നു താൽപര്യമാകുന്നു). തത്ര ഉപകരണോപായാൻ അനുവ്യാഖ്യാസ്യാമ: (ആ വിഷയത്തിൽ ഉപകരണങ്ങളെ, സാധനസാമഗ്രികളെ നേടുന്നതിനുള്ള ഉപായങ്ങളെ ഇനി വിവരിയ്ക്കാം) തത് യഥാ (അതു എപ്രകാരമെന്നാൽ) കൃഷിപാശുപാല്യവാണിജ്യ രാജോപസേവാദീനി (കൃഷി, ഗോസംരക്ഷണം, വാണിജ്യം, കച്ചവടം, രാജോപസേവ സർക്കാരുദ്യോഗം മുതലായവ) സതാം അവിഗർഹിതാനി യാനി അന്യാനി അപി വൃത്തിപുഷ്ടികരാണി കർമ്മാണി വിദ്യാൽ (സജ്ജനങ്ങൾ ആക്ഷേപിയ്ക്കാത്തവയായി, ഉപജീവനത്തേയും ഐശ്വര്യത്തേയും നൽകുന്നവയായി മറ്റു ഏതു കർമ്മങ്ങൾ അറിയപ്പെടുന്നുവോ) താനി കർത്തും ആരഭേത (അവയെ ചെയ്യാനും തുടങ്ങേണ്ടതാണ്) തഥാ കുർവ്വൻ ദീർഘജീവിതം ജീവൻ പുരുഷ: അനവമത: ഭവതി (അങ്ങനെ ചെയ്തുകൊണ്ടു ദീർഘായുസ്സായിരിക്കുന്ന പുരുഷൻ നിന്ദിയ്ക്കപ്പെടാതെ ബഹുമാനിയ്ക്കപ്പെട്ടവനാകുന്നു) ഇതി ദ്വിതീയാ ധനൈഷണാ വ്യാഖ്യാതാ ഭവതി (ഇപ്രകാരം രണ്ടാമത്തേതായ ധനൈ

ഷണ വ്യാഖ്യാനിയ്ക്കപ്പെട്ടു).

മറ്റുള്ളവർക്ക് സഹായകരമായി സമൂഹത്തിനു പ്രയോജനകരമാകണം ധനസമ്പാദനത്തിനുള്ള ഉപായം, ഉപജീവനമാർഗ്ഗം. പരോപഘാത ക്രിയയാ വർജ്ജയേദാർജ്ജനം ശ്രിയ: അന്യരെ ദ്രോഹിയ്ക്കുന്ന പ്രവൃത്തികൊണ്ട് ധനത്തെ സമ്പാദിയ്ക്കുവാൻ ഉദ്യമിയ്ക്കരുത് എന്നു വാഗ്ഭടൻ പറയുന്നു. സ്വാർത്ഥത്തെ സമ്പാദിയ്ക്കുന്നതിനുള്ള ഉദ്യമം പുണ്യമായിത്തീരണം. അങ്ങനെയുള്ളവനു പുണ്യത്തിനുവേണ്ടി മറ്റൊന്നും പ്രത്യേകിച്ചു ചെയ്യേണ്ടതില്ല. അർത്ഥത്തെ ധർമ്മംകൊണ്ടു നേടണം, എന്നാലേ സുഖസാധനമായിത്തീരുകയുള്ളൂ. ആയു:കാമയമാനേന ധർമ്മാർത്ഥസുഖസാധനം ആയുർവേദോപദേശേഷു വിധേയ: പരമാദര: എന്ന വാഗ്ഭടവചനം ശ്രദ്ധേയമാകുന്നു.

അഥ തൃതീയാം പരലോകൈഷണാമാപദ്യേത / സംശയശ്ചാത്ര / കഥം / ഭവിഷ്യാമ ഇതശ്ച്യുതാ ന വേതി / കുത: പുന: സംശയ: ഇതി / ഉച്യതേ / സന്തി ഏകേ പ്രത്യക്ഷപരാ: / പരോക്ഷത്വാൽ പുനർഭവസ്യ നാസ്തിക്യമാശ്രിതാ: / സന്തി ചാഗമപ്രത്യയാദേവ പുനർഭവമിച്ഛന്തി / ശ്രുതിഭേദാച്ച / മാതരം പിതരം ചൈകേ മന്യന്തേ ജന്മ കാരണം / സ്വഭാവം പരനിർമ്മാണം യദൃച്ഛാം ചാപരേ ജനാ: / ഇതി / അത: സംശയ: / കിന്നു ഖലസ്തി പുനർഭവോ ന വേതി /

അഥ തൃതീയാം പരലോകൈഷണാം ആപദ്യേത (ഇനി മൂന്നാമത്തേതായ പരലോകൈഷണയെക്കുറിയ്ക്കാം) അത്രസംശയഃ ച (ഈ വിഷയത്തിൽ സംശയമുണ്ട്) കഥം (എങ്ങനെ) ഇതഃ ച്യുതാഃ ഭവിഷ്യാമഃ ന വാ ഇതി (ഈ ലോകത്തിൽ നിന്നും മരിച്ചു പോയാൽ, പിന്നെ ഉണ്ടാകുമോ ഇല്ലയോ എന്നിങ്ങനെ) കുതഃ പുനഃ സംശയഃ ഇതി (എന്തുകൊണ്ടാണ് സംശയമുണ്ടാകുന്നത് എന്നാണെങ്കിൽ) ഉച്യതേ (പറയാം) പ്രത്യക്ഷപരാഃ ഏകേ സന്തി ഹി (പ്രത്യക്ഷത്തിൽ, ഇന്ദ്രിയങ്ങൾകൊണ്ട് അറിയുന്നതിൽ മാത്രം വിശ്വസിക്കുന്ന ഇന്ദ്രിയങ്ങൾ കൊണ്ട് അറിയുന്നതിൽ, മാത്രം വിശ്വസിക്കുന്ന ചിലർ, ചാർവാകന്മാർ മുതലയാവർ ഉണ്ടല്ലോ) പുനർഭവസ്യ പരോക്ഷത്വാൽ നാസ്തിക്യം ആശ്രിതാഃ (പുനർജന്മം പ്രത്യക്ഷമല്ലാത്തതുകൊണ്ട്, നാസ്തിക്യത്തിൽ ഉറച്ചുനിൽക്കുന്നവരായി) നേരിട്ടു പ്രത്യക്ഷം കൊണ്ടു അറിയാൻ കഴിയുന്നതുമാത്രമേയുള്ളു, പുനർജന്മവും പരലോകവും ആത്മാവും പുണ്യവും പാപവും ധർമ്മവും അധർമ്മവും ഒന്നും തന്നെ പ്രത്യക്ഷമായി അറിയാൻ കഴിയുകയില്ല, അതു

കൊണ്ട് ഇല്ലഎന്നു കരുതുന്നവരാണ് നാസ്തികന്മാർ, അവരുടെ അഭിപ്രായമാണു നാസ്തിക്യം. അപരേ സന്തിച (മറ്റുചിലരും ഉണ്ടല്ലോ) തേ ആഗമപ്രത്യയാൽ ഏവ പുനർഭവം ഇച്ഛന്തി (അവർ, നേരിട്ടു അനുഭവമില്ലെങ്കിലും, ആഗമത്തിന്റെ, ആപ്തവാക്യത്തിന്റെ പ്രത്യയം കൊണ്ടു, തെളിവുകൊണ്ടുതന്നെ പുനർജ്ജന്മത്തേയും പരലോകത്തേയും അംഗീകരിക്കുന്നു) ശ്രുതിഭേദാൽ ച (മറ്റുതരത്തിൽ ആപ്തവാക്യങ്ങൾ ഉള്ളതുകൊണ്ടും) ഏകേ മാതരം പിതരം ച ഏവ ജന്മകാരണം മന്യന്തേ (ചിലർ അമ്മയേയും അച്ഛനേയും തന്നെ ജന്മത്തിനുകാരണമെന്നു കരുതുന്നു) ഏകേ സ്വഭാവം മന്യന്തേ (ചിലർ അതാതിന്റെ സ്വഭാവം കൊണ്ടു ജന്മമുണ്ടാവുന്നതായികരുതുന്നു. സ്ത്രീ പുരുഷ സംയോഗം നടക്കുന്ന സമയത്തെല്ലാം സന്താനം ഉണ്ടാകാത്തതുകൊണ്ട്, ജനിയ്ക്കുന്ന സന്താനത്തിന്റെ സ്വഭാവംകൊണ്ടാണ് ജന്മം ഉണ്ടാവുന്നത് എന്നു കരുതുന്നു). പരേ പരനിർമ്മാണം മന്യന്തേ (ചിലരാകട്ടെ പരനിർമ്മാണമായി, പരനായ ഈശ്വരനാൽ, മറ്റൊന്നിന്റെയും പ്രസക്തി കൂടാതെ ഉണ്ടാക്കപ്പെടുന്നതാണു ഇതെല്ലാം എന്നു കരുതുന്നു). അപരേ ജനാഃ യദൃച്ഛാം മന്യന്തേ (മറ്റുചിലർ എല്ലാം യദൃച്ഛയായിഃ കരുതുന്നു. പ്രത്യേകിച്ചൊരുകാരണം കൂടാതെ ഉണ്ടാകുന്നതായി സങ്കല്പിക്കുന്നു.) തികച്ചും തൃപ്തികരമായി, പൂർവ്വപക്ഷത്തിനു സാധ്യതയില്ലാതെ പറയാൻ കഴിയാത്തതുകൊണ്ടാണു യാദൃച്ഛികമെന്നു കരുതുന്നത്. അതഃ സംശയഃ (അതുകൊണ്ടാണു സംശയം) കിം നു ഖലു പുനർഭവഃ അസ്തി വാ ന വാ ഇതി (പുനർജന്മം ഉണ്ടോ ഇല്ലയോ എന്നിങ്ങനെ) ഇങ്ങനെ അനേകാഭിപ്രായങ്ങൾ ഉള്ളതാണു സംശയത്തിന്നു കാരണം.

തത്ര ബുദ്ധിമാന്നാസ്തിക്യബുദ്ധിം ജഹ്യാൽ വിചികിത്സാം ച / കസ്മാൽ / പ്രത്യക്ഷം ഹ്യൽപം / അനല്പമപ്രത്യക്ഷമസ്തി / യദാഗമാനുമാന യുക്തിഭിരുപലഭ്യതേ / യൈരേവ താവദിന്ദ്രി യൈഃ പ്രത്യക്ഷമുപലഭ്യതേ താന്യേവ സന്തി ചാപ്രത്യക്ഷാണി /

തത്ര (ഈ വിഷയത്തിൽ) ബുദ്ധിമാൻ നാസ്തിക്യബുദ്ധിം ജഹ്യാൽ (ബുദ്ധിയുള്ളവൻ നാസ്തിക്യത്തിലുള്ള വിചാരത്തെ ഉപേക്ഷിയ്ക്കണം) വിചികിത്സാം ച (സംശയത്തേയും ഉപേക്ഷിയ്ക്കണം) കസ്മാത് (എന്തുകൊണ്ടെന്നാൽ) പ്രത്യക്ഷം ഹി അല്പം ( പ്രത്യക്ഷം കൊണ്ടു അറിയപ്പെടുന്നത് വളരെ കുറച്ചു മാത്രമാകുന്നു) അപ്രത്യക്ഷം അനല്പം അസ്തി (പ്രത്യക്ഷം കൊണ്ടു അറിയപ്പെടാത്തതാണ് വളരെയധികവും) യദ് ആഗമാനുമാനയുക്തിഭിഃ ഉപലഭ്യതേ

(യാതൊന്ന് ആഗമം കൊണ്ടും അനുമാനം കൊണ്ടും യുക്തികൊണ്ടും അറിയ പ്പെടുന്നു അതു അനല്പമാകുന്നു എന്നു താൽപര്യം) യൈഃ ഏവ താവത് ഇന്ദ്രിയൈഃ പ്രത്യക്ഷം ഉപലഭ്യതേ (യാതൊരു ഇന്ദ്രിയങ്ങൾ കൊണ്ടാണോ പ്രത്യക്ഷം അറിയപ്പെടുന്നത്), താനി ഇന്ദ്രിയാണി ഏവ അപ്രത്യക്ഷാണി സന്തി (ആ ഇന്ദ്രിയങ്ങൾ തന്നെ പ്രത്യക്ഷങ്ങളല്ല).

പുനർജന്മമുണ്ട് എന്നുള്ള സ്വപക്ഷത്തെ സ്ഥാപിക്കുന്നതിനുള്ള ഉദ്യമമാണിത്. ഇതുപോലെ അന്യാഭിപ്രായങ്ങളെ സ്ഥാപിക്കാനാഗ്രഹിക്കുന്നവർക്ക്, അവരു ടേതായ പക്ഷങ്ങളെ സ്ഥാപിക്കുന്നതിനുള്ള വാദങ്ങളെ ഉന്നയിക്കാൻ കഴിയു മെന്നുപറയാം. ആയുർവേദം പുനർജന്മത്തെ സാമാന്യമായി അംഗീകരിക്കുന്നു. പുനർജന്മത്തെ അംഗീകരിക്കുക കൊണ്ടേ പല പ്രശ്നങ്ങൾക്കും സമാധാനം പറയാൻ കഴിയുന്നുള്ളു.

സതാം ച രൂപാണാമതിസന്നികർഷാദതിവിപ്രകർഷാദാവരണാൽ കരണ ദൗർബല്യാൻമനോനവസ്ഥാനാൽ സമാനാഭിഹാരാദഭിഭവാദതിസൗക്ഷ്മ്യാച്ച പ്രത്യക്ഷാനുപലബ്ധിഃ / തസ്മാദപരീക്ഷിതമേതദുച്യതേ - പ്രത്യക്ഷമേവാസ്തി / നാന്യദസ്തീതി /

സതാം ച രൂപാണാം പ്രത്യക്ഷാനുപലബ്ധിഃ (ഉള്ള വസ്തുക്കളെത്തന്നെ പ്രത്യക്ഷംകൊണ്ടു അറിയാൻ കഴിയുന്നില്ല - ഇന്ദ്രിയം കൊണ്ടുള്ള അറിവാണു പ്രത്യക്ഷം) അതിസന്നികർഷാൽ (അത്യന്തമായ അടുപ്പം കൊണ്ട് - കണ്ണിലുള്ള പീളയെ കണ്ണാടിയിൽ നോക്കിയല്ലാതെകാണാൻ കഴിയുന്നില്ല) അതിവിപ്ര കർഷാൽ (അതിയായ അകൽച്ചകൊണ്ട്; ഒരു പരിധിവിട്ടു അകന്നിരിക്കുന്ന തിനെ കാണാൻ കഴിയുന്നില്ല അതുപോലെ കേൾക്കുന്നതിന്നും) ആവരണാൽ (മറ ഉള്ളതുകൊണ്ടു) കരണദൗർബല്യാൽ (ഇന്ദ്രിയത്തിന്റെ ദൗർബല്യംകൊണ്ട്) മനോനവസ്ഥാനാൻ (മനസ്സിരിയ്ക്കായ്കകൊണ്ട്) സമാനാഭിഹാരാൽ (ഒരു പോലെയുള്ള അനേകങ്ങളിൽപ്പെടുകകൊണ്ട് - വളരെ കാക്കകളുടെ ഇട യിൽപ്പെട്ട ഒരു കാക്കയെ തിരിച്ചറിയാൻ കഴിയുന്നില്ല) അഭിഭവാൽ (ബാധിക്ക പ്പെടുകകൊണ്ട് ; വെടിക്കെട്ടിന്റേയും മറ്റും മുഴക്കത്തിൽ, സാധാരണ ശബ്ദം തിരിച്ചറിയപ്പെടുന്നില്ല, വലിയ തിളക്കമുള്ളപ്പോൾ, സാധാരണരൂപത്തെ കണ്ണിന്നു കാണാൻ കഴിയുന്നില്ല) പ്രത്യക്ഷമേവ അസ്തി (അതുകൊണ്ടു പ്രത്യക്ഷം മാ ത്രമേ ഉള്ളു) ന അന്യത് അസ്തി ഇതി (അനുമാനം മുതലായ മറ്റൊന്നുമില്ല എന്ന്)

അപരീക്ഷിതമേതത് ഉച്യതേ (പരീക്ഷിക്കാതെ പറയപ്പെടുന്നതാകുന്നു.)

ശ്രുതയശ്ചൈതാ ന കാരണം / യുക്തിവിരോധാൽ / ആത്മാ മാതുഃ പിതുർവാ യഃ സോപത്യം യദി സഞ്ചരേൽ / ദ്വിവിധം സഞ്ചരേദാത്മാ: സർവേ വാവയവേന വാ / സർവ്വശ്ചേൽ സഞ്ചരേന്മാതു: പിതുർവാ മരണം ഭവേൽ / നിരന്തരം, നാവയവഃ കശ്ചിത്സൂക്ഷ്മസ്യ ചാത്മനഃ /

ഏതാഃ ശ്രുതയഃ ച ന കാരണം (ഈ ശ്രുതിവാക്യങ്ങളും പുനർന്മമില്ല എന്നതിനു കാരണമാകുന്നില്ല) യുക്തി വിരോധാൽ (യുക്തിക്കു വിരോധമാകകൊണ്ട് - ഉപപത്തിയില്ലാത്തതുകൊണ്ട്, അനുഭവത്തിനു നിരക്കാത്തതുകൊണ്ട്. യുക്തിക്കും അനുഭവത്തിനും നിരക്കാത്ത വേദവാക്യം പ്രമാണമാകുന്നില്ല എന്നുണ്ട്) സന്താനത്തിന്റെ ശരീരം മാതാവിന്റേയും പിതാവിന്റേയും ബീജങ്ങൾ കലർന്നു വളർന്നുണ്ടാവുന്നതാണ്. എന്നാൽ ആത്മാവിനെക്കുറിച്ചു അങ്ങനെ പറഞ്ഞുകൂട. സന്താനത്തിനു അതിന്റേതായ ആത്മാവുണ്ട് എന്നതു സർവ്വസമ്മതമാകുന്നു. ആത്മാ മാതുഃ പിതുഃ വാ (ആത്മാവു മാതാവിൽനിന്നോ പിതാവിൽ നിന്നോ സന്താനത്തിന്നുണ്ടാവുന്നത്) യഃ സഃ (യാതൊരു ആത്മാവ്) യദി സഞ്ചരേൽ (അപ്രകാരം സഞ്ചരിയ്ക്കുന്നുവെങ്കിൽ) ആത്മാദ്വിവിധം സഞ്ചരേൽ (ആത്മാവു രണ്ടുതരത്തിൽ സഞ്ചരിക്കണം - മാതാവിന്റേയും പിതാവിന്റേയുമായി) സർവ്വഃ വാ അവയവേന വാ (മുഴുവനായിത്തന്നെ, അല്ലെങ്കിൽ ഭാഗമായി) സർവ്വം സഞ്ചരേൽ മാതുഃ പിതുഃ വാ നിരന്തരം മരണം ഭവേൽ (മുഴുവനായി സഞ്ചരിക്കുമെങ്കിൽ അമ്മയുടെ ആത്മാവാണെങ്കിൽ അമ്മയും അച്ഛന്റെ ആത്മാവാണെങ്കിൽ അച്ഛനും ഉടനെത്തന്നെ മരണമുണ്ടാകണം. ആത്മാവു വേർപെടുന്ന അവസ്ഥയാണല്ലോ മരണം) അച്ഛന്റേയും അമ്മയുടേയും ആത്മാവിന്റെ ഒരു അംശമാണു സന്താനത്തിലേക്കു പകരുന്നതെങ്കിൽ) സൂക്ഷ്മസ്യ ആത്മനഃ കശ്ചിത് അവയവഃ ച ന അസ്തി (സൂക്ഷ്മമായ അത്മാവിന്നു, വേറിട്ടു പുത്രനിൽ എത്തുന്നതിനു ഒരു അവയവവും ഇല്ല - സ്ഥൂലമായ വസ്തുവിനെ മാത്രമേ ഭാഗിക്കാൻ കഴിയുകയുള്ളൂ, സൂക്ഷ്മമായി സങ്കല്പിക്കപ്പെട്ടിരിക്കുന്ന അത്മാവിനും മനസ്സിനും ബുദ്ധിക്കും മറ്റും അവയവം, അംശം ഇല്ല.)

ബുദ്ധിർമനശ്ച നിർണീതേ യഥൈവാത്മാ തഥൈവ തേ /
യേഷാം ചൈഷാം മതിസ്തേഷാം യോഹിർന്നാസ്തി ചതുർവിധാ //

ബുദ്ധിഃ മനഃ ച നിർണീതേ (ബുദ്ധിയും മനസ്സും പ്രമാണം കൊണ്ടു നിർണയിക്കപ്പെട്ടവയാകുന്നു) യഥാ ഏവ ആത്മാ തഥാ ഏവ തേ (എപ്രകാരമാണു അത്മാവു അപ്രകാരം തന്നെയാണ് അവയും) കേവലം ഭൗതികമായ ശരീരത്തിനു ചലനമില്ല. ചലനം ഉണ്ടാകുന്നതിനു ചൈതന്യം വേണം. ശരീരത്തിന്നു ചൈതന്യം നല്കുന്നതു അതിൽ സ്ഥിതിചെയ്യുന്ന ആത്മാവാകുന്നു. ആത്മാവു വിട്ടുപോകുമ്പോൾ ചൈതന്യം നഷ്ടമാകുന്നു. പഞ്ചഭൂതങ്ങളും സംഘടിതമായിരിക്കുന്നതാണ് ശരീരം - ശരീരത്തിലെ പഞ്ചഭൂതങ്ങളേയും സംഘടിപ്പിച്ചു നിർത്തുന്നത് ആത്മാവാണ്. മാതാപിതാക്കന്മാരുടെ ബീജങ്ങൾ സംയോജിക്കുമ്പോൾ ആത്മാവിന്റെ അനുപ്രവേശം കൊണ്ടാണ് ചൈതന്യമുണ്ടായി ഗർഭത്തിന്റെ വളർച്ചയുണ്ടാകുന്നത്. പ്രസവശേഷം സന്താനത്തിന്റെ വളർച്ചയ്ക്കും കാരണമതാകുന്നു. ആത്മാവു വേറിട്ടാൽ മരണമായി, അപ്പോൾ അഞ്ചു ഭൂതങ്ങളും വിഘടിതമാകുന്നു. അഞ്ചും അഞ്ചായി വേർതിരിയുന്നു. അഞ്ച് എന്ന അവസ്ഥയെ പ്രാപിക്കുന്നു. അതുകൊണ്ടാണ് മരണത്തിന് പഞ്ചത എന്നു പേരുണ്ടായത്. ബുദ്ധിയുടേയും മനസ്സിന്റേയും സ്ഥിതി അതാകുന്നു. ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് ബുദ്ധികൊണ്ടാണ്. മനസ്സ് ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിച്ചു വിഷയങ്ങളെ ഗ്രഹിക്കുന്നതിൽ സഹകരിക്കുന്നു. ബുദ്ധിയും മനസ്സും ഇങ്ങനെയാണു ഊഹിക്കപ്പെടുന്നത്. ആത്മാവിന്റെ സാന്നിധ്യത്തിലേ ബുദ്ധിയും മനസ്സും പ്രവർത്തിയ്ക്കുകയുള്ളൂ. ബുദ്ധിയ്ക്കും മനസ്സിനും ഇങ്ങനെ കർമ്മഭേദമുണ്ടാകാമെങ്കിലും, മനസ്സു എന്ന സങ്കല്പത്തിൽ ബുദ്ധിയും ഉൾപ്പെട്ടിരിക്കുന്നു. സത്വമാത്മാ ശരീരം ച ത്രയമേതൽ ത്രിദണ്ഡവൽ - സത്വം മനസ്സ് - മനസ്സും ആത്മാവും ശരീരവും - മൂന്നുകാലുകളുള്ള പീഠം പോലെയാണ്. മനുഷ്യൻ എന്നുപറയുന്നത് അവ മൂന്നും ഉൾപ്പെടുന്നതാണ്. അവിടെ മനസ്സു ബുദ്ധികൂടി അടങ്ങിയതാകുന്നു. ഞാൻ എന്ന അഭിമാനത്തിനു ആശ്രയമായ അഹങ്കാരവും, വാസനകൾക്കു ആശ്രയമായ ചിത്തവും വിചാരിക്കുന്ന ബുദ്ധിയും ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്ന മനസ്സും ആകുന്ന നാലു ഘടകങ്ങൾ ഉൾപ്പെടുന്ന മനസ്സിനെ സാമാന്യമായി അന്തഃകരണം എന്നു പറയപ്പെടുന്നു. യേഷാം ച ഏഷാ മതിഃ (ആർക്കാണോ ചൈതന്യം സന്താനത്തിനു മാതാപിതാക്കളിൽ നിന്നും ലഭിക്കുന്നതാണു എന്ന അഭിപ്രായം) തേഷാം ചതുർവിധാ യോനിഃ ന അസ്തി (അവർക്ക്, ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം എന്നിങ്ങനെ ജീവികളുടെ നാലുതരത്തിലുള്ള ഉൽപ്പത്തിയെ അംഗീകരിക്കാൻ കഴിയുകയില്ല.) ഗർഭാശയത്തിൽ ജരായുവിനാൽ സംരക്ഷിക്കപ്പെട്ടു, യഥാസ

മയം പ്രസവിച്ചുണ്ടാവുന്നതാണ് ജരായുജം. ജരായു മറുപിള്ള. അണ്ഡജം മുട്ട വിരിഞ്ഞുണ്ടാവുന്നത്. ഈ രണ്ടു ഉൽപത്തിയിലും മാതാവും പിതാവും ഉണ്ട് എന്നു വ്യക്തമാണ്. എന്നാൽ സ്വേദജം എന്നു പറയപ്പെടുന്ന മശകം (കൊതു) മുതലാവയ്ക്കും ഭൂമി പിളർന്നുണ്ടാവുന്ന ഉദ്ഭിജ്ജമായ ഗണ്ഡൂപദം (ഞാഞ്ഞൂൽ) മുതലായവയ്ക്കും പ്രത്യക്ഷത്തിൽ മാതാപിതാക്കൾ അറിയപ്പെടാത്തതുകൊണ്ടും, അവയ്ക്കു ചലനം കൊണ്ടു പ്രത്യക്ഷമാകുന്ന ചൈതന്യം ഉള്ളതുകൊണ്ടും ചൈതന്യം (ആത്മാവ്) മാതാപിതാക്കളിൽ നിന്നു സിദ്ധിക്കുന്നതാണ് എന്ന അഭിപ്രായം അസാധുവാകുന്നു എന്നുതാൽപര്യം

വിദ്യാത് സ്വാഭാവികം ഷണ്ണാം
ധാതുനാം യൽ സ്വലക്ഷണം
സംയോഗേ ച വിഭാഗേ ച
തേഷാം കർമ്മൈവ കാരണം

ഷട്ധാതുകോയം പുരുഷഃ. രോഗാരോഗ്യങ്ങൾക്കു അധിഷ്ഠാനമായും ആതുരവൃത്തത്തിന്നും സ്വസ്ഥവൃത്തത്തിനും അധികാരിയായും പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പുരുഷൻ, (ആൾ എന്നുപറയാം) ആറുധാതുക്കളോടുകൂടിയവനാണു എന്നുപറയപ്പെട്ടിരിക്കുന്നു. ധാതു എന്നതിന്നു ധരിക്കുന്നത്, നിലനിർത്തുന്നത് എന്നർത്ഥം. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്ന പഞ്ചഭൂതങ്ങളും ആത്മാവുമാണു പുരുഷന്റെ ആറുധാതുക്കൾ. ഷണ്ണാം ധാതൂനാം സ്വലക്ഷണം സ്വാഭാവികം വിദ്യാൽ (ആറു ധാതുക്കളുടേയും, ഓരോന്നിന്റെയും ലക്ഷണം സ്വാഭാവികമാകുന്നു - ഭൂമിക്കു കാഠിന്യം മുതലായവ, ജലത്തിന് ദ്രവത്വം (ഒഴുകൽ) മുതലായത്, അഗ്നിയ്ക്കു ഉഷ്ണത്വം മുതലായതു, വായുവിനു മേൽപോട്ടും താഴോട്ടും നാലുഭാഗത്തേയ്ക്കുമുള്ള സഞ്ചാരം മുതലായതു, ആകാശത്തിന് അപ്രതീഘാതം (തടസ്സമുണ്ടാകായ്ക) മുതലായത്, ആത്മാവിനു ജ്ഞാനം മുതലായത്, ഇതെല്ലാം ചരകത്തിൽ സന്ദർഭാനുസാരേണ അവിടവിടെ വിവരിക്കപ്പെടുന്നുണ്ട്. പഞ്ചഭൂതങ്ങളുടെ ഈവിധ ലക്ഷണങ്ങൾ, കേവലമായിരിക്കുമ്പോൾ എന്തെങ്കിലും കാര്യത്തെ ചെയ്യുന്നതായി അനുഭവപ്പെടുന്നില്ല, പഞ്ചഭൂതങ്ങളും ചേർന്നിരുന്നാലും അനുഭവപ്പെടുന്നില്ല. ആത്മാവും കൂടിചേർന്നാലേ അനുഭവപ്പെടുന്നുള്ളൂ. ഗർഭാധാനത്തിൽ ആത്മാവിന്റെ ചേർച്ച കൊണ്ട് ചൈതന്യം അനുഭവപ്പെടാനും മരണത്തിൽ ആത്മാവിന്റെ വിഗമംകൊണ്ട് ചൈതന്യം നഷ്ടപ്പെടാനും കാരണം പുണ്യപാപരൂപമായ, പൂർവ്വകൃതമായ കർമ്മമാണെന്നു നിശ്ച

യിയ്ക്കപ്പെട്ടിരിക്കുന്നു. ജന്മകാരണമായ കർമ്മം എന്നു പറയുമ്പോൾ പൂർവ്വ ജന്മത്തിൽ ചെയ്യപ്പെട്ടതെന്നു പറയണം. അങ്ങനെ പൂർവ്വജന്മത്തേയും അതു കൊണ്ടുതന്നെ ഈ ജന്മത്തിൽ ചെയ്യപ്പെടുന്ന കർമ്മത്തിന്റെ ഫലത്തെ അനുഭ വിക്കുന്നതിന്നു പുനർജന്മത്തേയും അംഗീകരിയ്ക്കേണ്ടിയിരിക്കുന്നു. തേഷാം സംയോഗേ (പഞ്ചഭൂതങ്ങളും ആത്മാവും തമ്മിലുള്ള ജന്മാരംഭത്തിലുള്ള സംയോഗത്തിനും) വിയോഗേ ച (മരണത്തിലുള്ള വിയോഗത്തിനും) കാരണം കർമ്മ ഏവ (കാരണം പൂർവ്വകൃതമായ കർമ്മം തന്നെയാകുന്നു.)

അനാദേശ്ചേതനാധാതോർ
ന്നേഷ്യതേ പരനിർമ്മിതിഃ
പര ആത്മാ സ ചേദ്ധേതു-
രിഷ്ടോ *f* സ്തു പരനിർമ്മിതിഃ

അനാദേഃ ചേതനാധാതോഃ (ആദി ഇല്ലാത്തതുകൊണ്ടു അന്ത്യവുമില്ലാത്ത നിത്യ നായ ചേതനാധാതുവിന്ന് - ഷഡ്ധാതുകനായ പുരുഷനിൽ, മറ്റെല്ലാ ധാതു ക്കൾക്കും, ഭൂതങ്ങൾക്കും, ചൈതന്യത്തെ നല്കുന്ന ആത്മാവാകുന്ന ധാതുവിന്ന്) പരിനിർമ്മിതിഃ ന ഇഷ്യതേ (മറ്റൊന്നിനാൽ ഉണ്ടാക്കപ്പെടുക എന്നതു ഇല്ല) സഃ പരഃ ആത്മാ (ആ സർവ്വാതിരിക്തനായ ആത്മാവ്) ഹേതുഃ ചേൽ (ശരീരത്തിന്റെ നിർമ്മാണത്തിന് ഹേതുവെന്നാണ് അഭിപ്രായമെങ്കിൽ) പരനിർമ്മിതി: ഇഷ്ട: അസ്തു (അങ്ങനെയുള്ള പരനിർമ്മിതി, മറ്റൊന്നിനാൽ ഉണ്ടാക്കപ്പെടുന്നതു ശരീ രത്തെ സംബന്ധിച്ചു സമ്മതം തന്നെയാകുന്നു) ആത്മാവിനു കർമ്മഫലമനുഭ വിക്കുന്നതിനുണ്ടാകുന്നതാണു ശരീരം, അതുകൊണ്ടു ശരീരത്തിന്റെ പര നിർമ്മിതി സമ്മതം തന്നെ. അതു പുനർജന്മത്തിനു വിരുദ്ധമല്ല, അനുകൂലം തന്നെ എന്നു ധരിക്കാം.

ന പരീക്ഷാ, ന പരീക്ഷ്യം,
ന കർത്താ, കാരണം ന ച /
ന ദേവാ നർഷയഃ സിദ്ധാഃ
കർമ്മ കർമ്മഫലം ന ച /
നാസ്തികസ്യാസ്തി നൈവാത്മാ
യദൃച്ഛോപഹതാത്മനഃ /
പാതകേഭ്യഃ പരം ചൈതതൽ

പാതകം നാസ്തികഗ്രഹഃ //

നാസ്തികസ്യ പരീക്ഷാ ന (നാസ്തികന്നു പരീക്ഷയില്ല - ആപ്തവാക്യത്തേയോ അനുമാനത്തേയോ യുക്തിയേയോകൊണ്ടു ശരിയോ തെറ്റോ എന്ന പരീക്ഷയില്ല). പരീക്ഷ്യം ന (പരീക്ഷയ്ക്കപ്പെടേണ്ടതായി ഒന്നുമില്ല) കർത്താ ന (കർത്താവു ഇല്ല) കാരണം ച ന (കാരണവുമില്ല - എല്ലാം ഇങ്ങനെയെല്ലാം എങ്ങനെയോ ഉണ്ടായിരിക്കുന്നു എന്നു നാസ്തികൻ കരുതുന്നു) ദേവാഃ ന, ഋഷയഃ ന, സിദ്ധാഃ ന (ദേവന്മാരില്ലാ, ഋഷിമാരില്ലാ, സിദ്ധന്മാരില്ല) കർമ്മം ന, കർമ്മഫലം ന (കർമ്മമില്ല കർമ്മഫലമില്ല) ആത്മാ ന (ആത്മാവില്ല) യദൃച്ഛോപഹ താത്മനഃ (എല്ലാം യദൃച്ഛ എന്ന വിചാരം കൊണ്ടു ദുഷിച്ച മനസ്സോടുകൂടിയ നാസ്തികന്നു എന്നു താൽപര്യം) നാസ്തികഗ്രഹഃ ഏതൽ പാതക (നാസ്തികഗ്രഹം എന്ന ഈ പാപം) സർവ്വേഭ്യഃ പാതകേഭ്യഃ പരം (എല്ലാ പാതകങ്ങളിൽ വെച്ചും കടുത്ത പാപമാകുന്നു)

ഹിംസ തുടങ്ങി പറയപ്പെട്ടിട്ടുള്ള പത്തുതരത്തിലുള്ള പാപങ്ങളിൽ ഏറ്റവും കഠിനമായ ദൃഗ്വിപര്യയം കൊണ്ടാണു നാസ്തികവാദം അംഗീകരിക്കപ്പെടുന്നത്. ദൃഗ്വിപര്യയം തെറ്റായ ദർശനം, തെറ്റായ തത്ത്വസങ്കല്പം. തെറ്റോ ശരിയോ എന്ന വീണ്ടുവിചാരം കൂടാതെ അഥവാ ശരിയെ തെറ്റെന്നും തെറ്റിനെ ശരിയെന്നുമുള്ള സങ്കല്പത്തോടുകൂടി എന്തും ചെയ്യാൻ അനുവദിക്കുന്നതാണു ദൃഗ്വിപര്യയം - അതുള്ളവൻ എന്തും ചെയ്യും എങ്ങനേയും ചെയ്യുമെന്നു താൽപര്യം

തസ്മാന്മതിം വിമുച്യൈതാ
മമാർഗപ്രസൃതാം ബുധഃ
സതാം ബുദ്ധിപ്രദീപേന
പശ്യേൽ സർവ്വം യഥാതഥം

തസ്മാൽ (അതുകൊണ്ട്) അമാർഗപ്രസൃതാം ഏതാം മതിം വിമുച്യ (തെറ്റായ മാർഗത്തിൽ കൂടി വ്യാപിക്കുന്ന ഈ നാസ്തിക വിചാരത്തെ ഉപേക്ഷിച്ചു) സതാം ബുദ്ധിപ്രദീപേന (സജ്ജനങ്ങളുടെ ഉപദേശങ്ങളാകുന്ന വിളക്കുകൊണ്ട്) സർവ്വം യഥായഥം പശ്യേൽ (എല്ലാത്തിനേയും ഉള്ളതുപോലെ കാണണം)

ദ്വിവിധമേവ ഖലു സർവ്വം സത് ച അസച്ച / തസ്യ ഖലു ചതുർവിധാ പരീക്ഷാ / ആപ്തോപദേശഃ, പ്രത്യക്ഷം, അനുമാനം, യുക്തിശ്ച /

ദ്വിവിധമേവ സർവ്വം ഭവതി ഖലു (രണ്ടുതരത്തിലാണല്ലോ എല്ലാം ഉള്ളത്) സത് ച അസത് ച (സത്ത് എന്നും അസത്ത് എന്നും) നന്മയ്ക്കുകാരണമാകുന്നത്, അതുകൊണ്ട് ആവാം എന്നു അനുവദിക്കപ്പെട്ടത് സത്ത് - അസത്ത് തിന്മക്കുകാരണമാകുന്നത്, അതുകൊണ്ട് അരുത് എന്നു വിലക്കപ്പെട്ടിട്ടുള്ളത്. തസ്യ ചതുർവിധാ പരീക്ഷാ (സത്തെന്നോ അസത്തെന്നോ നിർണയിക്കുന്നതിനു നാലുവിധത്തിലാണു പരീക്ഷയുള്ളത്). ആപ്തോപദേശഃ പ്രത്യക്ഷം അനുമാനം യുക്തിഃ ച ഇതി (ആപ്തോപദേശം, പ്രത്യക്ഷം, അനുമാനം, യുക്തിയും എന്നിങ്ങനെ)

ആപ്താസ്താവൽ -

രജസ്തമോഭ്യാം നിർമ്മുക്താ -<br>
സ്തപോജ്ഞാന ബലേന യേ<br>
യേഷാം ത്രികാലമമലം<br>
ജ്ഞാനമവ്യാഹതം സദാ<br>
ആപ്താഃ ശിഷ്ടാ വിബുദ്ധാസ്തേ<br>
തേഷാം വാക്യമസംശയം<br>
സത്യം, വക്ഷ്യന്തി തേ കസ്മാ<br>
ദസത്യം നീരജസ്തമാഃ

ആപ്താഃ താവൽ (ആപ്തന്മാർ എന്നുവെച്ചാൽ) യേ തപോജ്ഞാനബലേന രജസ്തമോഭ്യാം നിർമുക്താഃ (യാതൊരുവർ തപസ്സിന്റേയും ജ്ഞാനത്തിന്റേയും ബലം കൊണ്ട് രജോഗുണത്തിന്റേയും തമോഗുണത്തിന്റേയും ബാധയിൽ നിന്നും തികച്ചും ഒഴിവായവരും-രജോഗുണത്തേയും തമോഗുണത്തേയും തികച്ചും ഒഴിവാക്കാൻ കഴിയുകയില്ല. സത്വഗുണവും രജോഗുണവും തമോഗുണവും മനസ്സിന്റെ ഘടകങ്ങളാണ്. മൂന്നു ഗുണങ്ങളും അതാതിന്റെ താരതമ്യത്തിലിരിക്കുകയും, രജോഗുണവും തമോഗുണവും സത്വഗുണത്തിൽ നിയന്ത്രിയ്ക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിലാണു മനസ്സ് സ്വസ്ഥമായിരിക്കുന്നത്. തപസ്സു സാധനകളേയും ജ്ഞാനം വിവേകത്തേയും കുറിക്കുന്നു. തപസ്സും ജ്ഞാനവുമാണ് രജസ്സിനേയും തമസ്സിനേയും നിയന്ത്രിക്കുന്നതിനുള്ള ഉപായങ്ങൾ. അവകൊണ്ടു സത്വഗുണം വികസിതവുമാകുന്നു. രജസ്സും തമസ്സും സത്വത്താൽ നിയന്ത്രിതമായിരിക്കുന്ന അവസ്ഥയിൽ അവ ഗുണങ്ങളാകുന്നു. ആരോഗ്യത്തിന്റെ സംരക്ഷണത്തിൽ അവയ്ക്കും ചില കർമ്മങ്ങളുണ്ട്. ഉത്സാഹം രജോഗുണത്തിന്റേയും ഉറക്കം തമോഗുണത്തിന്റേയും കർമ്മങ്ങളിൽപ്പെടുന്നു.

വർധിച്ചു സത്വത്തെ കീഴ്പ്പെടുത്തുന്ന അവസ്ഥയിൽ രജസ്തമസ്സുകൾ, ദോഷങ്ങളെന്നുപറയപ്പെടുന്നു. രജസ്തമശ്ച മനസോ ദ്വൗ ച ദോഷാവുദാഹൃതൗ എന്നുണ്ടല്ലോ) യേഷാം സദാ ത്രികാലം അമലം അവ്യാഹതം ജ്ഞാനം ഭവതി (യാതൊരുവർക്കു ഭൂതവും വർത്തമാനവും ഭാവിയും സംബന്ധിച്ചു ഒരു വിധത്തിലും പതർച്ചയില്ലാത്ത ജ്ഞാനമുണ്ടോ) കഴിഞ്ഞ കാലത്തെ അനുഭവങ്ങളെക്കുറിച്ചും, അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും, വർത്തമാനകാലത്തെ കർത്തവ്യങ്ങളെക്കുറിച്ചും അവ എങ്ങനെ നിർവ്വഹിക്കണമെന്നതിനെക്കുറിച്ചും ഭാവിയിൽ എങ്ങനെവേണം എന്താകണമെന്നതിനെക്കുറിച്ചുമെല്ലാം, ഒട്ടുംതന്നെ സംശയമില്ലാത്ത അറിവു എല്ലായ്പ്പോഴും ഉണ്ടാകണമെന്നു താൽപര്യം. ആചാര്യമാർക്കുമാത്രമല്ല, അധ്യേതാക്കൾക്കും അത്തരത്തിലുള്ള സങ്കല്പങ്ങൾ ഉണ്ടാകേണ്ടതാണ്. എന്താണുണ്ടായത്, എന്താണുണ്ടാകുന്നത്, എന്താണുണ്ടാകാൻ പോകുന്നത് എന്നെല്ലാം ഉള്ളം കൈയിലെ നെല്ലിക്ക (കരതലാമലകം) പോലെ അറിയുന്നതാണ് ത്രികാലവും, അമലവും അവ്യാഹതവുമായ ജ്ഞാനമെന്നും വ്യാഖ്യാനിക്കപ്പെട്ടു കണ്ടിട്ടുണ്ട്. അവർ ഊഹിക്കുന്നതെല്ലാം സാമാന്യമായി ശരിയായിരിക്കുമെന്നു പറയാം. തേ ആപ്താഃ ശിഷ്ടാഃ വിബുദ്ധാഃ ച ഭവന്തി (അവർ ആപ്തന്മാരും ശിഷ്ടന്മാരും വിബുധന്മാരും ആകുന്നു) ആപ്തന്മാർ യഥാർത്ഥവേത്താക്കളും യഥാർത്ഥവക്താക്കളുമാകുന്നു. യഥാർത്ഥമായി അറിയുന്നവർ യഥാർത്ഥ വേത്താക്കൾ, യഥാർത്ഥമായി വചിക്കുന്നവർ യഥാർത്ഥവക്താക്കൾ. ഉള്ളതു ഉള്ളതുപോലെ വേണ്ടതു വേണ്ടതുപോലെ എന്നതാണ് യഥാർത്ഥം. ശിഷ്ടന്മാർ, ശാസിക്കപ്പെട്ടവർ, വഴിപോലെ ഗുരുവിന്റെ കീഴിൽ അഭ്യസിച്ചിട്ടുള്ളവർ, ശിഷ്ടശബ്ദത്തിനു നന്മതികഞ്ഞവർ എന്നും അർത്ഥമുണ്ട്. സത്വഗുണത്തിന്റെ ഉൽക്കർഷം കൊണ്ട് രജസ്തമസ്സുകൾ നിയന്ത്രിക്കപ്പെട്ടിട്ടുള്ളവർ അറിയുന്നതും ചെയ്യുന്നതും വിചാരിക്കുന്നതുമെല്ലാം നന്മ മാത്രമാകും. നന്മ ഇവിടെ വ്യക്തിയുടെയല്ല, ലോകത്തിന്റേതാകുന്നു, ലോകത്തിന്റെ നന്മയിൽ വ്യക്തിയുടെ നന്മയും ഉൾപ്പെടുന്നു. തേഷാം വാക്യം അസംശയം സത്യം (അവരുടെ വാക്ക്, സംശയമില്ലാത്തതും സത്യവുമാകുന്നു.) അവർ അറിഞ്ഞതും പറഞ്ഞതും ഉള്ളതും ഉള്ളതുപോലെയും ആകുന്നു. ജ്ഞാനത്തിന്റെ ഉപകരണങ്ങളെ സാധനകൊണ്ടും വിവേകം കൊണ്ടും തികച്ചും സൂക്ഷ്മമാക്കിയിരിക്കുന്നതുകൊണ്ട്, അവർ ചെന്നെത്തിയിട്ടുള്ള നിഗമനങ്ങൾ തികച്ചും വസ്തുനിഷ്ഠമായിരിക്കും. പ്രമാണങ്ങൾകൊണ്ടു പരിശോധിക്കുമ്പോൾ, അവയുടെ വസ്തുത അധ്യേതാകൾക്കു തികച്ചും ബോധ്യപ്പെടുകയും ചെയ്യും. അങ്ങനെ ബോധ്യപ്പെടുത്തേ

ണ്ടതുമാകുന്നു. നീരജസ്തമാഃ തേ കസ്മാൽ അസത്യം വക്ഷ്യന്തി (രജോഗുണത്തിന്റേയും തമോഗുണത്തിന്റേയും ബാധയറ്റ അവർ എങ്ങിനെ എന്തിനുവേണ്ടി അസത്യം പറയണം) കളവും വഞ്ചനയും ചതിയുമെല്ലാം രജസ്തമോബാധ കൊണ്ടാണുണ്ടാകുന്നത്. രജസ്തമോബാധയില്ലാത്തവർ ഉള്ളതുപോലെയും അറിഞ്ഞതുപോലെയും പറയുന്നു. എന്തിന്നവർ ഇല്ലാത്തതും വല്ലാത്തതും പറയണം.

ആത്മേന്ദ്രിയമനോർത്ഥാനാം
സന്നികർഷാൽ പ്രവർത്തതേ
വ്യക്താ തദാത്വേ യാ ബുദ്ധിഃ
പ്രത്യക്ഷം സാ നിരുച്യതേ

ആത്മേന്ദ്രിയ മനോർത്ഥാനാം സന്നികർഷാൽ (ആത്മാവ്, ഇന്ദ്രിയങ്ങൾ, മനസ്സ്, അർത്ഥങ്ങൾ എന്നിവയുടെ സംബന്ധം കൊണ്ടു ആത്മാവു മനസ്സിനോടും മനസ്സു ഇന്ദ്രിയങ്ങളോടും ഇന്ദ്രിയങ്ങൾ അർത്ഥങ്ങളോടും ബന്ധപ്പെടുകകൊണ്ട് എന്നുതാൽപര്യം – ഇവിടെ മൂലത്തിൽ ക്രമം തെറ്റിപ്പറഞ്ഞിരിയ്ക്കുന്നതു, അത്ര നിഷ്ക്കർഷയെ ഉദ്ദേശിച്ചിട്ടുള്ളുവെന്നതുകൊണ്ടാകണം. തദാത്വേ വ്യക്താ യാ ബുദ്ധിഃ പ്രവർത്തതേ (താല്ക്കാലികമായി വ്യക്തമായിരിക്കുന്ന യാതൊരു അറിവുണ്ടാവുന്നുവോ) സാ പ്രത്യക്ഷം നിരുച്യതേ (അതു പ്രത്യക്ഷം എന്നു നിർവ്വചിയ്ക്കപ്പെട്ടിരിക്കുന്നു) താൻ അറിയുന്നു എന്ന ബോധം ആർക്കുണ്ടാകുന്നുവോ അതാണു ആത്മാവ്. ആത്മാവിനു വിഷയഗ്രഹണത്തിനുള്ള ഉപാധിയാണു മനസ്സ്. മനസ്സു അതാതിന്ദ്രിയത്തിലൂടെ അതാത് അർത്ഥത്തെ, വിഷയത്തെ, ഗ്രഹിക്കുന്നു. മനസ്സും ഇന്ദ്രിയവും അർത്ഥവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നേടത്തോളം കാലമേ പ്രത്യക്ഷമെന്ന ആ ജ്ഞാനം നിലനില്ക്കുന്നുള്ളൂ. അതുകൊണ്ടാണ് തദാത്വേ വ്യക്താ എന്നുപറഞ്ഞത്. പിന്നീട് അതു സ്മൃതിയായി പരിണമിക്കുന്നു.

പ്രത്യക്ഷപൂർവ്വം ത്രിവിധം
ത്രികാലം ചാനുമീയതേ
വഹ്നിർനിഗൂഢോ ധൂമേന
മൈഥുനം ഗർഭദർശനാൽ
ഏവം വ്യവസ്യന്ത്യതീതം
ബീജാത് ഫലമനാഗതം
ദൃഷ്ട്വാ ബീജാൽ ഫലം ജാത-

മിഹൈവ സദൃശം ബുധാഃ

പ്രത്യക്ഷപൂർവ്വം (പ്രത്യക്ഷമുണ്ടായതിനുശേഷം) ത്രിവിധം (മൂന്നുവിധത്തിൽ) ത്രികാലം (മൂന്നുകാലത്തെ സംബന്ധിച്ചു) അനുമീയതെ (അനുമിക്കപ്പെടുന്നു) അനുമാനിയ്ക്കുക ഊഹിക്കുക. നിഗൂഢഃ വഹ്നിഃ ധൂമേന അനുമീയതേ (നിഗൂഢമായ, പ്രത്യക്ഷമല്ലാത്ത അഗ്നി പുകകൊണ്ട് ഊഹിക്കപ്പെടുന്നു) അത് ഇപ്പോഴത്തെ അവസ്ഥയാകയാൽ വർത്തമാന കാലികം, ഗർഭദർശനാൽ മൈഥുനം അനുമീയതേ (ഗർഭത്തെ കാണുക കൊണ്ട് മുമ്പ് നടന്ന മൈഥുനത്തെ ഊഹിക്കപ്പെടുന്നു). ഏവം അതീതം വ്യവസ്യന്തി (ഇപ്രകാരം കഴിഞ്ഞതിനെ അനുമിയ്ക്കുന്നു) ഇതു ഭൂതകാലികം. ബീജാൽ അനാഗതം ഫലം (വിത്തിൽ നിന്നു പിന്നെ ഉണ്ടാകാനുള്ള ഫലത്തെ അനുമിയ്ക്കുന്നു) ഇതു ഭാവികാലികം. ബുധാഃ ഇഹ ഏവ ബീജാൽ ഫലം ജാതം ദൃഷ്ട്വാ വ്യവസ്യന്തി (ബുദ്ധിമാന്മാർ, ഇവിടെത്തന്നെ (ബീജത്തിൽ നിന്നു ഫലം ഉണ്ടായിട്ടുള്ളതായിക്കണ്ടിട്ടുള്ളതു കൊണ്ടാണു ഇങ്ങനെ അനുമിക്കുന്നത്). ധൂമത്തിൽനിന്ന് വഹ്നിയെ അനുമിക്കുന്നത് താല്ക്കാലികമാണ്. ഗർഭത്തിൽ നിന്നു മൈഥുനത്തെ ഊഹിക്കുന്നത് കാലാന്തരത്തിലാണ്. അതുകാര്യത്തിൽ നിന്നുകാലാന്തരത്തിൽ കാരണത്തെ ഊഹിക്കുന്നതാണ്. ബീജത്തിൽനിന്നു ഫലത്തെ ഊഹിക്കുന്നത്, കാരണത്തിൽ നിന്നു കാലാന്തരത്തിൽ ഉണ്ടാകാനിടയുള്ള കാര്യത്തെ ഊഹിക്കുന്നതാണ്. ധൂമത്തിൽനിന്നും അഗ്നിയെ ഊഹിക്കുന്നതും കാര്യത്തിൽനിന്നു കാരണത്തെ ഊഹിയ്ക്കുന്നതുതന്നെ - എന്നാൽ അവിടെ കാലത്തിന്റെ അകൽച്ചയില്ല. ഇങ്ങനെയാണ് ത്രിവിധമായ അനുമാനം.

ജലകർഷണബീജർത്തു
സംയോഗാത് സസ്യസംഭവഃ
യുക്തിഃ ഷഡ്ധാതു സംയോഗാൽ
ഗർഭാണാം സംഭവസ്തഥാ //
മഥ്യ മന്ഥന മന്ഥാന
സംയോഗാദഗ്നിസംഭവഃ
യുക്തിയുക്താ ചതുഷ്പാദ
സമ്പദ്വ്യാധിനിബർഹിണി //

ജലകർഷണബീജർത്തു സംയോഗാൽ സസ്യ സംഭവഃ (വെള്ളവും ഉഴവും

വിത്തും കാലവും ചേരുന്നതുകൊണ്ട് സസ്യങ്ങൾ മുളയ്ക്കുന്നു കണ്ടത്തിൽ വെള്ളം നിർത്തി ഉഴുതു തയ്യാറാക്കി വിത്തു ഇട്ടു തക്ക കാലവും ചേരുമ്പോൾ നെല്ലുമുളയ്ക്കുന്നു.

എപ്പോൾ വിത്തിട്ടാലും, അതാതിന്റെ കാലം വിരുമ്പോഴേ മുളയ്ക്കുകയും വിള യുകയും ചെയ്യുന്നതായിക്കാണുന്നുള്ളു. വെള്ളം തുടങ്ങി പറയപ്പെട്ടവയിൽ ഏതെങ്കിലും ഒന്നു ഇല്ലെങ്കിൽ കൃഷി ഉണ്ടാകുന്നില്ല. തഥാ (അപ്രകാരം തന്നെ) ഷഡ്ധാതുസംയോഗാത് ഗർഭാണാം സംഭവഃ (ആത്മാവും പഞ്ചഭൂതങ്ങളുമാകുന്ന ആറുധാതുക്കളുടെ ചേർച്ചകൊണ്ട് ഗർഭമുണ്ടാകുന്ന) മഥ്യ മന്ഥന മന്ഥാന സംയോഗാൽ അഗ്നി സംഭവഃ (മഥ്യം, മന്ഥനം, മന്ഥാനം എന്നിവയുടെ ചേർച്ച കൊണ്ടു അഗ്നി ഉണ്ടാകുന്നു) യാഗത്തിന്നും മറ്റും അരണികടഞ്ഞു തീയ്യുണ്ടാ ക്കുക എന്ന സമ്പ്രദായമുണ്ട്. അരണിയ്ക്കു രണ്ട് ഭാഗങ്ങൾ ഉണ്ട് ചുവട്ടിൽ കട യപ്പെടുന്ന ഭാഗത്തിനു മഥ്യം എന്നു പറയുന്നു. മന്ഥാനമെന്നത് മുകളിലത്തെ ഭാഗമാകുന്നു. മഥ്യത്തെ മന്ഥാനംകൊണ്ടു തൈരുകടയുന്നതുപോലെ കടയുക എന്ന പ്രക്രിയകൊണ്ടുണ്ടാവുന്ന ഉരസൽകൊണ്ടു തീപ്പൊരിയുണ്ടാകുന്നു. ആപ്പൊരി ചകരിയിലോ മറ്റോ പിടിപ്പിച്ചു കത്തിച്ചു ആളിച്ചാണ് അഗ്നിയുണ്ടാ ക്കുന്നത് - യുക്തിയുക്താ ചതുഷ്പാദസമ്പത്ത് വ്യാധി നിബർഹണി (വേണ്ടതു പോലെയുള്ള, വൈദ്യൻ, ഔഷധം, പരിചാരകൻ, രോഗി എന്നിവയുടെ തികവു രോഗത്തെ ശമിക്കുന്നു). യുക്തിഃ (എന്നിങ്ങനെയുള്ളതാണു യുക്തിയെന്ന പ്രമാണം) മറ്റുശാസ്ത്രങ്ങളിലൊന്നിലും അംഗീകരിക്കപ്പെടാത്തതും ആയുർവേ ദത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പ്രമാണമാണു യുക്തി. ആപ്തവാക്യം, പ്രത്യക്ഷം, അനുമാനം എന്ന മറ്റു പ്രമാണങ്ങൾ സാമാന്യമായി എല്ലാ ശാസ്ത്ര ങ്ങളിലും അംഗീകരിയ്ക്കപ്പെട്ടിരിക്കുന്നു. മറ്റു ശാസ്ത്രങ്ങളിലും, അതാതുവി ഷയത്തിന്റെ വിശദീകരണത്തിനു വേണ്ടി, സംഭവം, അർത്ഥാപത്തി തുടങ്ങിയ പ്രമാണങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എവിടെ എവിടെ പുകയുണ്ടോ അവിടെ അഗ്നിയുണ്ട്, അടുക്കളയിൽ എന്നപോലെ എന്ന അനുമാനത്തിൽ അടുക്കള യിൽ എന്നപോലെ എന്നത് ഉദാഹരണമാകുന്നു. തികച്ചും യോജിക്കുന്ന ഉദാഹ രണം കാണിക്കാനില്ലാതെ, വസ്തുതയെ പ്രസ്താവിക്കുന്നിടത്ത് യുക്തിയെന്ന പ്രമാണം പ്രസക്തമാകുന്നു.

ബുദ്ധിഃ പശ്യതി യാ ഭാവാൻ
ബഹുകാരണയോഗജാൻ

യുക്തിസ്ത്രികാല സാജ്ഞേയാ
ത്രിവർഗഃ സാധ്യതേ യയാ

യാ ബുദ്ധിഃ (യാതൊരുജ്ഞാനം) ബഹുകാരണയോഗജാൻ ഭാവാൻ പശ്യതി (അനേകകാരണങ്ങളുടെ യോഗം കൊണ്ടുണ്ടാവുന്ന സംഗതികളെ കാണുന്നുവോ, വ്യക്തമാക്കുന്നുവോ) ത്രികാലാ സാ യുക്തിഃ ഭവതി (ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നീ മൂന്നു കാലങ്ങളെ സംബന്ധിച്ചും പ്രസക്തമാകുന്ന ആ ജ്ഞാനമാണ് യുക്തി എന്ന പ്രമാണം) ഇതു ഒരു വിധത്തിൽ ഊഹമാകുന്നു. രോഗശമനമാകുന്ന അനുഭവം കൊണ്ടു ചികിത്സയിൽ നാലു പാദങ്ങളും വഴിപോലെ യോജിച്ചിരുന്നു എന്ന് ഭൂതകാലത്തെ സംബന്ധിച്ചു യുക്തികൊണ്ടു ഊഹിയ്ക്കുന്നു. എല്ലാ ഘടകങ്ങളും വേണ്ടപോലെ ചേർന്നിരിക്കുകകൊണ്ടു കൃഷി നല്ലവണ്ണം വളരുന്നു എന്നിടത്തു വർത്തമാനകാലത്തെ സംബന്ധിച്ച യുക്തിയാകുന്നു. പഠിപ്പിന്നുള്ള എല്ലാ സാഹചര്യങ്ങളും ചേർന്നിരിക്കുന്നു, നല്ലവണ്ണം പഠിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ ബാലൻ വിദ്വാനാകും എന്നിടത്തു യുക്തി ഭാവികാലത്തെക്കുറിക്കുന്നു. യയാ ത്രിവർഗഃ സാധ്യതേ (അങ്ങനെയുള്ള യുക്തികൊണ്ടു ത്രിവർഗ്ഗം സാധിക്കപ്പെടുന്നു) ത്രിവർഗമെന്നത് ധർമ്മം, അർത്ഥം, സുഖം എന്ന പുരുഷാർത്ഥങ്ങളാകുന്നു. ജീവിതത്തിൽ അനുഭവപ്പെടുന്ന സംതൃപ്തികൊണ്ട് ധർമ്മാർത്ഥസുഖങ്ങൾ വഴി പോലെ സാധിക്കപ്പെട്ടു, സാധിക്കപ്പെടുന്നു, സാധിക്കപ്പെടുമെന്ന് സിദ്ധമാകുന്നിടത്തും യുക്തിയെന്ന പ്രമാണത്തെ ദർശിയ്ക്കാവുന്നതാകുന്നു. യുക്തിയെ പ്രമാണമായി അംഗീകരിക്കണമോ എന്ന വിഷയത്തിൽ പലവിധത്തിലുള്ള ചർച്ചകളും ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഇവിടെ സാമാന്യമായ അവബോധമേ ഉദ്ദേശിച്ചിട്ടുള്ളൂ എന്നതുകൊണ്ട് അതിലേക്കു പ്രവേശിക്കുന്നില്ല. യസ്മിൻ സതി ഭവത്യേവ ന ഭവത്യസതീതി ച തസ്മാദതോ ഭവത്യേത- ദ്യുക്തിരേഷാഭിധീയതേ. യാതൊന്നുണ്ടെങ്കിൽ ഉണ്ടാകുന്നു, ഇല്ലെങ്കിൽ ഉണ്ടാകുന്നില്ല, അതുകൊണ്ട് ഇതുണ്ടാകുന്നു എന്നുള്ളതിനെയാണു യുക്തിയെന്നു പറയുന്നത്.

പ്രമാണാന്തരമേവേദ മിത്യാഹ ചരകോ മുനിഃ നാനുമാനമിയം യസ്മാത്
ദൃഷ്ടാന്തോത്ര ന വിദ്യതേ. ഇതു മറ്റൊരു പ്രമാണമാകുന്നു എന്നു ചരകമുനിപറയുന്നു. ഇവിടെ എന്നപോലെ എന്നു ഉദാഹരണം പറയപ്പെടാത്തതു കൊണ്ടു അനുമാനമെന്ന പ്രമാണത്തിൽപ്പെടുന്നില്ല, എന്നുദ്ധരിക്കപ്പെട്ടുകാണുന്നു.)

ചരകത്തിൽത്തന്നെ ആപ്തവാക്യം, പ്രത്യക്ഷം, അനുമാനം എന്നിങ്ങനെ മൂന്നു

പ്രമാണങ്ങൾ എന്നു വിമാനസ്ഥാനം നാലാംമധ്യായത്തിലും, ഉപമാനം കൂടി കൂട്ടി നാലുപ്രമാണങ്ങൾ എന്നു രോഗ ഭിഷഗ്ജിതീയം എന്ന അധ്യായത്തിലും പറയപ്പെട്ടിരിക്കുന്നതു സാന്ദർഭികമായ പക്ഷഭേദമായി ഗ്രഹിക്കേണ്ടതാകുന്നു.

ഏഷാ പരീക്ഷാ നാസ്ത്യന്യാ
യയാ സർവ്വം പരീക്ഷ്യതേ
പരീക്ഷ്യം സദസച്ചൈവം
തയാ ചാസ്തി പുനർഭവഃ!

ഏഷാ പരീക്ഷാ (ഈ നാലു പ്രമാണങ്ങൾകൊണ്ടാണ് എല്ലാ വസ്തുതകളും പരീക്ഷിക്കപ്പെടുന്നത്). അന്യാ നാസ്തി (മറ്റൊരുവിധത്തിലുള്ള പരീക്ഷയും ഇല്ല) അതുകൊണ്ട് സംഭവം അർത്ഥാപത്തി മുതലായി മറ്റു ശാസ്ത്രങ്ങളിൽ പറയപ്പെട്ട പ്രമാണങ്ങൾ, ആയുർവേദത്തെ സംബന്ധിച്ചു അനാവശ്യങ്ങളാകുന്നു. യയാ സർവ്വം പരീക്ഷ്യതേ (ഇവിടെപറയപ്പെട്ടനാലു പ്രമാണങ്ങൾ കൊണ്ടുതന്നെ എല്ലാം പരീക്ഷിക്കപ്പെടുന്നു, സാധുത്വം ബോധ്യപ്പെടാവുന്നതാകുന്നു). സദ് അസത് ച ഏവം പരീക്ഷ്യം (സത്തും അസത്തും, സാധുവും അസാധുവും ഇപ്രകാരം പരീക്ഷിക്കപ്പെടേണ്ടതാകുന്നു) തയാ പുനർഭവഃ അസ്തി ച (ഇങ്ങനെയുള്ള പരീക്ഷകൊണ്ട് പുനർജന്മം ഉണ്ട് എന്ന് സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.)

ഈ നാലു പ്രമാണങ്ങൾ കൊണ്ടു എങ്ങനെ പുനർജന്മത്തെ സ്ഥാപിയ്ക്കാമെന്നു ഇനി പറയുന്നു.

തത്രാപ്താഗമസ്താവദ്വേദഃ / യശ്ചാന്യോ$f$പി വേദാർത്ഥാദവിപരീതഃ പരീക്ഷകൈഃ പ്രണീത : ശിഷ്ടാനുമതോ ലോകാനുഗ്രഹപ്രവൃത്തഃ ശാസ്ത്രവാദഃ / സ ച ആപ്താഗമഃ / ആപ്താഗമാദുപലഭ്യതേ ദാനതപോയജ്ഞ സത്യാഹിംസാ ബ്രഹ്മചര്യാണ്യഭ്യുദയനിഃശ്രേയസകരാണീതി /

തത്ര ആപ്താഗമസ്താവൽവേദഃ (അവയിൽ ആപ്താഗമം എന്നുള്ളതും വേദമാകുന്നു) യഃ ച കശ്ചിത് അന്യഃ അപി വേദാർത്ഥാത് അവിപരീതഃ (വേറെ യാതൊന്ന്, വേറെയും വേദത്തിന്റെ താൽപര്യത്തിന്നു വിപരീതമല്ലാതെ) പരീക്ഷകൈഃ പ്രണീതഃ ശിഷ്ടാനുമതഃ (പരീക്ഷകന്മാരാൽ ഉന്നയിയ്ക്കപ്പെട്ടതും, സജ്ജനങ്ങൾക്കു സമ്മതവും) ലോകാനുഗ്രഹപ്രവൃത്തഃ ശാസ്ത്രവാദഃ (ലോക

ത്തിന്റെ ഉപകാരത്തിനുവേണ്ടി പ്രയോജനപ്പെടുന്നതുമായ ശാസ്ത്രവാദമുണ്ടോ) സഃ ച ആപ്താഗമഃ ( അതും ആപ്തവാക്യമാകുന്നു) പരീക്ഷകന്മാർ ഗവേഷകന്മാർ - എങ്ങിനെ പരീക്ഷകന്മാർ പരീക്ഷണം കൊണ്ടു യുക്തി ഉപയോഗിച്ചു സിദ്ധാന്തങ്ങളിൽ എത്തിച്ചേരുന്നു എന്നു ശാസ്ത്രത്തിൽ സന്ദർഭാനുസാരേണ പറയപ്പെട്ടിട്ടുണ്ട്. - ആപ്താഗമാത് (അങ്ങനെയുള്ള ശാസ്ത്രവാക്യത്തിൽ നിന്ന്) ദാനതപോയജ്ഞസത്യാഹിംസാബ്രഹ്മചര്യാണി അഭ്യുദയനിഃശ്രേയസകരാണി ഇതി ഉപലഭ്യതേ (ദാനം, തപസ്സു യജ്ഞം, സത്യം, അഹിംസ, ബ്രഹ്മചര്യം എന്നിവ അഭ്യുദയത്തേയും നി:ശ്രേയസത്തേയും ഉണ്ടാക്കുന്നവയാണെന്നു സിദ്ധിക്കുന്നു) അഭ്യുദയം ഐഹികമായ ഐശ്വര്യം, സ്വർഗ്ഗസുഖമെന്നും അർത്ഥം കാണുന്നു. നിഃശ്രേയസം മോക്ഷം, ജന്മാന്തരത്തിൽ പരമമായ സുഖം. ഇതൊന്നും പ്രത്യക്ഷം കൊണ്ടും അനുമാനം കൊണ്ടും ബോധ്യപ്പെടുവാൻ വിഷമമാകകൊണ്ട്, വേദവാക്യങ്ങളിൽ നിന്നുതന്നെ അറിയേണ്ടിയിരിക്കുന്നു. മോക്ഷം അനേക ജന്മങ്ങളിലൂടെ നേടുന്ന പുണ്യം കൊണ്ടു സിദ്ധിക്കുന്നു. അതുകൊണ്ടു പുനർജ്ജന്മം (ഈ ലോകത്തിലല്ലെങ്കിൽ മറ്റൊരു ലോകത്തിൽ) ഉണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ വേദവാക്യം മാത്രമല്ല, ഗവേഷകന്മാരുടെ അഭിപ്രായവും പ്രമാണമാകുന്നു. ശ്രദ്ധയുള്ളവർക്കു ഇതെല്ലാം നിരീക്ഷണപരീക്ഷണങ്ങൾ കൊണ്ടു ബോധ്യപ്പെടാവുന്നതാണെന്നും ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

ന ചാനതിവൃത്തസത്വദോഷാണാമദോഷൈരപുനർഭവോ ധർമ്മദ്വാരേഷു ഉപദിശ്യതേ-

അനതിവൃത്തസത്വദോഷാണാം (മനസ്സിന്റെ ദോഷങ്ങളെ അതിക്രമിച്ചിട്ടുള്ളവർക്ക്) അദോഷൈഃ (മനോദോഷങ്ങൾ ഒട്ടും തന്നെ ഇല്ലാത്തവരായ മഹർഷിമാരാൽ) ധർമ്മദ്വാരേഷു (ധർമ്മത്തിന്നു വഴിതുറക്കുന്ന ഗ്രന്ഥങ്ങളിൽ) അപുനർഭവഃ ന ഉപദിശ്യതേ (പുനർജന്മമില്ലായ്മ, മോക്ഷം, ഉപദേശിയ്ക്കപ്പെടുന്നില്ല)

രജോഗുണവും തമോഗുണവും ആണ് സത്വത്തിന്റെ ദോഷങ്ങൾ (സത്വം മനസ്സ്) സത്വ ഗുണത്തെ ബാധിക്കുന്ന ദോഷങ്ങൾ എന്നും പറയാം. മനോദോഷങ്ങൾ അറ്റവർക്കാണ് ഉപദേശിക്കാനുള്ള അർഹത. മനോദോഷങ്ങൾ അറ്റവർക്കാണു ഉപദേശിക്കപ്പെടുന്നതിനുള്ള അർഹതയും. അങ്ങനെയല്ലാത്തവർക്കുവേണ്ടി ഉപ

ദേശിക്കുന്നത് പുനർജന്മത്തിന്റെ സംഗതികളാണ്. യോഗ്യതയില്ലാത്തവർക്ക്, യോഗ്യതയില്ലാത്തവർ ഉപദേശിച്ചാൽ, അതു തിന്മയെയാണുളവാക്കുക.

ധർമ്മദ്വാരാവഹിതൈശ്ച വ്യപഗതഭയരാഗദ്വേഷലോഭമോഹമാനൈർബ്രഹ്മപരൈ രാപ്തൈഃ കർമ്മവിദ്ഭിരനുപഹതസത്വബുദ്ധിപ്രചാരൈഃ പൂർവ്വൈഃപൂർവ്വതരൈർമ ഹർഷിഭിർദിവ്യ ചക്ഷുർഭിർദൃഷ്ടോപദിഷ്ടഃ പുനർഭവ ഇതി വ്യവസ്യേദേവം / ധർമ്മദ്വാരാവഹിതൈഃ (ധർമ്മമാർഗങ്ങളെ ഉപദേശിക്കുന്ന ശാസ്ത്രങ്ങളിൽ ശ്രദ്ധ യുള്ളവരും) വ്യാപഗതഭയരാഗദ്വേഷലോഭ മോഹമാനൈഃ (ഭയം, രാഗം, ദ്വേഷം, ലോഭം, മോഹം, മാനമെന്നിവ തീരെ അറ്റവരും) ഭയം = എന്തുവന്നുചേരും എന്ന പേടി, രാഗം = ഇഷ്ടവിഷയങ്ങളിലുള്ള ആസക്തി, ദ്വേഷം = അനിഷ്ടവിഷയ ങ്ങളിലുള്ള വെറുപ്പ്, ലോഭം=സ്വാർത്ഥവിഷയങ്ങളിലുള്ള അത്യാസക്തി മോഹം = ബുദ്ധിയുടെ പതർച്ച ബ്രഹ്മപരൈഃ (ബ്രഹ്മത്തിൽ തൽപ്പരൻമാരും) കർമ്മ വിദ്ഭിഃ (കർമ്മത്തെ അറിയുന്നവരും) കർമ്മം = കർത്തവ്യം. അനുപഹതസത്വ ബുദ്ധിപ്രചാരൈഃ (തടയപ്പെടാത്ത സത്വത്തിന്റേയും ബുദ്ധിയുടേയും പ്രചാര ത്തോടുകൂടിയവരും. സത്വം = മനസ്സ്, ബുദ്ധി = ആലോചന, പ്രചാരം = വ്യാപ്തി. ദിവ്യചക്ഷുർഭിഃ (ദിവ്യമായ ദൃഷ്ടിയോടുകൂടിയവരും)

ദിവ്യം = അമാനുഷം ദൃഷ്ടി = കാണാനുള്ള കഴിവ്, സമാധി = ഏകാഗ്രത. പൂർവ്വൈഃ പൂർവ്വതരൈഃ മഹർഷിഭിഃ (പണ്ടേക്കുപണ്ടേ പണ്ടുള്ളവരുമായ മഹർഷിമാരാൽ) മഹർഷിമാർ = തത്ത്വദർശികൾ. ദൃഷ്ട്വാ ഉപദിഷ്ടഃ (മനസ്സി ലാക്കി ഉപദേശിക്കപ്പെട്ടതാണ്) ഇതി ഏവം വ്യവസ്യേത് (എന്നിങ്ങനെ മനസ്സി ലാക്കി അനുസരിക്കേണ്ടതാകുന്നു) ഇങ്ങനെ പരലോകൈഷണ ആപ്തോപദേശം കൊണ്ട് വിവരിക്കപ്പെട്ടു.

പ്രത്യക്ഷമപി ചോപലഭ്യതേ / മാതാപിത്രോർ വിസദൃശാനി അപത്യാനി / തുല്യ സംഭവാനാം വർണസ്വരാകൃതിസത്വബുദ്ധിഭാഗവിശേഷഃ / പ്രവരാ വരകുലജന്മ / ദാസ്യൈശ്വര്യം / സുഖാസുഖമായുഃ / ആയുഷോ വൈഷമ്യം / ഇഹ കൃത സ്യാവാപ്തി / അശിക്ഷിതാനാം ച രുദിതസ്തനപാന ഹാസത്രാസാദീനാം പ്രവൃത്തിഃ / ലക്ഷണോൽപ്പത്തിഃ / കർമ്മ സാദൃശ്യേ ഫലവിശേഷഃ / മേധാ ക്വ ചിൽ / ക്വചിൽ കർമ്മണി അമേധാ / ജാതിസ്മരണം / ഇഹാഗമന മിതശ്ച്യുതാ നാമിതി / സമദർശനേ പ്രിയാപ്രിയത്വം //

പ്രത്യക്ഷം അപി ഉപലഭ്യതേ (പുനർജന്മവിഷയത്തിൽ പ്രത്യക്ഷവും അനുഭവ

പ്പെടുന്നു) പുനർജന്മത്തെ നേരിട്ടു കാണാൻ കഴിയുകയില്ലെങ്കിലും, അതിനെ അനുമിക്കുന്നതിനു കാരണങ്ങളെ പ്രത്യക്ഷമായിത്തന്നെ അറിയാൻ കഴിയുന്നു. അതിന്നു ചില ഉദാഹരണങ്ങളാണിവിടെ പറയപ്പെടുന്നത്. മാതാപിത്രോഃ വിസദൃശാനി അപത്യാനി (ഒരേ മാതാപിതാക്കന്മാർക്കു അന്യോന്യം സാദൃശ്യമില്ലാത്ത സന്താനങ്ങൾ) ഒരേ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ ഒരേപോലെ ഇരിക്കുന്നില്ല. അതിനു കാരണം സന്താനത്തിന്റെ പൂർവ്വജന്മവാസനയാകണം. തുല്യസംഭവാനാം വർണസ്വരാകൃതിസത്വബുദ്ധി ഭാഗ്യവിശേഷഃ (ഒരേസാഹചര്യത്തിൽ ജനിച്ചവർക്കു വർണം, സ്വരം, ആകൃതി, മനസ്സ്, ബുദ്ധി, ഭാഗ്യം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നത്) പ്രവരാവരകുലജന്മ (ഉൽകൃഷ്ടകുലത്തിലും അപകൃഷ്ടകുലത്തിലുമുള്ള ജനനം) ദാസ്യൈശ്വര്യം (അടിമയായിരിക്കുകയെന്നതും പ്രഭുവായിരിക്കുകയെന്നതും) സുഖാസുഖം (സുഖത്തോടുകൂടിയ ജീവിതവും ദുഃഖത്തോടുകൂടിയ ജീവിതവും) ചിലർക്കു ജീവിതം സുഖമയവും വേറെ ചിലർക്കു ദുഃഖമയവുമാകുന്നു. ആയുഷഃ വൈഷമ്യം (ആയുസ്സിന്റെ ഏറ്റക്കുറച്ചിൽ) അശിക്ഷിതാനാം രുദിതസ്തനപാനഹാസത്രാസാദീനാം പ്രവൃത്തിഃ (പഠിപ്പിക്കപ്പെടാതെതന്നെ.

കരയാനും, മുലകുടിയ്ക്കാനും, ചിരിക്കാനും ഞെട്ടാനും മറ്റുമുള്ള ഉത്സാഹം) ലക്ഷണോൽപ്പത്തിഃ (വ്യക്തിയെ സൂചിപ്പിക്കുന്ന, ഓരോരുത്തരേയും തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ ഉണ്ടാവൽ) കർമ്മസാദൃശ്യേ ഫലവിശേഷഃ (കർമ്മം ഒരുപോലെ ഇരുന്നിട്ടും ഫലം വ്യത്യാസപ്പെട്ടിരിക്കൽ) ക്വചിൽ കർമ്മണി മേധാ ക്വചിൽ കർമ്മണി അമേധാ (ചില പ്രവൃത്തിയിൽ ബുദ്ധിചെല്ലലും ചില പ്രവൃത്തിയിൽ ബുദ്ധിചെല്ലായ്കയും) ചിലർക്കു ചിത്രരചനയിൽ, ചിലർക്കുസാഹിത്യത്തിൽ, ചിലർക്കു സംഗീതത്തിൽ താല്പര്യവും പ്രവൃത്തിയും അങ്ങനെയുള്ളവർക്കു മറ്റുള്ളതിൽ താൽപര്യവും പ്രവൃത്തിയുമില്ലായ്മ എന്നുള്ളത്. ജാതിസ്മരണം (പൂർവ്വജന്മത്തെക്കുറിച്ചുള്ള ഓർമ്മ) യോഗ സാധനകൊണ്ടു പൂർവ്വജന്മസംഗതികളെ ഓർമ്മിക്കാൻ കഴിയുന്നവരുണ്ട് എന്നുപറയപ്പെടുന്നു. ഇതഃ ച്യുതാനാം ഇഹ ആഗമനം (ഇവിടം വിട്ടുപോയവരുടെ വീണ്ടും ഇവിടേക്കുള്ള വരവ്) മരിച്ചു ഏതാനും ദിവസങ്ങൾ കഴിഞ്ഞു വീണ്ടു ജീവിക്കുന്നതായി അനുഭവമുണ്ടെന്നു പറയപ്പെടുന്നു. അങ്ങനെ തിരിച്ചുവരുന്നവർ, ഏതാനും ദിവസത്തെ പരലോകാനുഭവത്തെക്കുറിച്ചു പറയാറുണ്ട് // സമദർശനേ പ്രിയാപ്രിയത്വം (ഒരു പോലെയുള്ള വസ്തുവിൽ, അല്ലെങ്കിൽ പുരുഷനിൽ, ചിലർക്കു

പ്രിയത്വം ചിലർക്കു അപ്രിയത്വം) പൂർവ്വജന്മപ്രിയാപ്രിയവാസന കൊണ്ടാവണം അങ്ങനെയുണ്ടാവുന്നത്. ഇങ്ങനെയുള്ള അനുഭവങ്ങൾക്കുകാരണമാകുന്ന വാസന ഈ ജന്മത്തിലെ ജീവിതംകൊണ്ടുണ്ടായതാവാൻ നിവൃത്തിയില്ല, അതു കൊണ്ട് പൂർവ്വജന്മമുണ്ടെന്നു നിശ്ചയിക്കണം.

അത ഏവാനുമീയതേ/യത് / സ്വകൃതമപരിഹാര്യമവിനാശി പൗർവ്വദേഹികം ദൈവസംജ്ഞകമാനുബന്ധികം കർമ്മ / തസ്യൈതൽ ഫലം / ഇതശ്ചാന്യത് ഭവിഷ്യതീതി / ഫലാദ് ബീജമനുമീയതേ / ഫലം ച ബീജാത് / അതഃ ഏവ യത് അനുമീയതേ //

തത് (അതുകൊണ്ടുതന്നെ യാതൊന്നു അനുമിക്കപ്പെടുന്നുവോ അതെന്തെന്നാൽ) സ്വകൃതം അപരിഹാരി അവിനാശി പൌർവ്വദേഹികം ആനുബന്ധികം ദൈവ സംജ്ഞകം കർമ്മ (തന്നാൽ ചെയ്യപ്പെട്ടതും, അനുഭവിച്ചുതീർക്കാതെ എന്തെങ്കിലും ഉപായംകൊണ്ട് പരിഹരിക്കാൻ കഴിയാത്തതും സ്വയം നശിച്ചു പോകാത്തതുമായി പൂർവ്വജന്മത്തിലെ ദേഹംകൊണ്ടു ചെയ്യപ്പെട്ടതും, അനുഭവി ക്കാൻ സന്ദർഭം വരുന്നതുവരെ പുനർജന്മങ്ങളിൽ അനുബന്ധിച്ചു കൊണ്ടിരി ക്കുന്നതുമാണ് ദൈവമെന്നുപേരുള്ള കർമ്മം) അനുബന്ധിയ്ക്കുക തുടരുക. പൂർവ്വജന്മകർമ്മത്തെ ദൈവമെന്നും തൽക്കാല ജന്മകർമ്മത്തെ പൗരുഷമെന്നും പറയുന്നു. തസ്യ ഏതൽ ഫലം (ആ ദൈവമെന്ന കർമ്മ ത്തിന്റെ ഫലമാണ് ഇപ്പറയപ്പെട്ടത്) ഇതഃ ച അന്യത് ഭവിഷ്യതി ഇതി (ഈ ജന്മത്തിൽനിന്ന് ഇനിയുള്ള ജന്മത്തിൽ ഫലം അനുഭവിക്കുന്നതിനായി പുതിയ കർമ്മവും ഉണ്ടാവും എന്ന്) ഫലാത് ബീജം അനുമീയതേ (പ്രത്യക്ഷപ്പെട്ട കായയിൽനിന്നു കുഴിച്ചിടപ്പെട്ട വിത്തു അനുമിക്കപ്പെടുന്നു) ബീജാൽ ഫലം ച അനുമീയതേ (വിത്തിൽ നിന്നു ഫലമിന്നവിധമിരിക്കുമെന്നും അനുമിക്കപ്പെടുന്നു) അതുപോലെ എന്നു താൽപര്യം. കർമ്മത്തെ സഞ്ചിതം, പ്രാരബ്ധം, ആഗമിയെന്നു വിഭജിക്കുന്നു. ആകെ അനുഭവിച്ചു തീരാനുള്ളത് സഞ്ചിതം. തല്ക്കാലത്തെ ജന്മത്തിൽ അനുഭ വിക്കാനുള്ളതു പ്രാരബ്ധം. - പിന്നെയുള്ള ജന്മത്തിൽ അനുഭവിക്കാനുള്ളത് ആഗമി. അതാതുജന്മത്തിൽ നിന്നു സഞ്ചതത്തിലേക്കു കർമ്മം കൂടിക്കൊണ്ടുമി രിക്കുന്നു. നാഭുക്തം ക്ഷീയതേകർമ്മ ജന്മകോടിശതൈരപി - നൂറുകോടി ജന്മം എടുക്കേണ്ടതായിവന്നാലും അനുഭവിച്ചു തീരാതെ കർമ്മം ഒടുങ്ങുകയില്ല എ ന്നുണ്ട്. പ്രാരബ്ധം മാത്രമേ അനുഭവിച്ചുതീരേണ്ടതുള്ളൂ. അവശേഷിക്കുന്ന കർമ്മത്തെ പലവിധത്തിലുള്ള പരിഹാരംകൊണ്ടു നിശ്ശേഷം നശിപ്പിക്കാൻ

കഴിയും എന്നും മറ്റുമുള്ള സമാധാനങ്ങളും പറയപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള കർമ്മ സിദ്ധാന്തത്തിൽ നിന്നു സാമാന്യമായി ധരിക്കാനുള്ളത് ദുഷ്കർമ്മങ്ങളെ കഴിയുന്നതും ചെയ്യരുത്, സൽക്കർമ്മങ്ങളെ നിരന്തരം ചെയ്തുകൊണ്ടിരിക്കണമെന്നതാണെന്നു വിചാരിക്കാം. അന്യന്നുഏതെങ്കിലും തരത്തിൽ ദുഃഖമുണ്ടാകുന്നതു ദുഷ്കർമ്മവും സാമാന്യമായി സുഖമുണ്ടാക്കുന്നത് സൽക്കർമ്മവുമാകുന്നു. ദുഷ്കർമ്മത്തിന്റെ ഫലമായി അവനവൻ ദുഃഖമനുഭവിക്കേണ്ടിവരുന്നു, സൽക്കർമ്മത്തിന്റെ ഫലമായി അവനവൻ സുഖമനുഭവിക്കാനിടയാവുകയും ചെയ്യുന്നു.

യുക്തിശ്ചൈഷാ / ഷഡ്ധാതുസമുദായാദ് ഗർഭജന്മ / കർത്തൃകരണസംയോഗാൽ ക്രിയാ / കൃതസ്യ കർമ്മണ: ഫലം / നാകൃതസ്യ / നാങ്കുരോൽപ്പരത്തിരബീജാൽ / കർമ്മസദൃശം ഫലം / നാദ്യസ്മാദ് ബീജാദന്യസ്യോൽപ്പത്തിഃ / ഇതി യുക്തിഃ //

ഷഡ്ധാതു സമുദായാൽ ഗർഭജന്മ (പഞ്ചഭൂതങ്ങളുമാത്മാവും ചേർന്ന സമുദായത്തിൽ നിന്നു ഗർഭത്തിന്റെ ജന്മം) പഞ്ചഭൂതങ്ങളും ആത്മാവും ചേർന്നാലേ ഗർഭം ഉണ്ടാവുകയുള്ളൂ. ആത്മാവാകട്ടെ പൂർവ്വജന്മത്തിൽ നിന്നു അനുവർത്തിക്കാതെ വേറെ വഴിയില്ല. അതുകൊണ്ട് പുനഃ ജന്മത്തെ അംഗീകരിക്കേണ്ടതായി വരുന്നു. കർത്തൃകരണ സംയോഗാത് ക്രിയാ (കർത്താവും ഉപകരണങ്ങളുംകൂടി ചേർന്നിട്ടാണു ക്രിയ ഉണ്ടാവുക) ഉപകരണങ്ങളെ പ്രവർത്തിപ്പിക്കുന്ന കർത്താവ് ആത്മാവല്ലാതെ മറ്റൊന്നുമാകാൻ തരമില്ല) കൃത്യസ്യ കർമ്മണഃ ഫലം, അകൃതസ്യ ന (ചെയ്യപ്പെട്ട കർമ്മത്തിന്നു ഫലമുണ്ടാകുന്നു. ചെയ്യപ്പെടാത്ത കർമ്മത്തിനു ഫലമില്ല) ഈ ജന്മത്തിൽ പലതരത്തിലുള്ള സുഖവും ദുഃഖവും അനുഭവിക്കപ്പെടുന്നു. അതിനുതക്കവണ്ണം മുമ്പ് ഒരു ജന്മത്തിൽ പുണ്യവും പാപവും ചെയ്തിരിക്കുന്നു. അതുകൊണ്ട് ആത്മാവും പുനർജന്മവുമുണ്ടെന്നു സിദ്ധമാകുന്നു. ഈ ജന്മത്തിൽ എന്തെങ്കിലും സുഖം അനുഭവിക്കപ്പെടുന്നില്ലെങ്കിൽ, അതിനുതക്കവണ്ണം കർമ്മം ചെയ്യപ്പെട്ടിട്ടില്ലയെന്നു ഊഹിക്കപ്പെടേണ്ടിയിരിക്കുന്നു. അബീജാത് അങ്കുരോൽപ്പത്തിഃ ന ഭവതി (ബീജമല്ലാത്തതിൽ നിന്നു മുള ഉണ്ടാവുന്നില്ല) കാരണമല്ലാത്തതിൽ നിന്നു കാര്യമുണ്ടാകുന്നില്ല. സുഖദുഃഖങ്ങൾക്കു കാരണം പുണ്യപാപങ്ങളാകുന്നു പുണ്യപാപങ്ങൾ കൊണ്ടല്ലാതെ സുഖദുഃഖങ്ങൾ ഉണ്ടാകുന്നില്ല. കർമ്മസദൃശംഫലം (കർമ്മത്തിന്റെ ഗൗരവവും ലാഘവവും അനുസരിച്ചിരിക്കും ഫലം) അന്യസ്മാത് ബീജാത് അന്യസ്യ സസ്യസ്യ

ഉൽപത്തിഃ ന (മറ്റുതരംവിത്തിൽ നിന്നു മറ്റൊരുതരം സസ്യത്തിന്റെ ഉൽപ്പത്തി ഉണ്ടാകുന്നില്ല) നെല്ലുണ്ടാവണമെങ്കിൽ നെല്ലുതന്നെ വിതയ്ക്കണം, ഗോതമ്പു വിതച്ചാൽ പോര. ഇതി യുക്തിഃ (എന്നിപ്രകാരമാണു യുക്തി) ഈ ജന്മത്തിൽ എന്തുതരം സുഖം, അനുഭവിക്കുന്നുണ്ടോ അതിന്നൊത്ത പുണ്യം പൂർവ്വജന്മത്തിൽ ചെയ്തിരിക്കണം. അടുത്തജന്മത്തിൽ എന്തുതരം സുഖം അനുഭവിക്കണമോ അതിന്നൊത്തതരം പുണ്യം ഈ ജന്മത്തിൽ ചെയ്യണം. ഇങ്ങനെ യുക്തിയെന്ന പ്രമാണം കൊണ്ടും പുനർജന്മത്തേയും പുനർജന്മത്തെ സ്വീകരിക്കുന്ന ആത്മാവിനേയും കുറിച്ചു ബോധ്യപ്പെടാവുന്നതാണ്.

ഏവം പ്രമാണൈശ്ചതുർഭിരുപദിഷ്ടേ പുനർഭവേ ധർമ്മദ്വാരേഷ്വവധീയേത / തദ്യഥാ - ഗുരുശുശ്രൂഷായാമധ്യയനേ വ്രതചര്യായാം ദാരക്രിയായാമപത്യോൽപാദനേ ഭൃത്യഭരണേ $f$ തിഥി പൂജായാം ദാനേ$f$നഭിധ്യായാം തപസ്യനഹ സൂയായാം ദേഹവാങ്മാനസേ കർമ്മണ്യക്ലിഷ്ടേ ദേഹേന്ദ്രിയമനോർത്ഥ ബുദ്ധ്യാത്മ പരീക്ഷായാം മനസ്സമാധാവിതി / യാനിചാന്യാന്യപ്യേവംവിധാനി കർമ്മാണി സതാമവിഗർഹിതാനി സ്വർഗ്യാണി വൃത്തിപുഷ്ടികരാണി വിദ്യാത്താന്യാരഭേത കർത്തും / തഥാ കുർവ്വന്നിഹ ചൈവ യശോലഭേത പ്രേത്യ ച സ്വർഗം/ ഇതി തൃതീയ പരലോ കൈഷണാ വ്യാഖ്യാതാ ഭവതി /

പുനർഭവേ ഏവം ചതുർഭിഃ പ്രമാണൈഃ ഉപദിഷ്ടേ (ഇപ്രകാരം പുനർജന്മം നാലു പ്രമാണങ്ങൾ കൊണ്ടു ഉപദേശിക്കപ്പെട്ടിരിക്കുമ്പോൾ, പുനർജന്മം യുക്തിയുക്തമായി സമർത്ഥിക്കപ്പെട്ടിരിയ്ക്കകൊണ്ട് എന്നു താൽപര്യം) ധർമ്മദ്വാരേഷു അവധീയേത (ധർമ്മത്തിനുള്ള ഉപായങ്ങളിൽ സാവധാനം, ശ്രദ്ധവെയ്ക്കപ്പെടേണ്ടതാകുന്നു) തദ്യഥാ (അത് എപ്രകാരമെന്നാൽ) ഗുരുശുശ്രൂഷായാം അധ്യയനേ വ്രതചര്യായാം (ഗുരുവിനെ ശുശ്രൂഷിയ്ക്കുന്നതിലും, വഴിപോലെ പഠിക്കുന്നതിലും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിന്നു വ്രതങ്ങളെ അനുഷ്ഠിക്കുന്നതിലും ഇതുകൊണ്ട് ബ്രഹ്മചര്യം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു). ദാരക്രിയായാം അപത്യോൽപാദനേ ( വിവാഹം ചെയ്യുന്നതിലും സന്താനങ്ങളെ ജനിപ്പിക്കുന്നതിലും) ഭൃത്യഭരണേ അതിഥിപൂജായാം (ഭൃത്യന്മാരെകൊണ്ടു അതാതു കർത്തവ്യങ്ങൾ നിർവ്വഹിപ്പിക്കുന്നതിലും അതിഥികളെ പൂജിപ്പിക്കുന്നതിലും) ദാനേ അനഭിധ്യായാം തപസി (കഴിവിന്നൊത്തു ഔചിത്യം പോലെ ആവശ്യമുള്ളവർക്കു പ്രയോജനകരമാംവിധം ദാനം ചെയ്യുന്നതിലും തപസ്സുചെയ്യുന്നതിലും) യാദൃച്ഛികമായി, സഹായമാവശ്യമുള്ളവരായി വന്നുചേരുന്നവരാണു അതിഥികൾ.

അനസൂയായാം (അന്യന്റെ അഭിവൃദ്ധിയിൽ അസഹിഷ്ണുതയോടെ പ്രവർത്തിയ്ക്കാ യ്കയിലും) അക്ലിഷ്ടദേഹവാങ്മാനസേ കർമ്മണി (വളരെയധികം ക്ലേശത്തെ ഉണ്ടാക്കാത്ത, ദേഹം കൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടുമുള്ള കർത്തവ്യങ്ങളിലും) കഴിവിന്നൊത്തല്ലാത്ത, ദേഹം കൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടുമുള്ള ആയാസം, അധികകാലം തുടരുന്നതിനു കഴിയുകയില്ല, പലേ തരത്തിലുള്ള രോഗങ്ങൾ ഉണ്ടാവുകയും ചെയ്യും. ദേഹേന്ദ്രിയമനോർത്ഥ ബുദ്ധ്യാത്മപരീക്ഷായാം (ദേഹത്തിന്റേയും ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും അർത്ഥങ്ങളുടേയും ബുദ്ധിയുടേയും ആത്മാവിന്റേയും അപ്പപ്പോഴത്തെ അവസ്ഥകളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും ഉള്ള ആലോചനയിലും) അർത്ഥങ്ങൾ വിഷയങ്ങൾ, താൻ ഏർപ്പെടുന്ന വിഷയങ്ങൾ നല്ലതോ ചീത്തയോ ഉചിതമോ അനുചിതമോ വേണ്ടതോ വേണ്ടാത്തതോ എന്നും അവയുടെ സ്ഥിതിയെന്തെന്നും മറ്റും പരിശോധിക്കുന്നതാകുന്നു അർത്ഥപരീക്ഷ - അർത്ഥം ധനം എന്നുമുണ്ട്. അവനവന്റെ താല്ക്കാലികമായ സമ്പത്തിന്റെ സ്ഥിതിയെന്തെന്നും മറ്റുമുള്ള പരീക്ഷണം. മനസ്സമാധൗ (മനസ്സിന്റെ ഏകാഗ്രതയിലും) അവധീയേത (ശ്രദ്ധിക്കണം) സതാം അവിഗർഹിതാനി (സജ്ജനങ്ങൾക്കു നിന്ദിയ്ക്കത്തക്കതല്ലാത്തവയും) സ്വർഗ്യാണി (മരണശേഷം സ്വർഗത്തിലെ സുഖത്തിനു കാരണമാകുന്നവയും) വൃത്തി പുഷ്ടികരാണി (ഉപജീവനത്തിനു പുഷ്ടിയെ ഉണ്ടാക്കുന്നവയും ആയി) യാനി ചാന്യാനി ഏവം വിധാനി അപി കർമ്മാണി വിദ്യാൽ (യാതൊരു മറ്റു ഇപ്രകാരമുള്ള കർമ്മങ്ങളെ അറിയുന്നുവോ) താനി കർത്തും ആരഭേത (അവയേയും ചെയ്യുന്നതിനു ഉത്സാഹിക്കേണ്ടതാണ്) തഥാ കുർവൻ ച ( അപ്രകാരമെല്ലാ ചെയ്യുന്നവൻ) ഇഹ ച ഏവ യശഃ ലഭതേ (ഈ ജീവിതത്തിൽത്തന്നെ പ്രശസ്തിയെ ലഭിക്കുന്നു) പ്രേത്യ സ്വർഗം ച (മരിച്ചതിന്നുശേഷം സ്വർഗത്തേയും ലഭിക്കുന്നു.) ഇതി തൃതീയാ പരലോകൈഷണാ വ്യാഖ്യാതാ ഭവതി (ഇപ്രകാരം മൂന്നാമത്തേതായ പരലോകൈഷണ വ്യക്തമാക്കപ്പെട്ടു) താൻ എന്ന സങ്കല്പത്തിനു ആശ്രയമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നതാണു ആത്മാവ്. ആത്മാവിനേയും, പരലോകത്തേയും പുനർജന്മത്തേയുമൊന്നും അംഗീകരിക്കാത്ത നാസ്തികന്മാരെ സംബന്ധിച്ചും ഇവിടെ കുറിക്കപ്പെട്ടപോലെയുള്ള ഒരു ജീവിതം സാമൂഹികമായിത്തന്നെ സുഖത്തേയും സമാധാനത്തേയും നല്കുമെന്നതിനു സംശയമില്ല. എന്തുവിഷയത്തെക്കുറിച്ചും യുക്തിയും പ്രമാണവും ശാസ്ത്രവുമെല്ലാം അന്വേഷിക്കുക എന്നതു ബുദ്ധിയുള്ളവരെ സംബന്ധിച്ചു സ്വാഭാവികമാകുന്നു അത്തരം അന്വേഷണ

ത്തിന്റെ രീതി പലതാകാം, അതിൽ നിന്നുള്ള നിഗമനം പലതാകാം എന്നാൽ എന്തുചെയ്യണം, എങ്ങനെ ജീവിക്കണമെന്ന സംഗതിയിൽ അധികമൊന്നും പക്ഷഭേദത്തിന്നു വഴിയുണ്ടാവുന്നില്ല. ആത്മാവിനേയും പുനർജ്ജന്മത്തേയും മറ്റും അംഗീകരിക്കുകയാണ്, വഴിയിടറിപ്പോകാതിരിക്കുന്നതിനു അധികം നല്ലത് എന്നാണ് ചരകന്റെ മതം എന്നു കരുതാം. മറ്റു ആയുർവേദാചാര്യന്മാർ ഇത്തരം വിഷയങ്ങളെ അധികമായി ചർച്ചചെയ്യുന്നതായിക്കാണുന്നില്ല. അതെല്ലാം അതാതു വിഷയം വിശേഷിച്ചു വിശദീകരിക്കുന്ന ആചാര്യന്മാരിൽനിന്നു ഗ്രഹിക്കണമെന്നാകാം അവരുടെ അഭിപ്രായം. സുശ്രുതൻ അങ്ങനെ പറയുന്നുമുണ്ട്. രോഗവും ആരോഗ്യവും ചികിത്സയും ചര്യയുമെല്ലാം വിഷയമായ ശാസ്ത്രത്തിൽ, ഇതെല്ലാം എന്തിന്നുപറയുന്നു, പറയേണമോ എന്നു സംശയിക്കുന്നവരുണ്ടാകാം. ആയുർവേദത്തിന്റെ വിഷയം ജീവിതമാണ്. രോഗവും ആരോഗ്യവും എല്ലാം തന്നെ ജീവിതത്തിന്റെ ശൈലിയേയും സാഹചര്യത്തേയും ആശ്രയിച്ചിരിക്കുന്നു. ജീവിതത്തോടു പ്രസക്തമായോ അപ്രസക്തമായോ ബന്ധപ്പെട്ടിട്ടുള്ളതെല്ലാം തന്നെ ആയുർവേദത്തിൽ ചർച്ചാവിഷയമാണ്. എല്ലാം തന്നെ പ്രതിപാദിച്ചുതീർക്കുവാൻ കഴിഞ്ഞുവെന്നുവരികയില്ല. ഉദാഹരണമായും സൂചനയായും, ഇതെല്ലാം പ്രതിപാദിച്ചിരിക്കുന്നതാണ്. അതാണു ചരകത്തിന്റെ സമ്പ്രദായം. ഇതൊക്കെഹിന്ദുക്കളുടെ വിശ്വാസമാണ് എന്നുപറയുന്നവരുണ്ടാകാം. ചരകം എഴുതപ്പെട്ട കാലത്തു ഇക്കാലത്തു ഹിന്ദുമതം എന്നു അറിയപ്പെടുന്ന സമ്പ്രദായമേ ഉണ്ടായിരുന്നുള്ളുവെന്നു കരുതണം. അതുകൊണ്ടു ആ വിധത്തിലുള്ള പ്രതിപാദനം സ്വാഭാവികമായി സംഭവിച്ചു എന്നുകരുതണം. പ്രായോഗികമായി ഇവിടെ നിർദ്ദേശിക്കപ്പെട്ടതെല്ലാം ഏതു മതത്തിലെ ആചാര്യന്മാർക്കും സമ്മതമാകുമെന്നതിനു സംശയമില്ല. അതിനുകാരണം സമാധാനത്തിനും സന്തോഷത്തിനും മറ്റൊരു മാർഗം ഇല്ല എന്നതാകുന്നു.

മൂന്നു ഏഷണകൾ എന്നു പറഞ്ഞപ്പോൾ, അപ്രകാരം മൂന്നു മൂന്നായിപ്പറയാവുന്ന മറ്റു ചില സംഗതികളേയും പരാമർശിക്കുന്നു.

അഥ ഖലു ത്രയഃ ഉപസ്തംഭാഃ / ത്രിവിധം ബലം / ത്രീണ്യായതനാനി / ത്രയോ രോഗാഃ / ത്രയോ രോഗമാർഗാഃ / ത്രിവിധാ ഭിഷജഃ / ത്രിവിധമൗഷധമിതി/

അഥ ഖലു (ഇനി അതുപോലെ) ത്രയഃ ഉപ സ്തംഭാഃ (മൂന്നു ഉപസ്തംഭങ്ങൾ) ത്രിവിധം ബലം (മൂന്നുതരത്തിൽ ബലം) ത്രീണി ആയതനാനി (മൂന്ന് ആയ

തനങ്ങൾ) ത്രയ: രോഗാ: (മൂന്നുരോഗങ്ങൾ) ത്രയഃ രോഗമാർഗാഃ (മൂന്നുരോഗ മാർഗങ്ങൾ) ത്രിവിധഃ ഭിഷജഃ (മൂന്നുവിധത്തിൽ ഭിഷക്കുകൾ) ത്രിവിധം ഔഷധം (മൂന്നുവിധത്തിൽ ഔഷധം) മൂന്നുമൂന്നായി പറയപ്പെട്ട ഓരോ വിഷയത്തേയും വിസ്തിരിച്ചുപറയുന്നു.

ത്രയ ഉപസ്തംഭാ ഇതി - ആഹാരഃ സ്വപ്നോ, ബ്രഹ്മചര്യമിതി / ഏഭിസ്ത്രിഭി ർയുക്തിയുക്തൈ രുപസ്തബ്ധമുമപ സ്തംഭൈഃ ശരീരം ബലവർണോപചയോ പചിതമനുവർത്തതേ യാവദായുസ്സംസ്കാരാൽ സംസ്ക്കാരമഹിതമനുപസേവ മാനസ്യ / യ ഇഹൈവോപദേക്ഷ്യതേ /.

ത്രയഃ ഉപസ്തംഭാഃ ഇതി (മൂന്നു ഉപസ്തംഭങ്ങൾ എന്നത്) ആഹാരഃ സ്വപ്നഃ ബ്രഹ്മ ചര്യം ഇതി (ആഹാരം, ഉറക്കം, ബ്രഹ്മചര്യം - ലൈംഗികമായ നിയന്ത്രണം എന്ന്) ഉപസ്തംഭങ്ങൾ താങ്ങുകൾ, തൂണുകൾ. ഏഭിഃ ത്രിഭിഃ യുക്തിയുക്തൈ : ഉപ സ്തംഭൈ: (ഈ മൂന്നു യുക്തിയ്ക്കുതക്കവണ്ണം ഉപയോഗിക്കപ്പെട്ടിട്ടുള്ള ഉപ സ്തംഭങ്ങളെക്കൊണ്ട് ഉപസ്തബ്ധം ശരീരം (താങ്ങിനിർത്തപ്പെട്ട ശരീരം) പ്രധാന സ്തംഭത്തിനു സഹായകരമായി താങ്ങായി ഉണ്ടാക്കപ്പെടുന്നതാണു ഉപസ്തംഭം. പ്രധാന സ്തംഭം ഇവിടെ പുണ്യപാപരൂപമായ കർമ്മമാകുന്നു. ആയുസ്സിനു കാര ണമായ കർമ്മംതന്നെയാണു പ്രധാന സ്തംഭം. അതില്ലെങ്കിൽ ഉപസ്തംഭങ്ങൾ, ആഹാരാദികൾ പ്രയോജനപ്പെടുന്നില്ല. അതാണു അവയുടെ അപ്രധാനത്വം. അവ യില്ലെങ്കിലാകട്ടെ, അകാലത്തിൽത്തന്നെ ശരീരം ക്ഷയിച്ചു ആയുസ്സിനു നാശം ഉണ്ടാകും. ബലവർണോപചയോപചിതം (ബലം, വർണം, പുഷ്ടി എന്നിവ തിക ഞ്ഞതായി) ആയുസ്സംസ്ക്കാരാൽ യാവൽ അനുവർത്തതേ (ആയുസ്സിന്റെ സംസ്ക്കാരം ഉള്ളിടത്തോളംകാലം നിലനിൽക്കുന്നു). സംസ്ക്കാരം എന്നതിന്നു ഇവിടെ കാരണമെന്നർത്ഥമാകുന്നു. ആയുസ്സു നിൽക്കുന്നതിനുള്ള കാരണമു ള്ളിടത്തോളമേ, എത്ര ശ്രദ്ധിച്ചാലും ആയുസ്സുണ്ടാവുകയുള്ളൂ. ആയുസ്സു നിൽക്കുന്നതിനുള്ള മൗലികമായ കാരണം പുണ്യമോ പാപമോ ആകുന്നു. നടു ത്തൂണ്ടം ഒടിഞ്ഞുപോയാൽ പിന്നെ ഇടത്തൂണുകൾക്കു വീടു താങ്ങിനിർത്താൻ കഴിയുകയില്ലല്ലോ. അഹിതം സംസ്ക്കാരം അനുപസേവമാനസ്യ (ആയുസ്സിനു അഹിതമായ സംസ്ക്കാരത്തെ ആശ്രയിക്കാത്തവന് ആയുർന്നാശകമായ പാപ കർമ്മത്തെ പ്രധാനമായി ഹിസാപ്രധാനമായ പാപത്തെ - ചെയ്യാത്തവനാണ് ആഹാരാദികൾ ആയുസ്സുള്ളിടത്തോളം ജീവിയ്ക്കുന്നതിനു സഹായിക്കുക എന്നു താൽപര്യം).

# ജയലക്ഷ്മി ആയുർവ്വേദ ഹോസ്പിറ്റൽ

**ഒണ്ടേൻ റോഡ്, കണ്ണൂർ. Ph : 0493-712743 (Off), 820535 (Resi)**

ഡോ.പി.വി. ലക്ഷ്മണൻ D.M.O., I.S.M. (Retd.)ന്റെ മേൽനോട്ടത്തിൽ ജയലക്ഷ്മി ആയുർവ്വേദ ഹോസ്പിറ്റലിൽവെച്ച് റൈനോസ്പോറിഡം, നാസൽ പോളിപ്സ് എന്നീ പേരിലറിയപ്പെടുന്ന മൂക്കിലെ മുള (മാംസം വളർച്ചയും മൂക്കിന്റെ പാലം വളഞ്ഞുപോകലും) അത് സംബന്ധമായ വിട്ടുമാറാത്ത ജലദോഷം, തലവേദന എന്നിവ ഓപ്പറേഷൻ കൂടാതെ ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് ആയുർവേദ വിധി പ്രകാരം ചികിത്സിച്ചു സുഖപ്പെടുത്തിവരുന്നു. കൂടാതെ കാലപ്പഴക്കം ചെന്ന് ദുഷ്ക്കരങ്ങളായ വാതരോഗങ്ങൾ, സോറിയാസിസ്, ത്വക്ക് രോഗങ്ങൾ, രക്തവാതം, പഴകിയ വ്രണങ്ങൾ, ഉദരരോഗങ്ങൾ, ഭഗന്ദരം, പ്രമേഹം, കൈവിഷം, നാഡിപ്പിഴ, കവ ളരിൾ (വായിലുണ്ടാകുന്ന കാൻസർ), ഗുഹ്യരോഗങ്ങൾ മുതലായ എല്ലാ രോഗങ്ങൾക്കും വിദഗ്ദ്ധചികിത്സ ചെയ്തുവരുന്നു. കൈകാലുകളിൽ ഉണ്ടാകുന്ന ആണി രോഗം പഴകിയതായാൽപോലും പുറമെ മരുന്നുപുരട്ടി വേദന ഇല്ലാതെയും പഴുക്കാതെയും ചുരുങ്ങിയ ദിവസങ്ങൾക്കകം സുഖപ്പെടുത്തിവരുന്നു. രോഗികളെ അഡ്മിറ്റ് ചെയ്ത് ഉഴിച്ചിൽ, പിഴിച്ചിൽ, വസ്തി, വിരേചനം, വമനം, തക്രധാര, ശിരോവസ്തി മുതലായവ വിദഗ്ദ്ധ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ചുരുങ്ങിയ ചെലവിൽ ചെയ്തുകൊടുക്കുന്നതുമാണ്.

---

**SIDHESWARA DRUGS**

ശാസ്ത്രീയ ആയുർവേദ ചികിത്സയ്ക്കു സഹായകരമാകുവാൻ സൂക്ഷ്മതയോടെ നിർമ്മിച്ച രസൗഷധങ്ങൾക്ക്

**തങ്കഭസ്മമുൾപ്പെടെ എല്ലാ ഭസ്മസിന്ദൂരങ്ങളും നിർമ്മിച്ചു വിതരണം നടത്തുന്നു. അവ ഡിസ്പെൻസിംങ്ങ് രൂപത്തിലും ലഭ്യമാണ്.**

**ചില പ്രധാന മരുന്നുകൾ**

| കൂപിപക്വരസായനങ്ങൾ | | ഖല്വീരസായനങ്ങൾ (ടാബ് രൂപത്തിൽ) |
|---|---|---|
| സിദ്ധമകരധ്വജം | 50 mg x 10 packs | ആരോഗ്യവർദ്ധിനീരസം |
| സ്വർണ്ണവംഗം | 150 mg x 10 packs | ആമവാതാരിരസം |
| രസമാണിക്യം | 20 mg x 10 packs | ചന്ദ്രപ്രഭാവടി |
| രസസിന്ദൂരം | 75 mg x 10 packs | ശിര: ശൂലാദിവജ്രരസം. |
| (സമഗുണബലിജാരിതം) | | ശ്വാസാനന്ദം ഗുളിക |

എല്ലാ ജില്ലകളിലും വിതരണക്കാരെ ആവശ്യമുണ്ട്.

*ബന്ധപ്പെടേണ്ട വിലാസം :*

**ഡോ. ശശികുമാർ നെച്ചിയിൽ, എം.ഡി. (ആയു.)**
സിദ്ധേശ്വര ഡ്രഗ്സ്,
കാറൽമണ്ണ പി.ഒ., പാലക്കാട് - 679 506. ഫോൺ : 682240

മരണം പ്രാണിനാം ദൃഷ്ടമായു: പുണ്യോഭയക്ഷയാൽ തയോരപ്യക്ഷയാദ്ദൃഷ്ടം വിഷമാപരിഹാരിണം - എന്നു അഷ്ടാംഗഹൃദയം - ആയുസ്സും പുണ്യവും രണ്ടും ക്ഷയിയ്ക്കുമ്പോഴാണു പ്രാണികൾക്കു മരണമുണ്ടാവുക. ആയുസ്സ് എന്ന തിനു ഇവിടെ പൂർവ്വകർമ്മത്താൽ നിശ്ചിതമായ ജീവിതത്തിന്റെ കാലം എന്നർത്ഥം ധരിയ്ക്കാം. ആഹാരാദികളിൽ നിഷ്ക്കർഷയുള്ളവന്ന് അത്രയും കാലം ആയുസ്സനുഭവിയ്ക്കാം. ആയുസ്സിനെ വർദ്ധിപ്പിയ്ക്കുന്ന അഹിംസാപ്ര ധാനമായ പുണ്യംകൊണ്ട് ആയുസ്സിന്റെ കാലം കുറെക്കൂടി നീണ്ടുകിട്ടാം. നഹി ജീവിതദാനാദ്ധി ദാനമന്യദ്വിശിഷ്യതേ - ജീവിതത്തെ നൽകുക എന്നതിനെക്കാൾ വിശിഷ്ടമായ ദാനമില്ല. അങ്ങനെ നോക്കുമ്പോൾ പുണ്യത്തെ പ്രധാനമാക്കി ചെയ്യുന്ന, ധനത്തിനു പ്രത്യേകം പ്രാധാന്യം നൽകാത്ത വൈദ്യന്റെ വൃത്തി, മറ്റുള്ളവരെ സംബന്ധിച്ചുമാത്രമല്ല, അവനവനെ സംബന്ധിച്ചുകൂടി ഉൽക്കൃ ഷ്ടമാകുന്നു. എന്നാൽ വിഷമങ്ങളെ പരിഹരിയ്ക്കാത്തവർക്കു, അപഥ്യങ്ങ ളേയും ആപത്തുകളേയും ഒഴിവാക്കാത്തവർക്കു അകാലത്തിൽത്തന്നെ ആയുസ്സും പുണ്യവും അവശേഷിയ്ക്കുന്നുണ്ടെങ്കിൽകൂടി മരണം സംഭവി യ്ക്കുമെന്നു താൽപര്യം.

ത്രിവിധം ബലമിതി / സഹജം കാലജം യുക്തികൃതം ച / സഹജം യച്ഛ രീരസത്വയോ : പ്രാകൃതം / കാലജം ഋതു വിഭാഗജം വയ:കൃതം ച / യുക്തി കൃതം പുനസ്തദാഹാരചേഷ്ടായോഗജം /

ത്രിവിധം ബലം ഇതി (മൂന്നുവിധം ബലമെന്നുള്ളത്) സഹജം, കാലജം, യുക്തി കൃതം ച (സഹജം, കാലജം, യുക്തികൃതം എന്നിങ്ങനെയാകുന്നു) സഹജം യൽ ശരീരസത്വയോ: പ്രാകൃതം (സഹജം എന്നത് ശരീരത്തിനു പ്രകൃതി സിദ്ധ മായി ജന്മസിദ്ധമായി - ഉള്ളതാകുന്നു). കാലജം ഋതുവിഭാഗജം വയ: കൃതം ച (കാലജം എന്നുള്ളത് ശീതം, വർഷം, ഉഷ്ണം എന്നിങ്ങനെയുള്ള ഋതുഭേദം അനുസരിച്ചുള്ളതും, പ്രായംകൊണ്ടുള്ളതുമാകുന്നു. യുക്തികൃതം പുന: തത് യത് ആഹാരചേഷ്ടായോഗജം (യുക്തികൃതം എന്നതാകട്ടെ ആഹാരം, വ്യായാമം, വിശിഷ്ടങ്ങളായ ഔഷധയോഗങ്ങൾ - രസായനപ്രയോഗങ്ങൾ എന്നിവകൊ ണ്ടുണ്ടാകുന്നതാകുന്നു). സഹജവും കാലജവുമായ ബലത്തെ, യുക്തികൃതമായ ബലത്തിന്നു പറയപ്പെട്ട ഉപായങ്ങൾ കൊണ്ടു സംരക്ഷിയ്ക്കുകയും പോഷിപ്പി യ്ക്കുകയും വേണ്ടതാകുന്നു.

ത്രീണ്യായതനാനീതി - അർത്ഥാനാം കർമ്മണഃ കാലസ്യ ച അതി യോഗായോഗമിഥ്യായോഗാഃ / തത്ര അതിപ്രഭാവതാം ദൃശ്യാനാമതിമാത്രം ദർശനം അതിയോഗഃ / സർവ്വശോ $f$ ദർശനമയോഗഃ / അതിശ്ലിഷ്ടാതിവിപ്രകൃഷ്ടരൗദ്രഭൈരവാദ്ഭുതദ്വിഷ്ട ബീഭത്സനവികൃതവിത്രാസനാദിരൂപ ദർശനം മിഥ്യാ യോഗഃ / തഥാതിമാത്രസ്തനിത പടഹോൽക്രുഷ്ടാദീനാം ശബ്ദാനാമതിമാത്രം ശ്രവണമതിയോഗഃ / സർവ്വശോ $f$ ശ്രവണമയോഗഃ/ പരുഷേഷ്ടവിനാശോപഘാതപ്രധർഷണഭീഷണാദിശബ്ദശ്രവണം മിഥ്യായോഗഃതഥാതി തീക്ഷ്ണോഗ്രാഭിഷ്യന്ദീനാം ഗന്ധാനാമതിമാത്രം ഘ്രാണമതിയോഗഃ / സർവ്വശോ $f$ ഘ്രാണമയോഗഃ / പൂതിദ്വിഷ്ടാമേധ്യക്ലിന്ന വിഷപവനകുണപഗന്ധാദി ഘ്രാണം മിഥ്യായോഗ:തഥാ രസാനാമത്യാദാനമതിയോഗ: / സർവശോ $f$ ദാനമയോഗ: / മിഥ്യായോഗഃ രാശിവർജ്യേഷ്വാഹാരവിധിവിശേഷായതനേഷൂപദേക്ഷ്യതേ / തഥാതിശീതോഷ്ണാനാം സ്പർശ്യാനാം സ്നാനാഭ്യംഗോത്സാദനാദീനാം ചാത്യുപസേവനമതിയോഗഃ / സർവ്വശോ $f$ നുപസേവനമയോഗഃ / സ്നാനാദീനാം ശീതോഷ്ണാദീനാം ച സ്പൃശ്യാനാമനാനുപൂർവ്യോപസേവനം വിഷമസ്ഥാനാഭിഘാതാശുചിഭൂതസംസ്പർശാദയശ്ചേതി മിഥ്യായോഗഃ //

ത്രീണി ആയതനാനി ഇതി (മൂന്നു ആയതനങ്ങൾ എന്ന്) ആയതനങ്ങൾ കാരണങ്ങൾ, രോഗത്തിന്റെ കാരണങ്ങൾ. അർത്ഥാനാം കർമ്മണഃ കാലസ്യ ച അയോഗാതിയോഗമിഥ്യായോഗഃ (അർത്ഥങ്ങളുടേയും കർമ്മത്തിന്റേയും കാലത്തിന്റേയും അയോഗവും അതിയോഗവും മിഥ്യായോഗവും) അർത്ഥങ്ങൾ ഇന്ദ്രിയാർത്ഥങ്ങൾ, അതാതിന്ദ്രിയം കൊണ്ടു ഗ്രഹിക്കപ്പെടുന്നു വിഷയങ്ങൾ. കർമ്മം ശരീരംകൊണ്ടും വാക്കു കൊണ്ടും മനസ്സുകൊണ്ടുമുള്ള പ്രവൃത്തി. കാലം ശീതം (മഞ്ഞ്) ഉഷ്ണം (വെയിൽ) വർഷം (മഴ) എന്നിവകൊണ്ട് സൂചിപ്പിക്കപ്പെടുന്നത്. അയോഗം സ്വാഭാവികമായി ശരീരത്തിന്റെ സ്വസ്ഥതയ്ക്കു ആവശ്യമുള്ളത്ര ഇല്ലായ്ക - ഹീന യോഗം അതിയോഗം സഹിയ്ക്കാവുന്നതിൽ അധികം. മിഥ്യാ യോഗം വേണ്ടതുപോലെ അല്ലാതെ, അരുതാത്ത വിധത്തിൽ. തത്ര അതിപ്രഭാവതാം ദൃശ്യാനാം അതിമാത്രം ദർശനം അതിയോഗഃ (ആ വിഷയത്തിൽ അത്യധികം തിളക്കമുള്ള കാഴ്ചകളെ അളവിൽ അധികമായി, കണ്ണിന്നു സഹിയ്ക്കാൻ കഴിയുന്നതിൽ കൂടുതലായി കാണുന്നത്, നേത്രേന്ദ്രിയത്തെ സംബന്ധിച്ചു അതിയോഗമാകുന്നു). നേത്രം മുതലായവപേരുകൊണ്ട്, അതാതിന്ദ്രിയത്തേയും അതിരിക്കുന്ന അവയവത്തേയും കുറിക്കാറുണ്ട്. അധികമായി, കുറവായി, വേണ്ടവി

ധത്തിലല്ലാതെ എന്നുപറയപ്പെടുന്നതു അതാതിന്ദ്രിയത്തിന്റെ കർമ്മമാകുന്നു. അയോഗം എന്നത് തീരെ ഉപയോഗിക്കാതിരിക്കുന്നതിനെ മാത്രമല്ല വേണ്ടത്ര ഉപയോഗിക്കാതിരിക്കുന്നതും ആകുന്നു. അ എന്നതിന് അല്പമെന്ന അർത്ഥവും ഉണ്ട്. അനുദരാ കന്യാ - തീരെ വയറില്ലാത്ത എന്നല്ല ചെറിയ വയറുള്ള കന്യ എന്നാണു താല്പര്യം. സർവ്വശഃ അദർശനം അയോഗഃ (തീരെത്തന്നെ കാണാതിരിക്കുന്നത് അയോഗം ആകുന്നു.) ഒരു അവയവം ഒട്ടും തന്നെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ, അതിന്റെ കഴിവിന്നുഹാനിയുണ്ടാവുമല്ലോ. ഒട്ടും തന്നെ തിളക്കമുള്ളതിനെനോക്കി പരിചയിക്കുന്നില്ലെങ്കിൽ, ചെറിയ തിളക്കം തന്നെ കണ്ണിന്നു സഹിയ്ക്കാൻ കഴിഞ്ഞില്ല എന്നു വരും. അതിശ്ലിഷ്ടാതി വിപ്രകൃഷ്ടരൌദ്രഭൈരവാദ്ഭുത ദ്വിഷ്ട ബീഭത്സന വികൃതവിത്രാസനാദിരൂപദർശനം മിഥ്യായോഗ: (നേത്രാവയവത്തിന് വളരെ തൊട്ടിരിയ്ക്കുന്നതും (അതിശ്ലിഷ്ടം), വളരെയധികം അകന്നിരിയ്ക്കുന്നതും (അതിവിപ്രകൃഷ്ടം), ഞെട്ടൽ ഉണ്ടാക്കുന്നതും (രൌദ്രം), ഭയം ഉണ്ടാക്കുന്നതും (ഭൈരവം), വിസ്മയം ഉണ്ടാക്കുന്നതും (അദ്ഭുതം), വെറുപ്പുണ്ടാക്കുന്നതും (ദ്വിഷ്ടം), അറപ്പുണ്ടാക്കുന്നതും (ബീഭത്സനം), അസാധാരണത്വത്തെ ഉണ്ടാക്കുന്നതും (വികൃതം) ഞെട്ടലുണ്ടാക്കുന്നതും (വിത്രാസനം) ആയ കാഴ്ചകാണുന്നത് മിഥ്യായോഗം ആകുന്നു). മിഥ്യായോഗം, സ്വാഭാവികമായി ഇന്ദ്രിയം കൊണ്ടുദ്ദേശിച്ച തരത്തിലല്ലാത്ത ഉപയോഗം. വേണ്ടതു വേണ്ടതരത്തിൽ ഉപയോഗിയ്ക്കുന്നതു സമ്യഗ്യോഗമാകുന്നു. അതു ആരോഗ്യത്തിനു കാരണമാകുന്നു. തഥാതിമാത്രസ്തനിതപടഹോൽക്രുഷ്ടാദീനാം ശബ്ദാനാം അതിമാത്രം ശ്രവണം അതിയോഗ: (അപ്രകാരംതന്നെ കട്ടിയേറിയ ഇടിവെട്ടിന്റേയും പെരുമ്പറക്കൊട്ടിന്റേയും കൂക്കിവിളിയുടേയും മറ്റും ശബ്ദങ്ങൾ അധികമായി കേൾക്കൽ അതിയോഗമാകുന്നു) സർവ്വശ: അശ്രവണം അയോഗ: (തീരെത്തന്നെ ഒരു ശബ്ദവും കേൾക്കാതിരിയ്ക്കലും, വളരെക്കുറവായി മാത്രം കേൾക്കലും അയോഗമാകുന്നു). പരുഷേഷ്ട വിനാശോപഘാത പ്രധർഷണഭീഷണാദി ശബ്ദശ്രവണ: മിഥ്യായോഗ: (പരുപരുത്തത് (പരുഷം), പ്രിയപ്പെട്ടതു നശിച്ചതിനെക്കുറിച്ച് (ഇഷ്ടവിനാശം), നശിപ്പിയ്ക്കപ്പെട്ടതിനെക്കുറിച്ച് (ഉപഘാതം), ആക്രമിക്കപ്പെടുന്നതിനെക്കുറിച്ച് (പ്രധർഷണം), ഭയപ്പെടുത്തൽ (ഭീഷണം) തുടങ്ങിയ ശബ്ദങ്ങൾ മിഥ്യായോഗമാകുന്നു). ഇങ്ങനെയുള്ള ശബ്ദങ്ങൾ കേൾക്കുന്നതുതന്നെ ശ്രവണേന്ദ്രിയത്തിനു തളർച്ചയുണ്ടാക്കുന്നു. തഥാ അതിതീക്ഷ്ണോഗ്രാഭിഷ്യന്ദിനാം ഗന്ധാനാം അതിമാത്രം ഘ്രാണമതിയോഗ: (അപ്രകാരംതന്നെ അധികം തുളച്ചു കയറുന്നതുപോലെ (അതിതീക്ഷ്ണം), തീരെ

സഹിയ്ക്ക വയ്യാതെയും (അത്യുഗ്രം), അധികമായി മൂക്കൊലിപ്പുണ്ടാക്കുന്നതും (അത്യഭിഷ്യന്ദി) ആയ മണങ്ങളെ അത്യധികമായി മണക്കുന്നത് അതിയോഗമാകുന്നു). സർവ്വശഃ അഘ്രാണം അയോഗഃ (തീരെത്തന്നെ മണക്കായ്കയും അൽപമാത്രമായി മണക്കുന്നതും അയോഗമാകുന്നു). പൂതിദ്വിഷ്ടാമേധ്യക്ലിന്ന വിഷപവനകുണപഗന്ധാദിഘ്രാണം മിഥ്യായോഗഃ (ചീഞ്ഞതും വെറുപ്പുണ്ടാക്കുന്നതും മലത്തിന്റെയും നുലഞ്ഞതിന്റേതുമായ മണങ്ങളും, വിഷക്കാറ്റിന്റെയും ശവത്തിന്റെയും മണങ്ങളും മറ്റും മണക്കുന്നത് മിഥ്യായോഗമാകുന്നു). അമേധ്യം മലമൂത്രാദികൾ, കുണപം ശവം – തഥാരസാനാമത്യാദാനം അതിയോഗഃ (അതുപോലെ, മധുരം മുതലായ രസങ്ങളെ, രസമുള്ള ആഹാരങ്ങളെ, അധികമായി കഴിയ്ക്കുന്നത് അതിയോഗം) സർവ്വശഃ അനാദാനം അയോഗഃ (തീരെത്തന്നെ കഴിയ്ക്കായ്കയും വേണ്ടത്ര കഴിയ്ക്കായ്കയും അയോഗമാകുന്നു) രാശിവർജ്യേഷു ആഹാരവിധിവിശേഷേഷു മിഥ്യായോഗഃ ഉപദേക്ഷ്യതേ (വിമാനസ്ഥാനം ഒന്നാം അധ്യായത്തിൽ, ആഹാരത്തിന്റെ വിധികളെ വിശേഷിച്ചു പറയുന്ന സന്ദർഭത്തിൽ മിഥ്യായോഗത്തെ വിസ്തരിച്ചുപദേശിയ്ക്കുന്നുണ്ട്. ആ ഉപദേശങ്ങളിൽ രാശിയെ (അളവിനെ)ക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അളവിനെക്കുറിയ്ക്കുന്ന അതിമാത്രം ഹീനമാത്രം എന്നിവ ഒഴിച്ചു ധരിയ്ക്കണം. അതു രണ്ടും ഇവിടെ പറയപ്പെട്ടു കഴിഞ്ഞു). വേണ്ടതുപോലെയല്ലാതെ എന്നു പറയാം. ഏതെല്ലാം വിഷയങ്ങളിൽ എങ്ങനെ യല്ലാതിരിയ്ക്കുന്നതാണു വേണ്ടപോലെയല്ലാത്തതെന്നു അവിടെ ആ സന്ദർഭത്തിന്റെ വ്യാഖ്യാനത്തിൽ വിശദമാക്കു ന്നതാകുന്നു. തഥാ അതിശീതോഷ്ണാനാം സ്പൃശ്യാനാം സ്നാനാഭ്യംഗോത്സാദനാദീനാം ച അത്യുപസേവനം അതിയോഗഃ (അപ്രകാരം അധികം തണുപ്പോ ചൂടോ ഉള്ള തൊടേണ്ടതായിട്ടുള്ള, തൊടാൻ ഇടവരുന്ന വസ്തു ക്കളുടേയും കുളിയ്ക്കുന്നതിനുള്ള വെള്ളം (സ്നാനം), തേയ്ക്കുന്നതിന്നു എണ്ണയും മറ്റും (അഭ്യംഗം), മെഴുക്കി ളക്കുന്നതിനുള്ള കൽക്കവും മററും (ഉത്സാദനം), തുടങ്ങിയവയുടേയും അധികമായ ഉപയോഗം അതിയോഗം) സർവ്വ: അനുപസേവനം അയോഗം (തീരെത്തന്നെ ചൂടും തണുപ്പുമുള്ളവ ഉപയോഗിയ്ക്കാതിരിക്കലോ വേണ്ടത്ര ഉപയോഗിയ്ക്കാതിരിയ്ക്കലോ അയോഗമാകുന്നു). സ്നാനാദീനാം ശീതോഷ്ണാദീനാം ച സ്പൃശ്യാനാം അനാനുപൂർവ്യോപസേവനം, വിഷമസ്ഥാനാഭിഘാതാ ശുചിഭൂത സംസ്പശാർശാദയഃ ച ഇതി മിഥ്യായോഗഃ

(സ്നാനം (ജലം) മുതലായവയുടേയും തൊടേണ്ടതായി വരുന്ന ശീതം, ഉഷ്ണം മുതലായവയുടേയും ക്രമപ്രകാരമല്ലാത്ത ഉപയോഗവും, വിഷമസ്ഥാനത്തു (നിരപ്പില്ലാത്തിടത്തുള്ള) ഇരുപ്പും കിടപ്പും മറ്റും അടിയും തട്ടും മുട്ടും ഒടിവും ചതവും മറ്റും ഏൽക്കൽ, മലിന വസ്തുക്കളെ തൊടൽ, ഭൂതങ്ങളും മറ്റും ബാധിയ്ക്കൽ എന്നിവ മിഥ്യായോഗമാകുന്നു.)

ഇവിടെ, ദർശനം, ശ്രവണം, ഘ്രാണം, രസനം, സ്പർശനം (രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശനം) എന്ന ക്രമത്തിലാണു ഇന്ദ്രിയങ്ങളും ഇന്ദ്രിയാർത്ഥങ്ങളും പറയപ്പെട്ടിരിയ്ക്കുന്നത്. ആകാശാദികളായ ഭൂതങ്ങളുടെ ക്രമത്തിലല്ല. ശ്രദ്ധയെ ആകർഷിയ്ക്കുന്ന ക്രമത്തിലാണു പറയപ്പെട്ടിരിയ്ക്കുന്നത് എന്നു സാമാന്യമായി പറഞ്ഞുകൂടായ്കയില്ല.

തത്രൈകം സ്പർശനമിന്ദ്രിയാണാമിന്ദ്രിയവ്യാപകം ചേതസ്സമവായി സ്പർശനവ്യാപ്തേർ വ്യാപകമപി ന ചേത: / സർവ്വേന്ദ്രിയാണാം വ്യാപകസ്പർശകൃതോ യോ ഭാ വവിശേഷ: സോയമനുപശയാൽ പഞ്ചവിധസ്ത്രി വിധവികല്പോ ഭവത്യസാത്മ്യേന്ദ്രിയാർത്ഥ സംയോഗ: / സാത്മ്യാർത്ഥോ ഹ്യുപശയാർത്ഥ: /

തത്ര (ഈ വിഷയത്തിൽ) ഇന്ദ്രിയാണാം ഏകം സ്പർശനം (ഇന്ദ്രിയങ്ങൾക്കു ഒരു സ്പർശനം ആണുള്ളത്) സ്പർശനം വിഷയത്തോടുള്ള ബന്ധം. ഇന്ദ്രിയവ്യാപകം (എല്ലാ ഇന്ദ്രിയങ്ങളിലും വ്യാപിച്ചിരിയ്ക്കുന്നതായി) ഒരേ സ്പർശനംതന്നെ ഓരോ ഇന്ദ്രിയത്തിൽകൂടിയും പ്രവർത്തിക്കുന്നു. ചേതസ്സമവായി (മനസ്സിനോടു താൽക്കാലികമായി ബന്ധപ്പെട്ടിരിയ്ക്കുന്നതായി) മനസ്സു ഏതിന്ദ്രിയത്തോടു ബന്ധപ്പെട്ടിരിയ്ക്കുന്നുവോ, ബന്ധപ്പെട്ടിരിയ്ക്കുന്ന കാലത്തോളം സമയംമാത്രം ആ ഇന്ദ്രിയം പ്രവർത്തിയ്ക്കുന്നു. അപ്പോൾ, ഒരേ സമയത്തുതന്നെ കാണുകയും കേൾക്കുകയും തൊടുകയും മറ്റും ചെയ്യുന്നതായ അനുഭവത്തിനു കാരണമെന്തെന്നു സംശയമുണ്ടാകാം. അതു മനസ്സിന്റെ വേഗം കൊണ്ടാകുന്നു. ക്ഷണാർധംകൊണ്ടത് ഓരോ ഇന്ദ്രിയത്തിനേയും പ്രവർത്തിപ്പിയ്ക്കുന്നു. ഉടനെതന്നെ അവിടെനിന്നു മാറി മറ്റൊരിന്ദ്രിയത്തിനെ പ്രവർത്തിപ്പിക്കുന്നു. ഓരോന്നിന്റേയും പ്രവർത്തനംകൊണ്ടുണ്ടായ സംസ്ക്കാരം, മറ്റൊന്നിൽ പ്രവർത്തിച്ചു അതിന്റെ സംസ്ക്കാരവുമുണ്ടാകുന്നു. ഇങ്ങനെ

തുടരെയുണ്ടാവുന്ന സംസ്ക്കാരങ്ങളുടെ പരമ്പര, ഒരേ സമയത്ത് എന്ന പ്രതീതി, തോന്നൽ ഉണ്ടാകുന്നു. സിനിമയിൽ നിശ്ചലങ്ങളായ ചിത്രങ്ങളുടെ പരമ്പര അതിവേഗത്തിൽ ചലിയ്ക്കുമ്പോൾ ചിത്രീകരിയ്ക്കപ്പെട്ട ആളുകളും മറ്റും ചലിയ്ക്കുകയും പ്രവർത്തിക്കുകയും മറ്റും ചെയ്യുന്ന പ്രതീതി ഉണ്ടാകുന്നതുപോലെ എന്നു എറെക്കുറെ പറയാം. ഇങ്ങനെ ഓരോ ഇന്ദ്രിയത്തിൽ കൂടിയും പെട്ടെന്നു പെട്ടെന്നു ണ്ടാവുന്ന സ്പർശം മാനസമാണെന്നു പറയാം. മനസ്സും ആറാമത്തെ ഇന്ദ്രിയമാണെന്നു പറയപ്പെട്ടിട്ടുണ്ടല്ലോ. മനഃഷഷ്ഠാനീന്ദ്രിയാണി. സ്പർശനവ്യാപ്തേഃ വ്യാപകം അപി ചേതഃ/ (സ്പർശനമാകുന്ന ഇന്ദ്രിയത്തിനു വ്യാപ്തിയ്ക്കു വ്യാപകമായിരിയ്ക്കുന്നതും മനസ്സാകുന്നു). മനസ്സു സ്പർശനേന്ദ്രിയത്തിലേയ്ക്ക് വ്യാപിയ്ക്കുന്നു. അതിനെ അതിന്റെ വിഷയത്തിലേയ്ക്ക്, സ്പർശിയ്ക്കുന്ന വസ്തുവിലേയ്ക്കു, വ്യാപിപ്പിയ്ക്കുകയും അതുകൊണ്ടു സ്പർശനത്തിന്റെ അനുഭവമുണ്ടാവുകയും ചെയ്യുന്നു. ഏതു ഇന്ദ്രിയവും അതാതിന്റെ വിഷയത്തോടനു ബന്ധപ്പെടുന്നതിനെ സാമാന്യമായി സ്പർശനമെന്നു പറയാം. മാത്രാസ്പർശാസ്തു കൌന്തേയ ശീതോഷ്ണ സുഖദുഃഖദാഃ എന്നു ഗീതയിലുണ്ട്. മാത്രകളുടെ സ്പർശങ്ങൾ മാത്രകൾ ഇന്ദ്രിയങ്ങൾ, സ്പർശങ്ങൾ ഇന്ദ്രിയങ്ങളുടെ വിഷയങ്ങളോടുള്ള സംബന്ധങ്ങൾ എന്നു താൽപര്യം. അതുകൊണ്ടാണു ചൂടും തണുപ്പും സുഖവും ദുഃഖവുമെല്ലാം അനുഭവപ്പെടുന്നത്. ദാർശനികമായ സൂക്ഷ്മമായ ഒരു വിഷയത്തിന്റെ വളരെ സാമാന്യമായ ഒരു വിശദീകരണം മാത്രമാണത്. തസ്മാൽ സർവ്വേന്ദ്രിയാണാം വ്യാപകസ്പർശകൃതഃ യഃ ഭാവവിശേഷഃ (അതുകൊണ്ടു എല്ലാ ഇന്ദ്രിയങ്ങളുടേയും വ്യാപകമായ - എല്ലാ ഇന്ദ്രിയങ്ങളിലും വ്യാപിച്ചിരിയ്ക്കുന്ന മാനസമായ സ്പർശംകൊണ്ടുണ്ടാവുന്ന അവസ്ഥാവിശേഷം) അഞ്ചു തരത്തിലുള്ള ഇന്ദ്രിയാർത്ഥസംബന്ധം കൊണ്ടുണ്ടാവുന്ന വിഷയത്തിന്റെ അനുഭവം എന്നു താൽപര്യം. സഃ അയം അനുപശയാൽ (അങ്ങനെയുള്ള അത് അസുഖകരമാ കകൊണ്ട്) പഞ്ചവിധഃ (ഓരോ ഇന്ദ്രിയംകൊണ്ടു ഓരോന്നു എന്നു അഞ്ചു ഭേദങ്ങളോടുകൂടി) ത്രിവിധ വികല്പഃ (യോഗം, അതിയോഗം, മിഥ്യായോഗം എന്നിങ്ങനെ ഓരോ ഇന്ദ്രിയത്തിനും മൂന്നു ഭേദത്തോടുകൂടി) അസാത്മ്യേന്ദ്രി യാർത്ഥ സംയോഗഃ ഭവതി (അസാത്മ്യേന്ദ്രിയാർത്ഥ സംയോഗമെന്ന രോഗകാരണം ആകുന്നു.) സാത്മ്യാർത്ഥഃ ഉപശയാർത്ഥഃ ഹി (സാത്മ്യം എന്നതിന്റെ അർത്ഥം

ഉപശയത്തിന്റെ അർത്ഥമാണല്ലോ) ഉപശയത്തിനു സുഖാനുബന്ധി, സുഖത്തെ ഉണ്ടാക്കുന്നതു എന്നർത്ഥം. സാത്മ്യത്തിന്റെ അർത്ഥവും അതുതന്നെയാകുന്നു. അസാത്മ്യമായ, അസുഖകരമായ, രോഗത്തെ ഉണ്ടാക്കുന്ന ഇന്ദ്രിയങ്ങളും അർത്ഥങ്ങളും തമ്മിലുള്ള സംബന്ധം. വേണ്ടവിധത്തിലല്ലാതെ ഇന്ദ്രിയങ്ങളെ ഉപയോഗിച്ചു വിഷയങ്ങളെ ഗ്രഹിയ്ക്കൽ എന്നു താൽപര്യം.

കർമ്മ വാങ്മനഃശരീരപ്രവൃത്തിഃ / തത്ര വാങ്മനഃശരീരാതി പ്രവൃത്തിരതിയോഗഃ / സർവ്വശോപ്രവൃത്തിരയോഗഃ /വേഗധാരണോദീരണവിഷമസ്ഖലനപതനാങ്ഗ പ്രണിധാനാങ്ഗപ്രദൂഷണപ്രഹാരമർദ്ദന പ്രാണോപരോധസംക്ലേശനാദിഃ ശാരീരോ മിഥ്യായോഗഃ / സൂചകാനൃതാകാലകലഹാപ്രിയാബദ്ധാനുപചാരപരുഷ വചനാദിർവാങ്മിഥ്യായോഗഃ / ഭയശോകക്രോധ ലോഭമോഹമാനേർഷ്യാമിഥ്യാ ദർശനാദിർമാനസോ മിഥ്യാ യോഗഃ /

വാങ്മനഃശരീരപ്രവൃത്തിഃ കർമ്മ (വാക്കുകൊണ്ടും മനസ്സുകൊണ്ടും ശരീരംകൊണ്ടുമുള്ള പ്രവൃത്തിയാണു കർമ്മം) തത്ര വാങ്മനഃശരീരാതി പ്രവൃത്തിഃ അതിയോഗഃ (അവയിൽ വാക്കുകൊണ്ടും മനസ്സുകൊണ്ടും ശരീരം കൊണ്ടുമുളള അതി പ്രവൃത്തി, കഴിവിൽക്കവിഞ്ഞു ക്ഷീണം തട്ടത്തക്കവണ്ണമുള്ള പ്രവൃത്തി കർമ്മത്തിന്റെ അതിയോ ഗമാകുന്നു). സർവ്വഃ അപ്രവൃത്തിഃ അയോഗഃ (ഒരുവിധത്തി ലും പ്രവൃത്തിയ്ക്കാതിരിക്കലും കഴിവിനൊത്ത് പ്രവർത്തി യ്ക്കാതിരിക്കലും അയോഗമാകുന്നു). ഏതിന്ദ്രിയ ത്തിന്റേയും ഏതു കരണത്തിന്റേയും വേണ്ട വിധത്തിലുള്ള പ്രവൃത്തി, അതാതിന്റെ സൌഷ്ഠവത്തെ നിലനിർത്തുന്ന വ്യായാമമാകുന്നു. കഴിവിനൊത്തുള്ള പ്രവൃത്തി, വേണ്ട പോലുള്ള വ്യായാമംപോലെ, അതാതിന്റെ കഴിവിനെ വേണ്ടപോലെ നിലനിർത്തുന്നു. വാക്കും, മനസ്സും, ശരീരവും ഉപകരണങ്ങൾ എന്ന അർത്ഥത്തിൽ കരണങ്ങൾ എന്നു പറയപ്പെടുന്നു. വേഗധാരണ വേഗോദീരണ വിഷമസ്ഖലനപതനാംഗപ്രണിധാനാംഗപ്രദൂഷണ പ്രഹാരമർദ്ദനപ്രാണോപരോധന സംക്ലേശനാദിഃ ശാരീരോ മിഥ്യായോഗഃ (വേഗധാരണം, വേഗോദീരണം, വിഷമ സ്ഖലനം, വിഷമപതനം, വിഷമാംഗപ്രണിധാനം, അംഗപ്രദൂഷണം, പ്രഹാരം, മർദ്ദനം, പ്രാണോപരോധനം, സംക്ലേശനം തുടങ്ങിയവ ശരീരംകൊണ്ടുള്ള കർമ്മങ്ങളുടെ മിഥ്യായോഗം ആകുന്നു). വേഗോദീരണം മലമൂത്രാദി വേഗങ്ങളെ ഞെക്കിമുക്കി പുറപ്പെടുവിയ്ക്കൽ, വേഗധാരണം വേണമെന്നു തോന്നുമ്പോൾ തടഞ്ഞു

നിർത്തൽ, വിഷമസ്ഖലനം നിരപ്പല്ലാത്ത സ്ഥലത്ത് ഇടറി വീഴൽ, വിഷമപതനം അവയവങ്ങൾ അസ്വാഭാവിക മായിരിയ്ക്കുംവിധം വീഴൽ, വിഷമാംഗ പ്രണിധാനം അവയവങ്ങളെ അസ്വാഭാവികമാംവിധം പിടിച്ചു ചലിപ്പിച്ചുകൊണ്ടും മറ്റുമുള്ള ഇരുപ്പും നടപ്പുമെല്ലാം, അംഗപ്രദൂഷണം അധികമായി ചൊറിയലും തടവുമെല്ലാ മെന്നുസാരം, സങ്ക്ളേശനം കഠിനങ്ങളായ വ്രതോപ വാസാദികൾകൊണ്ടു ശരീരത്തെ ക്ലേശിപ്പിയ്ക്കൽ, സൂചകാനൃതാകാലകലഹാ പ്രിയാബദ്ധാനുപചാര പരുഷവചനാദി: വാങ്മിഥ്യായോഗ: (സൂചകവചനം, അനൃതവചനം, അകാലവചനം, കലഹവചനം, അപ്രിയ വചനം, അബദ്ധവച നം, അനുപചാരവചനം, പരുഷവചനം മുതലായവ വാക്കുകൊണ്ടുള്ള മിഥ്യായോഗമാകുന്നു). സൂചകവചനം ഏഷണിപറയൽ, അനൃതവചനം നുണപറയൽ, അകാലവചനം വേണ്ടാത്ത സമയത്തു പറയൽ, കലഹവചനം കലഹിച്ചുപറയൽ, അപ്രിയവചനം കേൾക്കുന്നവർക്കു പ്രിയമല്ലാത്തതു പറയൽ, അബദ്ധവചനം അബദ്ധമായി പറയൽ, അനുപചാര വചനം ബഹുമാനം കൂടാതെ പറയൽ, പരുഷവചനം വെറുപ്പു ണ്ടാകുന്നതുപറയൽ, ഭയശോകക്രോധലോഭ മോഹമാ നേർഷ്യാമിഥ്യാദർശനാദിർമാനസോ മിഥ്യായോഗ: (ഭയം, ശോകം, ക്രോധം, ലോഭം, മോഹം, മാനം, ഈർഷ്യ, മിഥ്യാദർശനം മുതലായവ മനസ്സിനെ സംബന്ധിച്ച മിഥ്യായോഗമാകുന്നു). ഭയം പേടി, ശോകം സങ്കടം, ക്രോധം കോപം, ലോഭം കിട്ടിയതു പോര എന്ന വിചാരം, അത്യാർത്തി, മോഹം അവിവേകം, മാനം ദുരഭിമാനം, ഈർഷ്യ അസൂയ, മിഥ്യാദർശനം ശരിയെ തെറ്റെന്നും തെറ്റിനെ ശരിയെന്നും മറ്റും തോന്നിപ്പിച്ചു പ്രവർത്തിപ്പിയ്ക്കുന്ന തത്ത്വശാസ്ത്രം. ശാരീരമായ മിഥ്യായോഗം നേരിട്ടുതന്നെയും വാക്കുകൊണ്ടും മനസ്സുകൊണ്ടുമുള്ള മിഥ്യായോഗം പാരമ്പര്യമായും ദോഷകോപത്തിനു കാരണമാകുന്നു.

സംഗ്രഹേണ ചാതിയോഗായോഗവർജം കർമ്മ വാങ്മനശ്ശ രീരജമഹിതമനുപദിഷ്ടം യത്തച്ച മിഥ്യായോഗം വിദ്യാൽ /

സംഗ്രഹേണ ച (ചുരുക്കത്തിലാകട്ടെ) അതിയോഗാ യോഗവർജം വാങ്മന:ശരീരജം അഹിതം അനുപദിഷ്ടം യത് കർമ്മ ച തൽ ച മിഥ്യായോഗം വിദ്യാൽ (അതിയോഗമെന്നും അയോഗമെന്നും പറയപ്പെട്ടിട്ടുള്ള തൊഴിച്ചുള്ളതും, ഹിതമല്ലാത്തതും, ഉപദേശിയ്ക്ക പ്പെട്ടിട്ടുള്ളതല്ലാത്തതുമായ യാതൊരു കർമ്മമുണ്ടോ, അതും മിഥ്യായോഗമെന്നറിയണം) ഉപദേശിക്കപ്പെട്ടത്,

കർത്ത വ്യമെന്നു വിധിയ്ക്കപ്പെട്ടത്.

ഇതി ത്രിവിധവികല്പം വിവിധമേവകർമ്മ പ്രജ്ഞാപരാധ ഇതി വ്യവസ്യേത്

ഇതി (ഇപ്രകാരം) ത്രിവിധവികൽപം (അതിയോഗം, അയോഗം, മിഥ്യായോഗം എന്ന ഭേദങ്ങളോടുകൂടിയതും) വിവിധം ഏവ (പലേമട്ടിലുള്ളതുമായ കർമ്മം) പ്രജ്ഞാപരാധം വ്യവസ്യേൽ (പ്രജ്ഞാപരാധം എന്നു തീരുമാനിയ്ക്കേണ്ടതാകുന്നു).

ധീധൃതി സ്മൃതിവിഭ്രഷ്ടം
കർമ്മ യത്കുരുതേ / ശുഭം
പ്രജ്ഞാപരാധം തം വിദ്യാൽ
സർവ്വദോഷപ്രകോപണം

ആലോചനയും ഉറപ്പും ഓർമ്മയുമില്ലാതെ അശുഭമായ യാതൊരു കർമ്മമുണ്ടോ അതിനെ എല്ലാ ദോഷങ്ങളേയും കോപിപ്പിയ്ക്കുന്ന പ്രജ്ഞാപരാധമെന്നറിയണം. ഇവിടെ, ധർമ്മാധർമ്മ ചിന്തയിലും, കാലദേശസമൂഹഭേദംകൊണ്ടുള്ളതും ആചാരം അനാചാരം എന്നും മറ്റുമുള്ളതുമായ പക്ഷഭേദങ്ങളെക്കൂടി കണക്കാക്കേണ്ടതുണ്ട്. പത്തുതരം പാപമെന്നു പറയപ്പെട്ടിട്ടുള്ളതു കർമ്മങ്ങളുടെ മിഥ്യായോഗമാകുന്നു.

ശീതോഷ്ണവർഷലക്ഷണാഃ പുനർഹേമന്തഗ്രീഷ്മവർഷാഃ സംവത്സരഃ സ കാലഃ / തത്രാതിമാത്രസ്വലക്ഷണഃ കാലഃ കാലാതിയോഗഃ / ഹീനസ്വലക്ഷണഃ കാലഃ കാലായോഗഃ / യഥാ സ്വലക്ഷണവിപരീതലക്ഷണസ്തു കാലഃ കാലമിഥ്യാ യോഗഃ/ കാല : പുനഃ പരിണാമ ഉച്യതേ /

ശീതോഷ്ണ വർഷ ലക്ഷണാ : (ശീതം, ഉഷ്ണം, വർഷം എന്നിവയാകുന്ന ലക്ഷണങ്ങളോടുകൂടിയവയും) ശീതം മഞ്ഞ്, ഉഷ്ണം വേനൽ, വർഷം മഴ - ഹേമന്ത ഗ്രീഷ്മ വർഷാ : പുനഃ (ഹേമന്തം, ഗ്രീഷ്മം, വർഷമെന്നിവയാകട്ടെ) സംവത്സരഃ (സംവത്സരം, കൊല്ലം ആകുന്നു). സഃ കാലഃ (അതാണു കാലമെന്നുള്ളത്) മഞ്ഞുകാലം, വേനൽക്കാലം, മഴക്കാലം എന്നിങ്ങനെയുള്ള മൂന്നുകാലങ്ങളുൾ പ്പെടുന്നതാണു സംവത്സരമെന്നുള്ളത്. അതു ഭൂമിയ്ക്കു അതിന്റെ അച്ചുതണ്ടിൽ സൂര്യനു ചുറ്റും ഒരു വട്ടം ചുറ്റി വരുന്നതിനുള്ള സമയമാകുന്നു. ഏറെക്കുറെ കൃത്യ സമയത്തുതന്നെ, ഈ കാലഭേദങ്ങൾ,

ഭൂമിയിൽ അതാ തിടത്തു അനുഭവപ്പെടുന്നു. ഭൂമിയുടെ ഉപരിതല ത്തുൾപ്പെടുന്ന പർവ്വതത്തിന്റേയും സമുദ്രത്തിന്റെയും മറ്റും സ്ഥാനഭേദങ്ങളും കാറ്റിന്റെ ഗതിയും മറ്റും കൊണ്ടു ഓരോ ദേശത്തു ഓരോ കാലത്തു ഓരോ തരത്തിലായിരിക്കും മഞ്ഞും വെയിലും മഴയും അനുഭവപ്പെടുക. പ്രധാനമായി കാലങ്ങൾ ഇങ്ങനെ മൂന്നാണെങ്കിലും, ഏറ്റക്കുറച്ചലും അനുഭവപ്പെടുന്ന സമയവും മറ്റും കൊണ്ടു ആറു ഋതുക്കൾ സങ്കൽപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഹിമാലയസാനുക്കളുടെ സാഹചര്യത്തിലാണു ആചാര്യന്മാർ ഒത്തുകൂടി ശാസ്ത്രവിചാരം ചെയ്തത്. അതുകൊണ്ട് സ്വാഭാവികമായി അവിടെ അനുഭവപ്പെടുന്ന തരത്തിലാണു കാലാവസ്ഥാ നിർണ്ണയം ചെയ്തിട്ടുള്ളത്. ആയിരത്താണ്ടുകൾക്കു മുമ്പാണ് അന്നത്തെ സ്ഥിതിവെച്ച് അതുണ്ടായത്. അതുകൊണ്ടു അപ്പറയപ്പെട്ട ലക്ഷണങ്ങളെ ദൃഷ്ടാന്തമാ യെടുത്ത് അതാതു ദേശത്തു അതാതുകാലത്തു അതാതളവിൽ അനുഭവപ്പെടുന്ന അവസ്ഥകളോടു പൊരുത്തപ്പെടുത്തി വിധിനിഷേധങ്ങളെ മനസ്സിലാക്കി അനുസരിയ്ക്കേണ്ട താണ്. വിധികളെല്ലാം ബുദ്ധിമാന്മാർക്കു ഉദാഹരണമാകുന്നു. മഞ്ഞ്, വെയിൽ, മഴ എന്നിവകൊണ്ടു അറിയപ്പെടുന്നതല്ലാതെ അവയുടെ ഏറ്റക്കുറച്ചലോടു കൂടിയതല്ലാതെ ഒരു കാലാവസ്ഥയും ഒരിടത്തും അനുഭവപ്പെടുന്നില്ല. മഞ്ഞുകാലത്തെ ഹേമന്തമെന്നും വേനൽക്കാലത്തെ ഗ്രീഷ്മമെന്നും മഴക്കാലത്തെ വർഷമെന്നും പറയുന്നു. തത്ര അതിമാത്രസ്വലക്ഷണ: കാല: കാലാതിയോഗ: (അവയിൽ അതാതിന്റെ ലക്ഷണം, സ്വാഭാവികമായുണ്ടാകു ന്നതിൽ അധികമായിരിയിക്കുന്നത് കാലത്തിന്റെ അതിയോഗം) ഹീനസ്വലക്ഷണ: കാല: കാലായോഗ: (അതാതിന്റെ ലക്ഷണം കുറഞ്ഞിരിയ് ക്കുന്ന കാലം കാലത്തിന്റെ അയോഗം) യഥാസ്വലക്ഷണ വിപരീതലക്ഷണ: കാല: കാലമിഥ്യായോഗ: (അതാതിന്റെ ലക്ഷണമല്ലാതുള്ള ലക്ഷണത്തോടുകൂടിയ കാലം കാലത്തിന്റെ മിഥ്യായോഗമാകുന്നു). മഴക്കാലത്ത് മഴയ്ക്കു പകരം, മഞ്ഞോ വെയിലോ കാണുന്നതു ഉദാഹരണം. കാല: പുന: പരിണാമ: ഉച്യതേ (കാലമാണു രോഗഹേതുക്കളിൽ പ്പെടുത്തിപ്പറയപ്പെട്ടി രിയ്ക്കുന്ന പരിണാമം) പ്രപഞ്ചത്തി ലുണ്ടാവുന്ന ഭാവഭേദങ്ങൾക്കെല്ലാം തന്നെ കാരണം കാലമാണെന്ന അഭിപ്രായത്തെ ആശ്രയിച്ചാണു കാലത്തിനു പരിണാമം എന്നു പറയപ്പെടുന്നത്. വളർച്ചയും നിലനിൽപ്പും അഴിവും ആണു ജീവനുള്ളതിന്റെ ലക്ഷണം തന്നെ. അതുകൊണ്ടു കാലത്തെ പരിണാമമെന്നു പറയുന്നതു തികച്ചും

അന്വർത്ഥമാകുന്നു. പരിണാമമില്ലെങ്കിലും വിധിയും നിഷേധവുമെല്ലാം അപ്രസക്തമാകുമല്ലോ. പരിണാമം എന്നതിനു സ്വാഭാവികമായ വ്യത്യാസം എന്നു പറയാം.

ഇത്യസാത്മ്യേന്ദ്രിയാർത്ഥസംയോഗഃ പ്രജ്ഞാപരാധഃ പരിണാമശ്ചേതി ത്രയസ്ത്രിവിധവികല്പാഃ ഹേതവോ വികാരാണാം / സമയോഗയുക്താസ്തു പ്രകൃതിഹേതവോ ഭവന്തി /

ഇതി (ഇപ്രകാരം) അസാത്മ്യേന്ദ്രിയാർത്ഥസംയോഗഃ പ്രജ്ഞാപരാധഃ പരിണാമഃ ച (അസാത്മ്യേന്ദ്രിയാ ർഥസംയോഗം, പ്രജ്ഞാപരാധം, പരിണാമം എന്നിങ്ങനെ) ത്രിവിധവികല്പാഃ ത്രയഃ (അതിയോഗം, അയോഗം, മിഥ്യായോഗം എന്നുള്ള മൂന്നു വ്യത്യാസങ്ങളോടുകൂടിയ മൂന്നു സംഗതികൾ) വികാരാണാം ഹേതവഃ (ഭാവഭേദങ്ങൾക്കു കാരണങ്ങളാകുന്നു) സമയോഗയുക്താഃ തു (മൂന്നു തരത്തിൽ പറയപ്പെട്ട വ്യത്യാസങ്ങളൊന്നുമില്ലാതെ, സ്വാഭാവികമായ അവസ്ഥയിലിരിയ്ക്ക എന്ന സമയോഗത്തോടുകൂടിയ ഇവരാകട്ടെ) പ്രകൃതിഹേതവഃ ഭവന്തി (പ്രകൃതിയ്ക്കു, സ്വാഭാവികതയ്ക്കു കാരണങ്ങളാകുന്നു) ശരീരത്തിന്റെ അസ്വഭാവിക സാഹചര്യത്തിലുള്ള അസ്വാഭാവികമായ അവസ്ഥയാണു രോഗം. അതുകൊണ്ടു രോഗത്തെ, വികാരമെന്നും വികൃതിയെന്നും പറയുന്നു. സ്വാഭാവികമായ സാഹചര്യത്തിലുണ്ടാവുന്ന സ്വാഭാവികമായ അവസ്ഥയാണു ആരോഗ്യം. അതുകൊണ്ടു ആരോഗ്യത്തെ പ്രകൃതിയെന്നും പറയുന്നു.

സർവ്വേഷാമേവ ഭാവാനാം ഭാവാഭാവൗ നാന്തരേണ യോഗാ യോഗാതിയോഗ മിഥ്യായോഗാൻ സമുപലഭ്യതേ യഥാസ്വയുക്ത്യപേക്ഷിണൗ ഹി ഭാവാഭാവൗ

സർവേഷാം ഏവ ഭാവാനാം (എല്ലാ വസ്തുക്കളുടേയും തന്നെ) ഭവിയ്ക്കുന്നവ ഭാവങ്ങൾ ഉള്ളവ എന്നു താൽപര്യം. യോഗായോഗാതിയോഗമിഥ്യായോഗാൻ അന്തരേണ (യോഗം, അയോഗം, അതിയോഗം, മിഥ്യായോഗം ഇവ കൂടാതെ) ഭാവാഭാവൗ ന സമുപലഭ്യതേ (ഭാവവും അഭാവവും അനുഭവപ്പെടുന്നില്ല.) വേണ്ടതു വേണ്ടപോലിയിരിയ്ക്കുക എന്നതു യോഗം - അതുകൊണ്ട് ഭാവം, സ്വാഭാവികമായ അവസ്ഥ അനുഭവപ്പെടുന്നു . അയോഗം, വേണ്ടവിധത്തിലല്ലാത്ത മൂന്നുതരത്തിലുള്ള അവസ്ഥ, അഭാവത്തിന്, സ്വഭാവത്തിന്റെ ഹാനിയ്ക്കു കാരണമാകുന്നു. മനുഷ്യരുടെ രോഗാരോഗ്യങ്ങൾ

41 വർഷത്തെ മഹത്തായ പാരമ്പര്യം

Estd 1960

# വിജയ

## ആയുർവേദിക് ഫാർമസി

എച്ച്.എസ്.റോഡ്, പട്ടാമ്പി–679 306

Tel : (Off) 0492-612263 (Resi) 0492-612363

ഇവിടെ വിദഗ്ദ്ധ മേൽനോട്ടത്തിൽ ശാസ്ത്രീയ മായി ഗുണമേന്മയേറിയ ഔഷധങ്ങൾ നിർമ്മി ക്കുന്നു. ഏജൻസികൾക്കും സ്റ്റോക്കിസ്റ്റുകൾ ക്കും ആകർഷകമായ വ്യവസ്ഥയിൽ ഔഷധ ങ്ങൾ നൽകുന്നു.

**Dr. P.K. HARIDASAN BAMS**
**Chief Physician**

**വിശ്വാസയോഗ്യമായ ആയുർവേദ ഔഷധങ്ങൾ ലഭ്യമായ സ്ഥാപനം.**

ഗുളികകളും,
ഭസ്മസിന്ദൂരങ്ങളും
ഞങ്ങളുടെ പ്രത്യേകതകൾ

# ആയുർസിദ്ധ

## ഫാർമസ്യൂട്ടിക്കൽസ്

വരന്തരപ്പിള്ളി–തൃശൂർ 680 303

Ph : 0487-760286, 760376 (R)

*"Specially for you naturally"*



ESTD : 1981

# Everest

## AYURVEDIC MEDICINES

*amalgamates the traditional principles and latest technology. We assure quality since we prepare medicines sincerely from best ingredients in our modern factory, equipped with state of the art quality control lab.Everest is for those who prefer quality.*

Kashaya Sookshma Choornams,
Patent Medicines,
Kashayams(Concentrated),
Arishtas & Asavas,
Medicated Ghees & Oils,
Choornams, Lehyams,
Pills and Arkas

*For more details:*

Everest
PHARMA

Chiyyaram -680 026, South India.
Ph: (0487) Off:(Sales) 23250631,(Admn) 2250932
Resi: 2250740; Fax: (+91-487) 2250819
Grams: "EVEREST" Thrissur-680 026.
E mail: everestonnet@vsnl.net
Visit us: www.everestonnet.com

മാത്രമല്ല പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളുടേയും സ്ഥിതി അതാകുന്നു. ഭാവാഭാവൗ യഥാസ്വയുക്ത്യപേക്ഷിണൗ ഹി (ഇങ്ങനെയുള്ള ഏതുവസ്തുവിന്റേയും ഭാവവും അഭാവവും അതാതിന്നു കാരണത്തിന്റെ ചേർച്ചയെ ആശ്രയിച്ചിരിക്കുന്നു.) ഏതവസ്ഥയ്ക്കും ഏതവസ്ഥയുടെ ഭേദത്തിന്നും അതാതിന്നുള്ള കാരണമുണ്ടായിരിക്കണം. ഒന്നും യാദൃച്ഛികമായില്ല. രോഗം അനുഭവപ്പെടുവാൻ അതിന്റെ കാരണവും, ആരോഗ്യം അനുഭവപ്പെടുവാൻ അതിന്റെ കാരണവും ഉണ്ടാകണം. രോഗത്തെ ഒഴിവാക്കുവാൻ അതിന്റെ കാരണത്തെ ഒഴിവാക്കണം, ആരോഗ്യം ഉണ്ടാകുവാൻ അതിന്റെ കാരണത്തെ ഉളവാക്കണം. ഈ പരമമായ വസ്തുതയുടെ അവബോധ ത്തെ ഉളവാക്കുന്നതിന്നാണു ഈ വിഷയം ഇത്ര വിസ്തരിക്കുന്നത്. ഈ പറയപ്പെട്ട എല്ലാ കാര്യങ്ങളേയും ഒന്നിച്ച ജീവിതത്തിന്റെ സാഹചര്യവും ശൈലിയുമെന്നു പറയാം. രോഗാരോഗ്യങ്ങളെ സംബന്ധിച്ചു, ജീവിതത്തിന്റെ സാഹചര്യത്തിന്നു ഇത്രയും പ്രാധാന്യം നല്കുന്ന മറ്റൊരു ചികിത്സാസമ്പ്രദായവും ഉണ്ടെന്നു തോന്നുന്നില്ല.

ത്രയോ രോഗാ ഇതി – നിജാഗന്തുമാനസാഃ / തത്ര നിജഃ ശരീരദോഷസമുത്ഥഃ / ആഗന്തുർഭൂതവിഷവായ്വഗ്നി സമ്പ്രഹാരാദിസമുത്ഥഃ / മാനസഃ പുനരിഷ്ടസ്യാലാഭാൽ ലാഭാച്ചാനിഷ്ടസ്യോപജായതേ /

ത്രയഃ രോഗാഃ ഇതി (മൂന്നുരോഗങ്ങൾ എന്നു പറയപ്പെട്ടത്) നിജാഗന്തുമാനസാഃ (നിജവും ആഗന്തുവും മാനസവു മെന്നിങ്ങനെ) തത്ര നിജഃ ശരീരദോഷസമുത്ഥഃ (അവയിൽ നിജമെന്നത് ശാരീരദോഷങ്ങളായ വാതപിത്തകഫങ്ങളുടെ കോപം കൊണ്ടും) ആഗന്തവഃ ഭൂതവിഷവായ്വഗ്നിസമ്പ്ര ഹാരാദിസമുത്ഥഃ (ആഗന്തുവെന്നത് ഭൂതബാധ, വിഷമേൽക്കൽ, കാറ്റേൽക്കൽ, തീപ്പൊള്ളൽ, അടികൊള്ളൽ തുടങ്ങിയതുകൊണ്ടും) മാനസഃ പുനഃ ഇഷ്ടസ്യ അലാഭാൽ അനിഷ്ടസ്യ ലാഭാൽ ച (മാനസമെന്നതാകട്ടെ, ആഗ്രഹിക്കുന്നതു ലഭിയ്ക്കാതാവുകയും ആഗ്രഹിയ്ക്കാ ത്തത്, വെറുക്കുന്നത്, ലഭിയ്ക്കുകയും മറ്റും കൊണ്ടും) ഉപജായതേ (ഉണ്ടാകുന്നു) ആഹാരാദികളിലെ അശ്രദ്ധ നിമിത്തം, ജഠരാഗ്നിയുടേയും ധാത്വഗ്നികളുടേയും വൈഷമ്യം കൊണ്ടുണ്ടാവുന്നവയാണു സാമാന്യമായി നിജരോഗങ്ങൾ. പുറമേനിന്നു ബാധിയ്ക്കുന്നവയാണ് ആഗന്തുരോഗങ്ങൾ. മനസ്സിനെ പ്രത്യേകിച്ചു ബാധിക്കുന്ന

കാരണങ്ങൾ കൊണ്ടുണ്ടാവുന്നവയാണു മാനസരോഗങ്ങൾ.

തത്ര ബുദ്ധിമതാ മാനസവ്യാധിപരീതേനാപി സതാ ബുദ്ധ്യാ ഹിതാഹിതമവേക്ഷ്യാവേക്ഷ്യ ധർമ്മാർഥകാമാനാ മഹിതാനാമനുപസേവനേ പ്രയതിതവ്യം/ ന ഹ്യന്തരേണ ലോകേ ത്രയമേതന്മാനസം കിഞ്ചിന്നിഷ്പദ്യതേ സുഖം വാ

ദുഃഖം വാ/തസ്മാദേതച്ചാനുഷ്ഠേയം / തദ്വിദ്യാനാം ചോപസേവനേ പ്രയതിതവ്യം / ആത്മദേശകുലകാലബലശക്തിജ്ഞാനേ യഥാവച്ചേതി

തത്ര (ആ വിഷയത്തിൽ) മാനസവ്യാധിപരീതേന അപി ബുദ്ധിമതാ (മാനസരോഗത്താൽ ബാധിയ്ക്കപ്പെട്ട ബുദ്ധിയുള്ളവനാൽ) 'അപി' എന്നുപറയുകയാൽ ശാരീരരോഗത്താൽ ബാധിക്കപ്പെട്ടവനാൽ എന്നപോലെ എന്നു താൽപര്യം) ബുധ്യാ ഹിതാഹിതം അവേക്ഷ്യ അവേക്ഷ്യ (ബുദ്ധികൊണ്ടു ഹിതത്തേയും അഹിതത്തേയും പരീക്ഷിച്ചു പരീക്ഷിച്ച്) അഹിതാനാം ധർമ്മാർത്ഥകാമാനാം അനുപസേവനേ (അഹിതങ്ങളായ ധർമ്മാർത്ഥകാമങ്ങളെ ശീലിയ്ക്കാതിരിക്കുന്നതിലും) ഹിതാനാം ധർമ്മാർത്ഥകാമാനാം ഉപസേവനേ ച (ഹിതങ്ങളായ ധർമ്മാർത്ഥകാമങ്ങളെ ശീലിയ്ക്കുന്നതിലും) പ്രയതിതവ്യം (പ്രയത്നിയ്ക്കേണ്ടതാകുന്നു, ധർമ്മം അർത്ഥം കാമം എന്നിവ നിത്യം അനുഷ്ഠിയ്ക്കപ്പെടേണ്ടതാകുന്നു.) ധർമ്മത്തിനു ഇവിടെ കർത്തവ്യം എന്നർത്ഥമാകുന്നു. കർത്തവ്യത്തിനു ചെയ്യപ്പെടേണ്ടതെന്നർത്ഥം. വിവേകത്തോടെ, ചെയ്യപ്പെടേണ്ടതിനെ തിരഞ്ഞെടുത്ത്, ഹിതത്തെ മാത്രം (നന്മയ്ക്കുകാരണമാകുന്നതിനെ മാത്രം) അനുഷ്ഠിയ്ക്കണം, തിന്മയ്ക്കു കാരണമാകുന്നതിനെ ഒരിക്കലും അനുസരിയ്ക്കരുത്. നേരായ വിധത്തിൽ സാമ്പാദിയ്ക്കപ്പെട്ട അർത്ഥം, ധനം, സുഖകരമാകയാൽ ഹിതവും, അല്ലാത്തത്, ദുഃഖകരമാകയാൽ അഹിതവുമാകുന്നു. കാമം വിഷയത്തിന്റെ അനുഭവമാകുന്നു. നേരായ രീതിയിൽ വിഷയത്തെ തെരഞ്ഞെടുത്തു അനുഭവിയ്ക്കുന്നത് സുഖകരമാകയാൽ ഹിതവും, അല്ലാത്തതു ദുഃഖകരമാകയാൽ അഹിതവുമാകുന്നു. ഏതൽ ത്രയം അന്തരേണ (ധർമ്മാർത്ഥ കാമങ്ങളാകുന്ന ഇവ മൂന്നുകൂടാതെ) മാനസം സുഖം വാ ദുഃഖം വാ ന കിഞ്ചിൽ നിഷ്പദ്യതേ ഹി (മനസ്സിനെ സംബന്ധിച്ചു സുഖമോ ദുഃഖമോ ഒന്നും സിദ്ധമാകുന്നില്ല) ധർമ്മാർത്ഥസുഖങ്ങളെ അനുഷ്ഠിയ്ക്കുകയും നേടുകയും ചെയ്യുക കൂടാതെ മനസ്സിനെ സംബന്ധിച്ച സുഖമോ ദുഃഖമോ ലഭിക്കപ്പെടുന്നില്ല.

നേരായ മാർഗത്തിലാണെങ്കിൽ സുഖവും അല്ലെങ്കിൽ ദുഃഖവും അനുഭവപ്പെടുന്നു. സുഖമെങ്കിൽ മനസ്സിൽ പ്രസാദവും അല്ലെങ്കിൽ വിഷാദവും. ക്രമത്തിൽ ആരോഗ്യവും രോഗവും എന്നുതാല്പര്യം. തസ്മാത് ഏതത് അനുഷ്ഠേയം (അതുകൊണ്ടു ഇതു ചെയ്യപ്പെടേണ്ടതാകുന്നു) തദ്വിദ്യാനാം ഉപസേവനേ പ്രയതിതവ്യം (അത്തരം സംഗതികളിൽ നല്ല അറിവുള്ളവരെ ഉപാസിയ്ക്കുന്നതിലും ഉദ്യമിയ്ക്കണം) സംശയം തീർക്കുന്നതിന്നും ഉപദേശം നല്കുന്നതിന്നും മാത്രമല്ല മാതൃകയാക്കാനും യോഗ്യതയുള്ള ആചാര്യന്മാരെ ഇടയ്ക്കിടയ്ക്കു കണ്ടു വണങ്ങുകയും അവരുമായി ഇടപഴകുകയും വേണം.) ആത്മദേശകുലകാലബലശക്തി ജ്ഞാനേ ച യഥാവൽ പ്രയതിതവ്യം (അവനവന്റെ അവസ്ഥകളെക്കുറിച്ചും ദേശത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സന്ദർഭത്തെക്കുറിച്ചും സഹായത്തെക്കുറിച്ചും കഴിവിനെക്കുറിച്ചും എല്ലാം വഴിപോലെ ആലോചിച്ചു പ്രവർത്തിയ്ക്കണം)

ഭവതി ചാത്ര -

മാനസം പ്രതിഭൈഷജ്യം
ത്രിവർഗസ്യാന്വവേക്ഷണം
തദ്വിദ്യസേവാ വിജ്ഞാന-
മാത്മാദീനാം ച സർവ്വശഃ

ഭവതി ചാത്ര (പറഞ്ഞതിനെ ഒന്നു കൂടി ചുരുക്കിപ്പറയുന്നു) മാനസം ഭൈഷജ്യം പ്രതി (മനോരോഗത്തിന്നുള്ള ചികിത്സയെക്കുറിച്ചു) ത്രിവർഗസ്യ അന്വവേക്ഷണം (ധർമ്മം, അർത്ഥം, കാമം എന്നിവയാകുന്ന ത്രിവർഗത്തെക്കുറിച്ചു - പുരുഷാർത്ഥങ്ങളെക്കുറിച്ചും - ആരായലും അറിയലും) തദ്വിദ്യസേവാ (ആ വിഷയത്തിൽ അറിവുള്ളവരോടുള്ള സംസർഗവും) ആത്മാദീനാം വിജ്ഞാനം (ആത്മാവ്, ദേശം, കുലം, കാലം, ബലം, ശക്തി എന്നിവയെ സംബന്ധിച്ച അറിവും) വിഷയമാകുന്നു. ആത്മാവിന്റെ അറിവുകൊണ്ടു ഇവിടെ പ്രയോഗികമായി തന്റെ സാഹചര്യത്തേയും സ്ഥിതികളേയും കുറിച്ചാണു ഉദ്ദേശിയ്ക്കുന്നത്. വേദാന്തത്തിലും മറ്റും പറയപ്പെടുന്ന ആത്മാവിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവബോധവും പ്രയോജനകരം തന്നെ.

ത്രയോ രോഗമാർഗാ ഇതി / ശാഖാ മർമ്മാസ്ഥിസന്ധയഃ, കോഷ്ഠശ്ച / തത്ര

ശാഖാ രക്താദയോ ധാതവസ്ത്വക് ച / സ ബാഹ്യോ രോഗമാർഗഃ / മർമ്മാണി പുനർവസ്തി ഹൃദയമൂർധാദീനി, അസ്ഥിസന്ധയോഽസ്ഥിസംയോഗാസ്ത ത്രോപനിബദ്ധാശ്ച സ്നായുകണ്ഡരാഃ / സ മധ്യമോ രോഗമാർഗഃ / കോഷ്ഠഃ പുനരുച്യതേ മഹാസ്രോതഃ ശരീരമധ്യം മഹാനിമ്നമാമപക്വാശയശ്ചേതി പര്യായശബ്ദൈസ്തന്ത്രേ / സ രോഗമാർഗ ആഭ്യന്തരഃ /

ത്രയഃ രോഗമാർഗഃ ഇതി (മൂന്നുരോഗമാർഗങ്ങൾ എന്നുപറയപ്പെട്ടിരിക്കു ന്നതാകട്ടെ) ശാഖാ മർമ്മാസ്ഥി സന്ധയഃ കോഷ്ഠഃ ച (ശാഖയും മർമ്മാസ്ഥിസ ന്ധികളും കോഷ്ഠവുമാകുന്നു.) ശാഖ മുതലായ പേരു കൊണ്ട് രോഗമാർഗങ്ങൾ പറയപ്പെട്ടിരിയ്ക്കുന്നു. തത്ര ശാഖാ രക്താദയഃ ധാതവഃ ത്വക്ക് ച ( അവയിൽ ശാഖയെന്നത് രക്തം മുതലായ ധാതുക്കളും ത്വക്കും ആകുന്നു)രസം മുതലായി ധാതുക്കൾ ഏഴെന്നു പറയപ്പെട്ടിട്ടുണ്ടല്ലോ. അവയിൽ രസം കോഷ്ഠമെന്ന രോഗമാർഗത്തിൽപ്പെടുന്നുവെന്ന് ആ രോഗമാർഗത്തെ ആശ്രയിച്ചുണ്ടാവുന്ന രോഗങ്ങളെക്കുറിച്ചുപറയുമ്പോൾ വ്യക്തമാകും. കുഷ്ഠം മുതലായ രോഗങ്ങൾ ത്വക്കിനെ ആശ്രയിച്ചു പ്രത്യക്ഷപ്പെടുന്നവയാകയാൽ, ത്വക്കിനെക്കൂടി ശാഖയെന്ന രോഗമാർഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സഃ ബാഹ്യഃ രോഗമാർഗഃ (അതു ബാഹ്യമായ രോഗമാർഗമാകുന്നു) വസ്തിഹൃദയമൂർധാദീനി മർമ്മാണി (വസ്തി, ഹൃദയം, മൂർധാവു തുടങ്ങിയ മർമ്മങ്ങളും) നൂറ്റേഴുമർമ്മങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ക്ഷതവും മറ്റുമുണ്ടായാൽ മരണമുണ്ടാകുന്ന സ്ഥാനവിശേഷങ്ങളാണു മർമ്മങ്ങൾ. അവയിൽ അപാനന്റെ സ്ഥാനമായ വസ്തിയും വ്യാനന്റെ സ്ഥാനമായ ഹൃദയവും പ്രാണന്റെ സ്ഥാനമായ ശിരസ്സും പ്രത്യേകിച്ചു പ്രാധാന്യമേറിയവയാണ്. അവ ശരീരത്തിന്റെ അന്തത്തിലും മധ്യത്തിലും ആദിയിലും ഏറ്റവും പ്രാധാന്യമേറിയ കർമ്മങ്ങളെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അവയവങ്ങളാകുന്നു. അവയിൽ ഓരോന്നിന്റേയും പ്രാധാന്യം ത്രിമർമ്മീയം എന്ന അധ്യായത്തിൽ വിശദീകരിയ്ക്കുന്നുണ്ട്. അസ്ഥിസന്ധയഃ അസ്ഥിസംയോഗാഃ തത്ര ഉപനിബദ്ധാഃ സ്നായുകണ്ഡരാഃ ച (അസ്ഥിസന്ധികളും അസ്ഥിസംയോഗ ങ്ങളും അവയിൽ ബന്ധിച്ചിരിയ്ക്കുന്ന സ്നായുകണ്ഡരാഃ ച (അസ്ഥിസന്ധികളും അസ്ഥിസംയോഗങ്ങളും അവയിൽ ബന്ധിച്ചിരിക്കുന്ന സ്നായുകണ്ഡരകളും കൂടിയതാണ് മർമ്മാസ്ഥിസന്ധികൾ എന്നു പറയപ്പെടുന്ന രോഗമാർഗം - ചിലപ്പോൾ മർമ്മങ്ങൾ എന്നും ചിലപ്പോൾ അസ്ഥി

സന്ധികളെന്നുംതന്നെ ആ രോഗമാർഗത്തെ പറഞ്ഞുകാണുന്നു). സഃ മധ്യമഃ രോഗമാർഗഃ (അതു മാധ്യമരോഗമാർഗമാകുന്നു) കോഷ്ഠഃ പുനഃ (കോഷ്ഠമാകട്ടെ) മഹാസ്രോതഃ ശരീരമധ്യം മഹാനിമ്നം, ആമപക്വാശയ:ച ഇതിതന്ത്രേ പര്യായശബ്ദൈ:ഉച്യതേ (മഹാസ്രോതസ്സ്, ശരീരമധ്യം, മഹാനിമ്നം, ആമപക്വാശയം എന്നു ആയുർവേദശാസ്ത്രത്തിൽ പര്യായശബ്ദങ്ങൾ കൊണ്ടുപറയപ്പെടുന്നു.) സ: ആഭ്യന്തര: രോഗമാർഗ: (അതു ആഭ്യന്തരമായ രോഗമാർഗമാകുന്നു) കോഷ്ഠം എന്നതിന്നു ഉള്ളറ എന്നർത്ഥമാകുന്നു. മഹാസ്രോതസ്സു ഏറ്റവും വലിയ കുഴൽ. മുഖം മുതൽ ഗുദം വരെ നീണ്ടുകിടക്കുന്ന വലിയ കുഴലാണത്. ആന്തരങ്ങളായ അവയവങ്ങളെല്ലാം കോഷ്ഠത്തോടു ബന്ധപ്പെട്ടിരിയ്ക്കുന്നു. മുഖത്തിൽകൂടി പ്രവേശിയ്ക്കുന്ന ഭക്ഷണം, അതാതു സ്ഥാനത്തുവെച്ചു അതാതു തരത്തിലുള്ള പരിണാമങ്ങൾകൊണ്ട് വഴിപോലെ പചിയ്ക്കപ്പെട്ട്, ശരീരപോഷകമായ സാരം വേർതിരിഞ്ഞ്, അതാതിന്റെ ഘടകങ്ങൾകൊണ്ടു ധാതുക്കളെ പോഷിപ്പിയ്ക്കുകയും അവശിഷ്ടങ്ങളായ മലം അതാതിന്റെ മാർഗത്തിൽക്കൂടി ബഹിർഗമിയ്ക്കുകയും ചെയ്യുന്നു. പചനത്തെ നിർവ്വഹിയ്ക്കുന്നതിനും സാരത്തെ വേർതിരിയ്ക്കുന്നതിനും ആവശ്യങ്ങളായ ദ്രവങ്ങളെ കോഷ്ഠത്തിലേയ്ക്കു സ്രവിപ്പിയ്ക്കുകയും മറ്റും ചെയ്യുന്ന അവയവങ്ങൾ അതാതിടത്തു കോഷ്ഠത്തോടു ബന്ധിച്ചും അനുബന്ധിച്ചുമിരിയ്ക്കുന്നു. ഉടലിന്റെ നടുക്കു ഉടനീളം ഇരിയ്ക്കുകകൊണ്ടു ശരീരമധ്യം എന്നു പറയുന്നു. മഹാനിമ്നം വലിയ ആഴമേറിയ കുഴി. എത്ര ഇട്ടാലും നിറയാത്തതുപോലെ അതാതുകാലത്തു പിന്നെയും പിന്നെയും ഭക്ഷണം ഇട്ടുകൊടുക്കേണ്ടതുകൊണ്ടു മഹാനിമ്നം (പെരുങ്കുഴി) എന്നു പറയുന്നു. കോഷ്ഠത്തിനു പ്രധാനമായി രണ്ടു ഭാഗങ്ങൾ, ആമാശയമെന്നും പക്വാശയമെന്നും. ആഹാരത്തെ പചനത്തിന്നു തയ്യാറാക്കുന്ന ഭാഗം ആമാശയവും പചനം നടക്കുന്ന ഭാഗം പക്വാശയവുമാകുന്നു. രണ്ടു ഭാഗങ്ങളേയുംകൂട്ടിച്ചേർത്തു ആമപക്വാശയമെന്നു കോഷ്ഠത്തെ പറയുന്നു. ഇങ്ങനെയുള്ള രോഗമാർഗ വിഭജനത്തിന്റെ പ്രയോജനമെന്ത്? ദോഷങ്ങളുടെ സ്ഥാനങ്ങൾ കോഷ്ഠത്തിലാണല്ലോ കൽപ്പിക്കപ്പെട്ടിരിയ്ക്കുന്നത്. ആദ്യഖണ്ഡത്തിൽ കഫവും മധ്യഖണ്ഡത്തിൽ പിത്തവും അന്ത്യഖണ്ഡത്തിൽ വാതവും കൽപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ദോഷങ്ങൾ വർദ്ധിയ്ക്കുന്നത് അതാതിന്റെ സ്ഥാനത്താണ്. അവിടെനിന്നു മറ്റു മാർഗ്ഗങ്ങളിലേയ്ക്കു വ്യാപിച്ചു അതാതിനോടനുബന്ധിച്ചിരിയ്ക്കുന്ന

അവയവത്തിൽ രോഗമുണ്ടാക്കുന്നു. അങ്ങനെ സ്വസ്ഥാനത്തുനിന്നു അന്യമാർഗ്ഗത്തിലുള്ള രോഗസ്ഥാനത്തേയ്ക്കുള്ള വ്യാപ്തിയെ തിര്യഗ്ഗതിയെന്നു പറയുന്നു. രോഗത്തിന്റെ സമ്പ്രാപ്തിയുടെ വിവരണത്തിൽ ദോഷത്തിന്റെ തിര്യഗ്ഗതിയെക്കുറിച്ചുള്ള അവബോധം ഒഴിച്ചുകൂടാത്തതാകുന്നു. ചികിത്സയ്ക്കും ഈ അവബോധം ഒഴിച്ചുകൂടാത്തതാകുന്നു. മധ്യമമാർഗ്ഗത്തെക്കുറിച്ചപ്പോൾ, അസ്ഥിസന്ധികളെപ്പറഞ്ഞുവല്ലോ. ശരീരത്തിനു ഊന്നുകമ്പുപോലെ സ്ഥിതിചെയ്യുന്ന തണ്ടെല്ലു (പൃഷ്ഠവംശം) അനേകം അസ്ഥിഖണ്ഡങ്ങൾകൊണ്ടു ഉണ്ടാക്കപ്പെട്ടതാണ്. അനേകം അസ്ഥിസന്ധി അടങ്ങിയതാണു പൃഷ്ഠവംശം. പക്വാശയത്തിലെ വായുകോപത്തെക്കുറിച്ചു പറയുമ്പോൾ, അതുകൊണ്ടുണ്ടാവുന്ന ലക്ഷണങ്ങളുടെ കൂട്ടത്തിൽ ത്രികപൃഷ്ഠകടീഗ്രഹത്തെക്കുറിച്ചു പറയുന്നു. പൃഷ്ഠവംശത്തിന്റെ ആദ്യം ത്രികവും മധ്യം പൃഷ്ഠവും അന്തം കടിയുമാകുന്നു. തണ്ടെല്ലുവേദനയും കഴുത്തെല്ലു വേദനയും അരക്കെട്ടുവേദനയുംകൊണ്ടു അനേകം രോഗികൾ കഷ്ടപ്പെടുന്നുണ്ടല്ലോ. പ്രദേശികങ്ങളായ ഉപചാരങ്ങൾ, കുഴമ്പുപുരട്ടലും, കിഴിപിടിയ്ക്കലും. ഉഴിച്ചലും പിഴിച്ചലും മറ്റുംകൊണ്ടു ആ വക രോഗങ്ങൾ തികച്ചും ശമിയ്ക്കുന്നില്ല. താൽക്കാലികമായ ആശ്വാസമുണ്ടായേക്കാം എന്നു പറയാം. പക്വാശയത്തിലെ വായുകോപത്തെ ഉചിതമായ പഥ്യംകൊണ്ട്, ചികിത്സകൊണ്ടു ശമിപ്പിയ്ക്കുകയാണെങ്കിൽ, പലപ്പോഴും പ്രാദേശികമായ ഉപചാരം ഒന്നുംകൂടാതെതന്നെ അതെല്ലാം ശമിയ്ക്കുക സാധാരണവും സ്വാഭാവികവുമാകുന്നു. ദോഷത്തിന്റെ തിര്യഗ്ഗതിയെക്കുറിച്ചു ശ്വാസം, കുഷ്ഠം മുതലായ രോഗങ്ങളുടെ സമ്പ്രാപ്തിയിലും ആചാര്യന്മാർ പറയുന്നുണ്ട്. നിദാനത്തെക്കുറിച്ചു ആലോചിച്ചിട്ടുള്ള ചികിത്സയിൽ, രോഗമാർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത ഒഴിച്ചുകൂടാത്തതാകുന്നു.

തത്ര ഗണ്ഡപിടികാലജ്യപചീചർമ്മകീലാധിമാംസ മഷകകുഷ്ഠവ്യംഗാദയോ വികാരാ: ബഹിർമാർഗജാശ്ച വിസർപ്പശ്വയഥുഗുൽമാർശോവിദ്രധ്യാദയ: ശാഖാനുസാരിണോ ഭവന്തി രോഗാ: / പക്ഷവധഗ്രഹാപതാനകാർദ്ദിതശോഷരാജയക്ഷ്മാസ്ഥിസന്ധിശൂലഗുദഭ്രംശാദയഃ ശിരോഹൃദയ വസ്തിരോഗാദയശ്ച മധ്യമമാർഗാനുസാരിണോ ഭവന്തി രോഗാഃ / ജ്വരാതിസാരച്ഛർദ്ദ്യലസകവിസൂചികാകാസശ്വാസഹിക്കാനാഹോദരപ്ലീഹാദയോ/ ന്തർമാർഗജാശ്ച വിസർപ്പശ്വയഥുഗുല്മാർശോ വിദ്രധ്യാദയഃ കോഷ്ഠാനുസാരിണോ ഭവന്തി

തത്ര (അവയിൽ) ഗണ്ഡം, പിഡക, അലജി, അപചി, ചർമ്മകീലം, അധിമാംസം, മഷകം, കുഷ്ഠം, വ്യംഗം തുടങ്ങിയ വികാരങ്ങളും, ബഹിർമാർഗത്തിലുണ്ടാവുന്ന വിസർപ്പം, ശ്വയഥു, ഗുല്മം, അർശസ്സ്, വിദ്രധി തുടങ്ങിയവയും ശാഖാനുസാരിണഃ രോഗാഃ ഭവന്തി (ശാഖയെന്ന മാർഗത്തെ ആശ്രയിച്ചുണ്ടാവുന്ന രോഗങ്ങളാകുന്നു) പക്ഷവധം, പക്ഷഗ്രഹം, അപതാനകം, അർദിതം, ശോഷം, രാജയക്ഷ്മാവ്, അസ്ഥിശൂലം, സന്ധിശൂലം, ഗുദഭ്രംശം മുതലായവയും ശിരസ്സിനേയും ഹൃദയത്തേയും വസ്തിയേയും ആശ്രയിച്ചുണ്ടാവുന്ന രോഗങ്ങളും മധ്യമമാർഗാനുസാരിണഃ രോഗാഃ ഭവന്തി (മധ്യമമാർഗത്തെ അനുസരിച്ചുണ്ടാവുന്ന രോഗങ്ങളാകുന്നു.) ജ്വരം, അതിസാരം, ഛർദ്ദി, അലസകം, വിഷൂചികാ, കാസം, ശ്വാസം, ഹിക്ക, ആനാഹം, ഉദരം, പ്ലീഹരോഗം തുടങ്ങിയവയും വിസർപ്പം, ശ്വയഥു, ഗുല്മം, അർശസ്സ്, വിദ്രധി തുടങ്ങിയവയും കോഷ്ഠാനുസാരിണഃ രോഗാഃ ഭവന്തി (കോഷ്ഠമെന്ന മാർഗത്തെ ആശ്രയിച്ചുണ്ടാവുന്ന രോഗങ്ങളാകുന്നു). ഇവയുടെ നിദാനത്തെയും സമ്പ്രാപ്തിയേയും സ്ഥാനസംശ്രയത്തേയുംകുറിച്ചുള്ള ചിന്തയിലും ഉചിതമായ ഔഷധത്തിന്റെ നിർണയത്തിലും രോഗമാർഗത്തെക്കുറിച്ചുള്ള വിചാരം വളരെ പ്രയോജനപ്പെടുന്നു. വിസർപ്പം തുടങ്ങിയ ചില രോഗങ്ങൾ കോഷ്ഠത്തേയും ശാഖയേയും രണ്ടു മാർഗങ്ങളേയും, ആശ്രയിച്ചുണ്ടാവാറുണ്ട്.

ത്രിവിധാ ഭിഷജ ഇതി –

ഭിഷക്ഛദ്മചരാ സന്തി<br>
സന്ത്യേകേ സിദ്ധസാധിതാഃ<br>
സന്തി വൈദ്യഗുണൈർയ്യുക്താ<br>
സ്ത്രിവിധാ ഭിഷജോ ഭുവി

ഏകേ (ചില വൈദ്യന്മാർ) ഭിഷക്ഛദ്മചരാ സന്തി (വൈദ്യവേഷം കെട്ടി നടക്കുന്നു) ഏകേ സിദ്ധസാധിതാഃ സന്തി (ചിലർ പ്രസിദ്ധന്മാരായ വൈദ്യന്മാരെ അനുകരിച്ച് ചികിത്സിയ്ക്കുന്നു) ഏകേ വൈദ്യഗുണൈഃ യുക്താഃ സന്തി ചിലർ വൈദ്യന്നുവേണ്ട ഗുണങ്ങൾ തികഞ്ഞവരായുമുണ്ട്) ഭുവി ത്രിവിധാഃ ഭിഷജഃ സന്തി (ഇപ്രകാരം ഭൂമിയിൽ മൂന്നു തരത്തിലുള്ള വൈദ്യന്മാർ ഉണ്ട്.)

വൈദ്യഭാണ്ഡൗഷധൈഃ പുസ്തൈഃ പല്ലവൈരവലോകനൈഃ

ലഭന്തേ യേ ഭിഷക് ശബ്ദമജ്ഞാസ്തേ പ്രതിരൂപകാഃ

വൈദ്യഭാണ്ഡൗഷധൈഃ പുസ്തൈഃ (വൈദ്യത്തിനുള്ള ഉപകരണങ്ങളുടെ ഭാണ്ഡവും ഔഷധങ്ങളും ഗ്രന്ഥങ്ങളും കൊണ്ട്) പല്ലവൈഃ അവലോകനൈഃ (ഭാവങ്ങളും നോട്ടങ്ങളും മറ്റും കൊണ്ട്) യേ ഭിഷക്ശബ്ദം ലഭന്തേ, അജ്ഞാതേ പ്രതിരൂപകാ: നല്ല പഠിപ്പില്ലാതെ ആർ വൈദ്യൻ എന്ന പേർ നേടുന്നുവോ, അറിവില്ലാത്ത അവർ വൈദ്യവേഷം കെട്ടി നടക്കുന്നവരാകുന്നു.)

ശ്രീയശോജ്ഞാന സിദ്ധാനാം
വ്യപദേശാദതദ്വിധാഃ
വൈദ്യശബ്ദം ലഭന്തേ യേ
ജ്ഞേയാസ്തേ സിദ്ധസാധിതാഃ

ശ്രീയശോജ്ഞാനസിദ്ധാനാം (ഐശ്വര്യം, യശസ്സ്, ജ്ഞാനം എന്നിവകൊണ്ടു സിദ്ധന്മാരായ മറ്റുള്ളവരുടെ) വ്യപദേശാൽ (പേരുവെച്ചു) അതദ്വിധാഃ (അങ്ങനെയല്ലാത്തവർ) യേ വൈദ്യശബ്ദം ലഭന്തേ തേ (വൈദ്യൻ എന്ന പ്രസിദ്ധിയേ നേടുന്നവർ) സിദ്ധസാധിതാഃ (സിദ്ധസാധിതന്മാർ ആകുന്നു) വേണ്ടവിധം ശാസ്ത്രം പഠിയ്ക്കാതെ, ഇന്ന വൈദ്യന്റെ മകനാണ്, ഇന്ന വൈദ്യന്റെ ശിഷ്യനാണു എന്നും മറ്റും പറഞ്ഞു വൈദ്യനെന്നു പ്രസിദ്ധി നേടുന്നവർ എല്ലാക്കാലത്തും ഉണ്ടായിരിക്കും. കള്ളബിരുദങ്ങൾ കൊണ്ടു ചികിത്സയിൽ ഏർപ്പെട്ടു പ്രസിദ്ധി നേടുന്നവർ ഇക്കാലത്തും ഉണ്ട്. അങ്ങനെ ചിലർ പിടിയ്ക്കപ്പെട്ടു ശിക്ഷിയ്ക്കപ്പെടുന്ന വിവരം പത്രങ്ങളിൽ കാണാറുണ്ടല്ലോ. പാരമ്പര്യം കൊണ്ടും മറ്റും ആരും വൈദ്യനാകുന്നില്ല, പഠിച്ചു പരിചയിച്ചാലേ വൈദ്യനാവുന്നുള്ളു എന്നുതാൽപര്യം.

പ്രയോഗജ്ഞാനവിജ്ഞാന
സിദ്ധിസിദ്ധാഃ സുഖപ്രദാഃ
ജീവിതാഭിസരാസ്തേ സ്യുർ
വൈദ്യത്വം തേഷ്വവസ്ഥിതം ഇതി)

പ്രയോഗജ്ഞാന വിജ്ഞാന സിദ്ധിസിദ്ധാഃ (പ്രയോഗത്തെക്കുറിച്ചു ജ്ഞാനവും വിജ്ഞാനവും സിദ്ധിയും കൊണ്ടു സിദ്ധന്മാരായി) പ്രയോഗം ചികിത്സ, വിജ്ഞാനം അനുഭവജ്ഞാനം, സിദ്ധി, കൈപ്പുണ്യം, സിദ്ധന്മാർ, യോഗ്യതയുള്ളവർ സുഖപ്രദാഃ (ആശ്വാസം നല്കുന്ന വൈദ്യന്മാർ) തേ

ജീവിതാഭിസരാഃ സ്യുഃ (അവർ ജീവിതാഭിസരന്മാർ ആകുന്നു) തേഷു വൈദ്യത്വം അവസ്ഥിതം (അവരിലാണു യഥാർത്ഥമായി വൈദ്യത്വം ഉള്ളത് ) വൈദ്യൻ എന്ന പേരിന്നു അവരാണ് അർഹർ. ജീവിതാഭിസരന്മാർ ജീവനെ രക്ഷിക്കുന്നവർ എന്നുസാരം

ത്രിവിധമൗഷധമിതി / ദൈവവ്യപാശ്രയം യുക്തി വ്യപാശ്രയം, സത്വാവജയശ്ച / തത്ര ദൈവവ്യപാശ്രയം മന്ത്രൌഷധിമണിമം ഗളബല്യുപഹാരഹോമനിയമ പ്രായശ്ചിത്തോ പവാസസ്വസ്ത്യയന പ്രണിപാതഗമനാദി / യുക്തി വ്യപാശ്രയം പുനരാഹാരൗഷധദ്രവ്യാണാം യോജനാ /സത്വാവജയഃ പുനരഹിതേ ഭ്യോ / ത്ഥേർഭ്യോ മനോനിഗ്രഹഃ /

ത്രിവിധം ഔഷധം ഇതി (മൂന്നുതരത്തിൽ ചികിത്സ എന്നുപറയപ്പെടുന്നത്) ഔഷധമെന്ന പദം, പ്രത്യേകിച്ചു ഔഷധമായുപയോഗിയ്ക്കുന്ന ദ്രവ്യത്തേയും സാമാന്യമായി ചികിത്സയെ ത്തന്നെയും കുറിയ്ക്കുന്നു. ദൈവവ്യപാശ്രയം, യുക്തിവ്യപാശ്രയം സത്വാവജയ: ച (ദൈവ വ്യപാശ്രയമെന്നും, യുക്തിവ്യപാശ്രയമെന്നും, സത്വാവജയമെന്നും ആകുന്നു). തത്ര ദൈവവ്യപാശ്രയം (അവയിൽ ദൈവവ്യാപാശ്രയം ആകട്ടെ) മന്ത്രം, ഓഷധി, മണി, മംഗളം, ബലി, ഉപഹാരം, ഹോമം, നിയമം, പ്രായശ്ചിത്തം, ഉപവാസം, സ്വസ്ത്യയനം, പ്രണിപാതം, ഗമനം തുടങ്ങിയവ ആകുന്നു. അതാതു രോഗത്തിൽ ശമനമായി മന്ത്രങ്ങൾ വിധിയ്ക്കപ്പെട്ടിട്ടുണ്ട്. ജ്വരത്തിൽ വിഷ്ണു സഹസ്രനാമവും മറ്റുംപോലെ - രോഗാർത്തോ മുച്യതേ രോഗാത് - സഹസ്രനാമജപംകൊണ്ടു രോഗാർത്തൻ, രോഗത്തിൽനിന്നു മുക്തനാകുന്നു എന്നു സഹസ്രനാമഫലശ്രുതി). ഓഷധി സഹാദേവി, പൂവ്വാങ്കുന്നില, ശിരസ്സിൽ അണിഞ്ഞാൽ ജ്വരത്തെ ശമിപ്പിക്കുന്നു എന്നുണ്ട്. തുളസിയും കൂവളത്തിലയും മററും ചൂടുന്നു. ദശപുഷ്പം ചൂടുന്നതുകൊണ്ടും അതുപോലെ പ്രയോജനമുണ്ട്. മണിരത്നധാരണം, പ്രത്യേകദ്രവ്യങ്ങൾകൊണ്ടു മണികളെ നിർമ്മിയ്ക്കുന്നതിനുള്ള വിധികളും മന്ത്രശാസ്ത്രത്തിലുണ്ട്. മംഗളം, ശുഭം നൽകുന്ന വസ്തുക്കൾ. അഷ്ടമംഗലം മംഗലാഷ്ടശതം എന്നും മറ്റും പറയപ്പെട്ടിട്ടുണ്ട്. എട്ടു മംഗലവസ്തു ഒരുക്കിവെയ്ക്കുക. നൂറ്റെട്ടുമംഗല വസ്തുക്കൾ ഒരുക്കി വെയ്ക്കുക. ഇവയെ കാണുന്നതുതന്നെ ശുഭപ്രദമാകുന്നു. ബലി പ്രത്യേകവിധത്തിലുള്ള പൂജ, ഉപഹാരം വഴിപാട്, ഹോമം ഓരോ രോഗത്തിനും ശമനത്തിനുവേണ്ടി പ്രത്യേക ദ്രവ്യത്തെ ഹോമിയ്ക്കുക എന്ന

വിധിയുണ്ട്. നിയമം വ്രതാനുഷ്ഠാനം, ഏകാദശിവ്രതം, ഷഷ്ഠീവ്രതം മുതലായവ. പ്രായശ്ചിത്തം, രോഗകാരണമാകാവുന്ന പ്രത്യേക പാപത്തിനു പരിഹാരമായി പ്രായശ്ചിത്തം വിധിക്കപ്പെടുന്നു. ചികിത്സിതത്തിനു പ്രായശ്ചിത്തം എന്നൊരു പര്യായം തന്നെയുണ്ട്. ഉപവാസം ഏകാദശിയ്ക്കും മറ്റും വ്രതാംഗമായി ഭക്ഷണത്തെ ഉപേക്ഷിയ്ക്കലും, ഉപദേശിയ്ക്കപ്പെട്ടിട്ടുണ്ട്. വിധിപ്രകാരം അനുഷ്ഠിയ്ക്കപ്പെടുന്ന ഒരിയ്ക്കലും, ഉപവാസവും മറ്റും രോഗത്തിന്റെ ശമനത്തിനെന്നപോലെ രോഗം വരാതിരിയ്ക്കാനും പ്രയോജനപ്പെടുന്നു. സ്വസ്ത്യയനം ശുഭത്തെ ആശംസിച്ചുകൊണ്ടു ചെയ്യപ്പെടുന്ന ചില ചടങ്ങുകൾ, പ്രണിപാതം നമസ്ക്കാരം, ഗമനം തീർത്ഥയാത്ര, ഇതെല്ലാം മന്ത്രശാസ്ത്രവിഷയങ്ങളാണ്. ജ്യോത്സ്യന്മാർ ജാതകം നോക്കിയും പ്രശ്നംവെച്ചുമെല്ലാം വിധിയ്ക്കാറുമുണ്ട്. മുതലായതു എന്നതുകൊണ്ട് ക്ഷേത്രങ്ങളിലെ ഭജനവും പ്രാർത്ഥനയും മറ്റും ഉദ്ദേശിയ്ക്കപ്പെടുന്നു. യുക്തിവ്യപാശ്രയം പുന: ആഹാരൌഷധ ദ്രവ്യാണാം യോജനാ (യുക്തിവ്യപാശ്രയമെന്നത് യുക്തിപ്രകാരം ആഹാരം, ഔഷധം എന്നിവയെ ഉപയോഗിയ്ക്കലാകുന്നു). ദോഷവൈഷമ്യത്തിന്നു തക്കവണ്ണം ഔഷധങ്ങളെ നിർണ്ണയിച്ചു ഉപയോഗിക്കുന്നതു യുക്തിവ്യപാശ്രയം. സത്വാവജയം പുന: (സത്വാവജയമാകട്ടെ) അഹിതേഭ്യ: അർത്ഥേഭ്യ: മനോനിഗ്രഹ: (അഹിതങ്ങളായ വിഷയങ്ങളിൽനിന്നു മനസ്സിനെ നിയന്ത്രിയ്ക്കലാകുന്നു).

ഇവയിൽ ഓരോന്നും തന്നെ പലപ്പോഴും രോഗശമനത്തിനു പ്രയോജനപ്പെടാറുണ്ടെങ്കിലും മൂന്നും കൂടുമ്പോളാണു സമഗ്രമായ ചികിത്സ Holistic treatment, ആകുവുക. ദൈവം എന്നത് പുണ്യപാപങ്ങളെക്കുറിയ്ക്കുന്നു. പുണ്യമെന്നതു സദാചാരം കൊണ്ടു സിദ്ധിക്കുന്നതും പാപമെന്നതു ദുരാചാരം കൊണ്ടുണ്ടാവുന്നതുമാകുന്നു. ആയുർവേദത്തിൽ ഹിംസാദികളായ പത്തു പാപങ്ങളേയും അഹിംസാദികളായ പത്തു പുണ്യങ്ങളേയും പറഞ്ഞിട്ടുണ്ട്. മന്ത്രവും ഔഷധിയും മറ്റും ഈ വിഷയത്തിൽ ശ്രദ്ധയും ഭക്തിയും വർധിയ്ക്കുവാൻ സഹായിക്കുന്നു. സദാചാരം കൂടാതെ മന്ത്രൌഷധ്യാദികളുടെ ഉപയോഗം തികച്ചും പ്രയോജനകരമാകുമെന്നു കരുതിക്കൂടാ - സത്വം മനസ്സ്, അപഥ്യംകൊണ്ടാണു ദോഷങ്ങൾ കോപിച്ചു രോഗമുണ്ടാവുക. പലേ തരത്തിലുള്ള ആസക്തികളാണു അപഥ്യങ്ങൾക്കു കാരണം. മനോനിയന്ത്രണത്തോടെ, പലപ്പോഴും അപഥ്യമൊഴിവാക്കി പഥ്യം

ശീലിക്കുക കൊണ്ടുതന്നെ രോഗം ശമിയ്ക്കുന്നു. എന്നാൽ ഔഷധം ഉപയോഗിയ്ക്കുമ്പോൾ പഥ്യത്തിൽ ശ്രദ്ധിയ്ക്കാതെ രോഗം ശമിയ്ക്കുകയില്ല. അതുകൊണ്ടു സമഗ്രമായ ചികിത്സയുടെ വിഭാഗങ്ങളായി ഈ മൂന്നു സംഗതികളേയും കാണക്കാക്കാവുന്നതാകുന്നു.

ശരീരദോഷകോപേ ഖലു ശരീരമേവാ ശ്രി പ്രായശസ്ത്രിവിധമൌഷധമിച്ഛന്തി / അന്തഃ പരിമാർജ്ജനം ബഹിഃ പരിമാർജ്ജനം ശസ്ത്രപ്രണിധാനം ചേതി / തത്രാന്തഃ പരിമാർജ്ജനം യദന്തഃ ശരീരമനു പ്രവിശ്യൗഷധമാഹാരജാതവ്യാധീൻ പ്രമാർഷ്ടി / യൽ പുനർബഹിഃ സ്പർശമാശ്രിത്യാഭ്യംഗസ്വേദ പ്രദേഹ പരിഷേകോന്മർദനാദ്യൈരാമയാൻ പ്രമാർഷ്ടി തദ്ബഹിഃപരിമാർജ്ജനം / ശസ്ത്രപ്ര ണിധാനം പുനശ്ഛേദനഭേദന വ്യധനദാരണ ലേഖനോൽപാടന പ്രച്ഛാന സീവനൈഷണ ക്ഷാരജലൗകസശ്ചേതി /

ശരീരദോഷ കോപേ ഖലു (ശരീര ദോഷങ്ങളായ വാതപിത്തകഫങ്ങളുടെ കോപത്തിലാകട്ടെ) ശരീരം ഏവ ആശ്രിത്യ (ശരീരത്തെത്തന്നെ ആശ്രയിച്ച് ) പ്രായശഃ (സമാന്യമായി) സാമാന്യമായും എന്നുപറയാൻ കാരണം ചിലപ്പോൾ മാനസദോഷകോപത്തിലും, ഇവയിൽ ചിലതെല്ലാം വേണ്ടി വരുന്നതുകൊണ്ടു ണ്ടാകുന്നു. ശരീരം ആശ്രിത്യ ഏവ (ശരീരത്തെ ആശ്രയിച്ചുതന്നെ) ത്രിവിധം ഔഷധം ഇച്ഛന്തി (മൂന്നുവിധത്തിലുള്ള ചികിത്സവിധിയ്ക്കപ്പെട്ടിരിക്കുന്നു) അന്തഃ പരിമാർജ്ജനം, ബഹിഃ പരിമാർജ്ജനം, ശസ്ത്രപ്രണിധാനം ച ഇതി (അന്തഃപരിമാർജ്ജനം, ബഹിഃ പരിമാർജ്ജനം, ശസ്ത്രപ്രണിധാനം എന്നിങ്ങനെ) തത്ര അന്തഃപരിമാർജ്ജനംയത് അവയിൽ അന്തഃ പരിമാർജ്ജനമെന്നതാകട്ടെ)

ഔഷധം (മരുന്ന്) അന്തഃ ശരീരം അനുപ്രവിശ്യ (ശരീരത്തിന്റെ ഉള്ളിലേയ്ക്കു പ്രവേശിച്ച്) ആഹാരജാതവ്യാധീൻ പ്രമാർഷ്ടി (ആഹാരത്തിന്റെ തരക്കേടുകൊണ്ടുണ്ടായ രോഗങ്ങളെ ശമിപ്പിയ്ക്കുന്നു) ശോധനവും ശമനവുമായ ഔഷധങ്ങളുടെ ഉള്ളിലേയ്ക്കുള്ള ഉപയോഗമാണു അന്തഃപരിമാർജ്ജനം എന്നുപറയാം. ആഹാരമെന്നത് ഇവിടെ വിഹാരത്തിന്റെ കൂടി ഉപലക്ഷണമാകുന്നു. യത് പുനഃ ബഹി: സ്പർശം ആശ്രിത്യ (പിന്നെ യാതൊന്ന്, തൊലിപ്പുറമേ പ്രയോഗിയ്ക്കപ്പെട്ട്) അഭ്യംഗം സ്വേദം, പ്രദേഹം, പരിഷേകം, ഉന്മർദ്ദനം മുതലായതുകൊണ്ട് (അഭ്യംഗം എണ്ണതേപ്പ്, സ്വേദം വിയർപ്പിക്കൽ, പ്രദേഹം അരച്ചു പൂശൽ, പരിഷേകം ധാരചെയ്യൽ, ഉന്മർദ്ദനം

ഉഴിച്ചൽ) ആമയാൻ പ്രമാർഷ്ടി (രോഗങ്ങളെ ശമിപ്പിയ്ക്കുന്നുവോ) തദ് ബഹിഃപരിമാർജ്ജനം (അതു ബഹിഃപരിമാർജ്ജനം ആകുന്നു) ശസ്ത്രപ്രണിധാനം പുന: (ശസ്ത്രപ്രയോഗമെന്നതാകട്ടെ) ഛേദനം, ഭേദനം, വ്യധനം ദാരണം, ലേഖനം, ഉൽപ്പാടനം, പ്രച്ഛാനം, സീവനം, ഏഷണം, ക്ഷാരം, ജലൗകസ്സു എന്നിവയാകുന്നു. ഛേദനം മുറിയ്ക്കൽ, ഭേദനം കീറൽ, വ്യധനം തുളയ്ക്കൽ, ദാരണം പിളർക്കൽ, ലേഖനം ഉരസൽ, ഉൽപ്പാടനം പൊട്ടിയ്ക്കൽ, പ്രച്ഛാനം കൊത്തൽ, സീവനം തുന്നൽ, ഏഷണം തുരക്കൽ, ക്ഷാരം ക്ഷാരംവെച്ചു പൊള്ളിയ്ക്കൽ, അഗ്നി പൊള്ളിയ്ക്കൽ, ജലൗകസ്സു അട്ടയിടൽ എന്നിങ്ങനെയുള്ളവ ശസ്ത്രകർമ്മത്തിൽ ഉൾപ്പെടുന്നു.

ഭവന്തി ചാത്ര (എന്നുമാത്രമല്ല)

പ്രാജ്ഞോ രോഗേ സമുൽപ്പന്നേ
ബാഹ്യേനാഭ്യന്തരേണ വാ
കർമ്മണാ ലഭതേ ശർമ്മ
ശസ്ത്രോപക്രമണേന ച

പ്രാജ്ഞഃ (വിവേകമുള്ളവൻ) രോഗേ സമുല്പന്നേ (രോഗം ഉണ്ടായാൽ) ബാഹ്യേന ആഭ്യന്തരേണ വാ കർമ്മണാ (ബഹിഃപരിമാർജനമോ അന്തഃ പരിമാർജ്ജനമോ ആയ കർമ്മം കൊണ്ടോ (ശസ്ത്രോപക്രമണേന ച (ശസ്ത്രപ്രയോഗം കൊണ്ടോ) ശർമ്മ ലഭതേ (സുഖത്തെ ലഭിയ്ക്കുന്നു). നല്ല വൈദ്യനെ ആശ്രയിച്ചു, അദ്ദേഹത്തിന്റെ ഉപദേശം കൊണ്ടു എന്നുതാൽപര്യം. സുഖം ആരോഗ്യം.

ബാലസ്തു ഖലു മോഹാദ്വാ
പ്രമാദാദ്വാ ന ബുധ്യതേ
ഉൽപദ്യമാനം പ്രഥമം
രോഗം ശത്രുമിവാബുധഃ

ബാലഃ തു (അറിവില്ലാത്തവൻ ആകട്ടെ) മോഹാത് വാ (അറിവില്ലായ്മകൊണ്ടോ) പ്രമാദാത് വാ (തെറ്റിദ്ധാരണകൊണ്ടോ) ഉൽപദ്യമാനം രോഗം പ്രഥമം (ഉണ്ടായിത്തുടങ്ങുന്ന രോഗത്തെ ആരംഭത്തിൽത്തന്നെ) അബുധഃ ശത്രും ഇവ (വിവേകമില്ലാത്തവൻ ശത്രുവിനെ എന്നപോലെ) ന ബുധ്യതെ (അറിയുന്നില്ല) രോഗവും ശത്രുവും തക്കസമയത്തു പ്രതിക്രിയചെയ്തില്ലെങ്കിൽ, പിന്നെ

ശമിപ്പിയ്ക്കുവാൻ കഴിയാത്തതാകും.

അണുർഹി പ്രഥമം ഭൂത്വാ
രോഗഃ പശ്ചാദിവർധതേ
സജാതമൂലോ മുഷ്ണാതി
ബലമായുശ്ച ദുർമ്മതേഃ

രോഗഃ പ്രഥമം അണുഃ ഭൂത്വാ പശ്ചാത് വിവർ ധതേ ഹി (രോഗം തുടക്കത്തിൽ നിസ്സാരമായിരുന്നു പിന്നീട് വർധിയ്ക്കുന്നുവല്ലോ) ജാതമൂലഃ സഃ വേരുറച്ചുപോയാൽ, അതു, രോഗം) ദുർമ്മതേഃ ബലം ആയുഃ ച മുഷ്ണാതി (ബുദ്ധികെട്ട അവന്റെ ബലത്തേയും ആയുസ്സിനേയും അപഹരിയ്ക്കുന്നു) രോഗത്തെ നിരോധിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേഹത്തിന്റെ കരുത്തും കഴിവുമാണു ബലം. രോഗം വർധിയ്ക്കുമ്പോൾ ബലം കുറയുന്നു. ബലം കുറയുമ്പോൾ രോഗം വർധിയ്ക്കുന്നു. ആയുസ്സും ക്ഷയിക്കുന്നു.

ന മൂഢോ ലഭതേ സംജ്ഞാം താവദ്യാവന്ന പീഡ്യതേ
പീഡിതസ്തുമതിം പശ്ചാത് കുരുതേ വ്യാധിനിഗ്രഹേ

മൂഢഃ (അങ്ങനെയുള്ള വിഢ്ഢി)യാവത് ന പീഢ്യതേ താവത് ന സംജ്ഞാം ലഭതേ (പീഡിപ്പിയ്ക്കപ്പെടുന്നതുവരെ താക്കീതിനെ അറിയുന്നില്ല). പീഡിതഃ തു പശ്ചാത് വ്യാധിനിഗ്രഹേ മതിം കുരുതേ (ബാധിയ്ക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നീടു രോഗത്തെ ശമിപ്പിയ്ക്കുന്നതിൽ തീരുമാനം ചെയ്യുന്നു)

അഥ പുത്രാംശ്ച ദാരാംശ്ച ജ്ഞാതീംശ്ചാഹൂയ ഭാഷതേ
സർവ്വസ്വേനാപി മേ കശ്ചിദ് ഭിഷഗാനീയതാമിതി

അഥ പുത്രാൻ ച ദാരാൻ ച ജ്ഞാതീൻ ച ആഹൂയ ഭാഷതേ (അനന്തരം പുത്രന്മാരേയും ഭാര്യയേയും ബന്ധുക്കളേയും വിളിച്ചു പറയുന്നു) മേ സർവ്വസ്വേന അപി കശ്ചിത് ഭിഷക് ആനീയതാം ഇതി (എന്റെ എല്ലാ സ്വത്തും കൊടുത്തുതന്നെ ഒരു വൈദ്യനെ വരുത്തുക എന്ന്)

തഥാവിധം ച കഃ ശക്തോ ദുർബലം വ്യാധിപീഡിതം
കൃശം ക്ഷീണേന്ദ്രിയം ദീനം പരിത്രാതും ഗതായുഷം

തഥാവിധം ദുർബലം കൃശം ക്ഷീണേന്ദ്രിയം ദീനം ഗതായുഷം വ്യാധിപീഡിതം പരിത്രാതും കഃ ശക്തഃ ഭവതി (അപ്രകാരമുള്ള, ബലം ക്ഷയിച്ച, ചടച്ച,

ശമിപ്പിയ്ക്കുവാൻ കഴിയാത്തതാകും.

അണുർഹി പ്രഥമം ഭൂത്വാ
രോഗഃ പശ്ചാദ്വിവർധതേ
സജാതമൂലോ മുഷ്ണാതി
ബലമായുശ്ച ദുർമ്മതേഃ

രോഗഃ പ്രഥമം അണുഃ ഭൂത്വാ പശ്ചാത് വിവർ ധതേ ഹി (രോഗം തുടക്കത്തിൽ നിസ്സാരമായിരുന്നു പിന്നീട് വർധിയ്ക്കുന്നുവല്ലോ) ജാതമൂലഃ സഃ വേരുറച്ചുപോയാൽ, അതു, രോഗം) ദുർമ്മതേഃ ബലം ആയുഃ ച മുഷ്ണാതി (ബുദ്ധികെട്ട അവന്റെ ബലത്തേയും ആയുസ്സിനേയും അപഹരിയ്ക്കുന്നു) രോഗത്തെ നിരോധിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേഹത്തിന്റെ കരുത്തും കഴിവുമാണു ബലം. രോഗം വർധിയ്ക്കുമ്പോൾ ബലം കുറയുന്നു. ബലം കുറയുമ്പോൾ രോഗം വർധിയ്ക്കുന്നു. ആയുസ്സും ക്ഷയിക്കുന്നു.

ന മൂഢോ ലഭതേ സംജ്ഞാം താവദ്യാവന്ന പീഡ്യതേ
പീഡിതസ്തുമതിം പശ്ചാത് കുരുതേ വ്യാധിനിഗ്രഹേ

മൂഢഃ (അങ്ങനെയുള്ള വിഢ്ഢി)യാവത് ന പീഢ്യതേ താവത് ന സംജ്ഞാം ലഭതേ (പീഡിപ്പിയ്ക്കപ്പെടുന്നതുവരെ താക്കീതിനെ അറിയുന്നില്ല). പീഡിതഃ തു പശ്ചാത് വ്യാധിനിഗ്രഹേ മതിം കുരുതേ (ബാധിയ്ക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നീടു രോഗത്തെ ശമിപ്പിയ്ക്കുന്നതിൽ തീരുമാനം ചെയ്യുന്നു)

അഥ പുത്രാംശ്ച ദാരാംശ്ച ജ്ഞാതീംശ്ചാഹൂയ ഭാഷതേ
സർവ്വസ്വേനാപി മേ കശ്ചിദ് ഭിഷഗാനീയതാമിതി

അഥ പുത്രാൻ ച ദാരാൻ ച ജ്ഞാതീൻ ച ആഹൂയ ഭാഷതേ (അനന്തരം പുത്രന്മാരേയും ഭാര്യയേയും ബന്ധുക്കളേയും വിളിച്ചു പറയുന്നു) മേ സർവ്വസ്വേന അപി കശ്ചിത് ഭിഷക് ആനീയതാം ഇതി (എന്റെ എല്ലാ സ്വത്തും കൊടുത്തുതന്നെ ഒരു വൈദ്യനെ വരുത്തുക എന്ന്)

തഥാവിധം ച കഃ ശക്തോ ദുർബലം വ്യാധിപീഡിതം
കൃശം ക്ഷീണേന്ദ്രിയം ദീനം പരിത്രാതും ഗതായുഷം

തഥാവിധം ദുർബലം കൃശം ക്ഷീണേന്ദ്രിയം ദീനം ഗതായുഷം വ്യാധിപീഡിതം പരിത്രാതും കഃ ശക്തഃ ഭവതി (അപ്രകാരമുള്ള, ബലം ക്ഷയിച്ച, ചടച്ച,

ശമിപ്പിയ്ക്കുവാൻ കഴിയാത്തതാകും.

അണുർഹി പ്രഥമം ഭൂത്വാ
രോഗഃ പശ്ചാദ്വിവർധതേ
സജാതമൂലോ മുഷ്ണാതി
ബലമായുശ്ച ദുർമ്മതേഃ

രോഗഃ പ്രഥമം അണുഃ ഭൂത്വാ പശ്ചാത് വിവർ ധതേ ഹി (രോഗം തുടക്കത്തിൽ നിസ്സാരമായിരുന്നു പിന്നീട് വർധിയ്ക്കുന്നുവല്ലോ) ജാതമൂലഃ സഃ വേരുറച്ചുപോയാൽ, അതു, രോഗം) ദുർമ്മതേഃ ബലം ആയുഃ ച മുഷ്ണാതി (ബുദ്ധികെട്ട അവന്റെ ബലത്തേയും ആയുസ്സിനേയും അപഹരിയ്ക്കുന്നു) രോഗത്തെ നിരോധിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേഹത്തിന്റെ കരുത്തും കഴിവുമാണു ബലം. രോഗം വർധിയ്ക്കുമ്പോൾ ബലം കുറയുന്നു. ബലം കുറയുമ്പോൾ രോഗം വർധിയ്ക്കുന്നു. ആയുസ്സും ക്ഷയിക്കുന്നു.

ന മൂഢോ ലഭതേ സംജ്ഞാം താവദ്യാവന്ന പീഡ്യതേ
പീഡിതസ്തുമതിം പശ്ചാത് കുരുതേ വ്യാധിനിഗ്രഹേ

മൂഢഃ (അങ്ങനെയുള്ള വിഢ്ഢി)യാവത് ന പീഢ്യതേ താവത് ന സംജ്ഞാം ലഭതേ (പീഡിപ്പിയ്ക്കപ്പെടുന്നതുവരെ താക്കീതിനെ അറിയുന്നില്ല). പീഡിതഃ തു പശ്ചാത് വ്യാധിനിഗ്രഹേ മതിം കുരുതേ (ബാധിയ്ക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നീടു രോഗത്തെ ശമിപ്പിയ്ക്കുന്നതിൽ തീരുമാനം ചെയ്യുന്നു)

അഥ പുത്രാംശ്ച ദാരാംശ്ച ജ്ഞാതീംശ്ചാഹൂയ ഭാഷതേ
സർവ്വസ്വേനാപി മേ കശ്ചിദ് ഭിഷഗാനീയതാമിതി

അഥ പുത്രാൻ ച ദാരാൻ ച ജ്ഞാതീൻ ച ആഹൂയ ഭാഷതേ (അനന്തരം പുത്രന്മാരേയും ഭാര്യയേയും ബന്ധുക്കളേയും വിളിച്ചു പറയുന്നു) മേ സർവ്വസ്വേന അപി കശ്ചിത് ഭിഷക് ആനീയതാം ഇതി (എന്റെ എല്ലാ സ്വത്തും കൊടുത്തുതന്നെ ഒരു വൈദ്യനെ വരുത്തുക എന്ന്)

തഥാവിധം ച കഃ ശക്തോ ദുർബലം വ്യാധിപീഡിതം
കൃശം ക്ഷീണേന്ദ്രിയം ദീനം പരിത്രാതും ഗതായുഷം

തഥാവിധം ദുർബലം കൃശം ക്ഷീണേന്ദ്രിയം ദീനം ഗതായുഷം വ്യാധിപീഡിതം പരിത്രാതും കഃ ശക്തഃ ഭവതി (അപ്രകാരമുള്ള, ബലം ക്ഷയിച്ച, ചടച്ച,

തൃശ്ശൂർ ജില്ലയിലെ ആയുർവേദചികിത്സകരുടെ
സഹകരണസംഘം

# ആമ്പിക് ഫാർമസി
# ലിമിറ്റഡ്

R-204

ചാലക്കുടി, തൃശൂർ-680 307

Ph : 0488 703093

*ഭരണസമിതി അംഗങ്ങൾ*

| | |
|---|---|
| ഡോ.പി. സരസിജാക്ഷൻ | പ്രസിഡൻറ് |
| ശ്രീ. ടി.ടി. ലൂയിസ് വൈദ്യൻ | വൈസ് പ്രസിഡൻറ് |
| ശ്രീ. എം.എ. അരവിന്ദാക്ഷമേനോൻ | ബോർഡ് അംഗം |
| ഡോ. കെ.വി. അയ്യപ്പൻ | " |
| ഡോ. എം. പ്രസാദ് | " |
| ഡോ. കെ. മഹേഷ് മേനോൻ | " |
| ഡോ. ലിൻഡാ മേനോൻ | " |
| ശ്രീ. എ. കരുണാകരൻ | സെക്രട്ടറി |

ഔഷധനിർമാണരംഗത്ത്
കാൽനൂറ്റാണ്ടായി പ്രവർത്തിക്കുന്ന
ജില്ലയിലെ ഏക സഹകരണസ്ഥാപനം.

ഇന്ദ്രിയങ്ങൾ ക്ഷീണിച്ച, പരവശനായ, ആയുസ്സു അവസാനിയ്ക്കാറായ രോഗംകൊണ്ട് തളർന്നവനെ രക്ഷിയ്ക്കുവാൻ ആർക്കാണു കഴിയുക.

സ ത്രാതാരമനാസാദ്യ ബാലസ്ത്യജതി ജീവിതം
ഗോധാ ലാംഗൂലബദ്ധേവ കൃഷ്യമാണാ ബലീയസാ

സഃ ബാലഃ (ആ വിഡ്ഢി) ത്രാതാരം അനാസാദ്യ (രക്ഷിയ്ക്കുവാൻ കഴിയുന്നവനെ കിട്ടാതെ) ബലീയസാ ആകൃഷ്യമാണാ ലാംഗൂലബദ്ധാ ഗോധാ ഇവ ജീവിതം ത്യജതി (ബലമേറിയവനാൽ വലിയ്ക്കപ്പെടുന്ന വാലിൽ കെട്ടപ്പെട്ട ഉടുമ്പ് എന്നപോലെ ജീവിതത്തെ ഉപേക്ഷിയ്ക്കുന്നു.)

ഉടുമ്പിന്റെ ശക്തി മുഴുവൻ അതിന്റെ വാലിൽ ആകുന്നു. വാലിൽ മുറുക്കിക്കെട്ടി, ശക്തിയുള്ളവൻ വലിയ്ക്കുമ്പോൾ, അതു പെട്ടെന്നു തന്നെ ചത്തുപോകുന്നു. എത്ര തന്നെ പിടഞ്ഞാലും കുടഞ്ഞാലും ഉടുമ്പിന്നു രക്ഷപ്പെടുവാൻ കഴിയുന്നില്ല. അത്തരമവസ്ഥയിൽ എത്തിയ രോഗിയും എന്തെല്ലാം എങ്ങനെയെല്ലാം പരിശ്രമിച്ചു നോക്കിയാലും രക്ഷപ്പെടുന്നില്ല.

തസ്മാത് പ്രാഗേവ രോഗേഭ്യോ രോഗേഷു തരുണേഷു വാ
ഭേഷജൈഃ പ്രതികുർവ്വീത യ ഇച്ഛേത്സുഖമാത്മനഃ

തസ്മാത് (അതുകൊണ്ട്) യഃ ആത്മനഃ സുഖം ഇച്ഛേൽ (യാതൊരുവൻ തന്റെ സുഖത്തെ ആഗ്രഹിക്കുന്നുവോ) സഃ രോഗേഷു തരുണേഷു ച (രോഗങ്ങൾക്കു മൂപ്പെത്തുന്നതിന്നു മുമ്പുതന്നെയോ) ഭേഷജൈഃ പ്രതികുർവീത ( ഔഷധങ്ങൾകൊണ്ടു പ്രതികാരം ചെയ്യേണ്ടതാകുന്നു)

രോഗം ബാധിയ്ക്കാൻ ഇടവരുത്തരുത്. സാമാന്യമായി സ്വസ്ഥവൃത്തവിധികളെ അനുസരിച്ചും വിശേഷിച്ചും അതാതു രോഗത്തിന്റെ സാഹചര്യത്തിൽ, മുൻകരുതലുകൾ സ്വീകരിച്ചും രോഗം ബാധിയ്ക്കാതെ ശ്രദ്ധിയ്ക്കാം. രോഗം ബാധിയ്ക്കാൻ ഇടവന്നാൽത്തന്നെ മൂക്കാതെ തക്ക ചികിത്സചെയ്തു നേരത്തെത്തന്നെ ശമിപ്പിക്കാം. ആരോഗ്യരക്ഷയ്ക്കുള്ള ഉപായം അതാകുന്നു.

* മാനേജിങ്ങ് ട്രസ്റ്റി
വി.കെ.ആർ.ടി. ഫൗണ്ടേഷൻ, ചാലക്കുടി



## Best compliments from....

# S.D. PHARMACY

**PALACE ROAD, P.B. NO. 4204**

Alappuzha - 688 011, India

**Over 60 years of Tradition**

"**Esteem Services**" has been supplying conventional equipments like Wooden Pathi, Shalakha etc. as well as improved, more contemporary products like Steam Bath System, Adjustable Tables, Mechanized Dhara & Pizhichil systems etc.

Continuous R & D work is going on here to improve the existing systems and design new products which will bring down the manpower required for these treatments and at the same time, increase the effectiveness of the Panchakarma Treatments.



Equipments For Panchakarma Treatment

* **Dharapathi (Wood & FRP) with adjustable Table**
* **Steam bath system (Sitting & Lying)**
* **Dhara stand with vessel**
* **Electrical & Gas boilers for steam bath**
* **Vasti Yanthram (Bronze / Plastic)**
* **Awagaha Tub**
* **Spine Bath**
* **Shalakha**
* **Pizhichil / Sarvanga Dhara Machine**



# ESTEEM SERVICES

III/131, Sidco Mohan Complex, P.O.Peringandoor,
Athani, Thrissur-680 581, Kerala.

Phone & Fax : (O) 0487-201216, 201365
http://www.ayurvedaequipments.com
e-mail : fgt91@zyberway.com, info@ayurvedaequipments.com

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI NO : KERMAL 10686/11/1/2002-TC

Curing body,
the way
mind desires...

ISO 9001 Registered
KPMG Quality Registrar
The Quality Advantage

TREATMENTS FOR

ORTHOPAEDIC
RHEUMATIC
NEUROLOGICAL &
SPORTS INJURIES

SREERANGOM™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
(ISO 9001 Registered)

ശ്രീരംഗം സി.വി.എൻ. കളരി ചികിത്സാകേന്ദ്രം
ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ–686 540
ഫോൺ : 486114, 486115 (Hosp.), 485214 (Fax)
E-mail : sreerangom@satyam.net.in

www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല

EXUM KTM